# സത്യദൂതൻ

2019 സെപ്തംബർ | ലക്കം 09

വില ₹ 30



## അനാവരണം ചെയ്യപ്പെടുന്ന അദൃശ്യലോകം

## കൊലയാളികൾ പതിയിരിക്കുന്ന ആകാശം

# Jalsa Salana United Kingdom 2019




















The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2019 സെപ്തംബർ
ഹി.ശ.1399 - തബൂഖ്
1441 മുഹറം - സഫർ
പുസ്തകം 91 ലക്കം 9
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**തിരുനബി(സ) യുടെ ഉൽകൃഷ്ടതകൾ സ്വാംശീകരിക്കുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ആഗസ്റ്റ് 25ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

**12**
**ഹഖീഖത്തുൽ വഹ്യ് (വെളിപാടിന്റെ തത്ത്വരഹസ്യം) - 2**
ഹദ്റത്ത് അഹ്മദ് (അ)

**15**
**അനാവരണം ചെയ്യപ്പെടുന്ന അദൃശ്യലോകം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**19**
**യേശുവിന്റെ ഇന്ത്യൻ പ്രേഷിത യാത്രകൾ**
പ്രൊ. അമതുർ റസ്സാഖ്, യു.കെ

**24**
**ഇബ്നു അറബി - സൂഫിയും പണ്ഡിതനും (1165-1240)**
സക്കരിയ്യാ വിർക്ക്, കാനഡ

**31**
**നിരക്ഷരനായ പ്രവാചകൻ**
മുഹമ്മദ് ഉമർ, കോഴിക്കോട്

**35**
**യാക്കോബ് (ജെയിംസ്): യേശുവിന്റെ അർദ്ധ സഹോദരൻ**

**36**
കുറിപ്പുകൾ
**കൊലയാളികൾ പതിയിരിക്കുന്ന ആകാശം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018



ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ:** 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമ്മം ചെയ്യുന്നതിലോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പ് ഉണ്ടാക്കുന്നതിൽ കൂടിയാലോചന ചെയ്യുന്നവരുടേ തൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ചു കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)





## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്ന് അകന്ന് പോകും. എന്നിട്ട് അജ്ഞതയും കുഴപ്പവും പ്രത്യക്ഷപ്പെടും. ഹറജ് വർദ്ധിക്കും. അപ്പോൾ അനുചരർ ചോദിച്ചു: എന്താണ് ഹറജ്? നബിതിരുമേനി (സ) കൈകൊണ്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അതുകണ്ടപ്പോൾ തിരുമേനി(സ) കൊലയെയാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

ഐക്യം അഥവാ മൈത്രി ഏറ്റവും അമൂല്യമാണ്. മറ്റ് യാതൊരു മാർഗ്ഗേണയും ദുരീകരിക്കാൻ കഴിയാത്ത വിപത്തുകളേയും മറ്റേത് ഉപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നതാണ് എന്നത് ആർക്കും ഗോപ്യമായ സംഗതിയല്ല. അതുകൊണ്ട് ഐക്യത്തിന്റെ അനുഗൃഹീത ഫലങ്ങളിൽ നിന്ന് നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വക മായിരിക്കില്ല. (മൈത്രീ സന്ദേശം.)




എഡിറ്റോറിയൽ

# കൂടിയാലോചനയുടെ അനുഗ്രഹങ്ങൾ

ജനാധിപത്യം എന്നത് അനുരഞ്ജനത്തിന്റേയും പൊരുത്തപ്പെടലിന്റേയും രാഷ്ട്രീയ മാർഗ്ഗമാണ്. ഒരു ഭരണ രീതി എന്നതിലുപരി ആധുനിക മനുഷ്യന്റെ ഭൗതിക സാമൂഹിക -രാഷ്ട്രീയ മണ്ഡലത്തെ സംബന്ധിച്ച ഒരു ജീവിതവീക്ഷണവും ധാർമിക നിലപാടുമാണ് ജനാധിപത്യം. നിരവധി ചരിത്രാനുഭവങ്ങളിലൂടെ മനുഷ്യ സമൂഹം ആർജ്ജിച്ചെടുത്ത ജനാധിപത്യ ക്രമത്തിൽ ഇസ്‌ലാമിക മൂല്യങ്ങളുടെ പ്രതിഫലനവും കാണാം. കൂടിയാലോചനയാണ് ജനാധിപത്യ ക്രമത്തിന്റെ മുഖമുദ്ര. വിരുദ്ധ വീക്ഷണങ്ങളുടേയും അഭിപ്രായ വ്യത്യാസങ്ങളേയും സമന്വയിപ്പിക്കാൻ ജനാധിപത്യത്തിന്റെ ഓരോ ചുവടുവെപ്പിലും വേദികളും സംവിധാനങ്ങളുമുണ്ട്. ചർച്ചകളിലൂടെയും കൂടിയാലോചനകളിലൂടെയും സക്രിയ സംവാദങ്ങളിലൂടെയും വിട്ടുവീഴ്ച്ചയിലൂടെയും സംഘർഷരഹിതമായി അഭിപ്രായ സമന്വയത്തിലെത്താൻ ജനാധിപത്യത്തിൽ സാധിക്കുന്നു. വിശുദ്ധ ഖുർആന്റെ ഒരു സുവർണ്ണതത്വമാണ് ഇവിടെ സാക്ഷാത്ക്കരിക്കപ്പെടുന്നത്. **'തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം അവർക്ക് നൽകിയതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരും (വി. ഖുർആൻ 42: 32) അതിനാൽ അവർക്ക് നീ പൊറുത്തുകൊടുക്കുകയും അവർക്കായി പാപമോചനത്തിനായി പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക.' (വി. ഖുർആൻ 3:160)**

ജനങ്ങളുടെ ക്ഷേമത്തിന് വിരുദ്ധമായി നിൽക്കുന്ന ഗവൺമെന്റുകളെ തിരഞ്ഞെടുപ്പിലൂടെ മാറ്റാനുള്ള അവസരവും പൗരന്മാർക്ക് ജനാധിപത്യം ഉറപ്പ് നൽകുന്നു. പരാതികളും തർക്കങ്ങളും നീതിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കാനുള്ള സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ ജനാധിപത്യ ഭരണ സമ്പ്രദായത്തിന്റെ അവിഭാജ്യ ഘടകമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: **'വിശ്വസിച്ചവരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ.'(വി. ഖുർആൻ 5:9)** അതുകൊണ്ട് ജനാധിപത്യ വ്യവസ്ഥയിൽ വിനാശകരമായ പ്രക്ഷോഭങ്ങൾക്ക് സ്ഥാനമില്ല. പ്രക്ഷോഭവും വിപ്ലവവും ബലപ്രയോഗവും പ്രത്യയശാസ്ത്രപരമായ പ്രതിബദ്ധതയാക്കി സ്വീകരിച്ചവരാണ് ജനാധിപത്യ സംസ്ക്കാരത്തെയും രീതിയേയും വികലമാക്കുന്നത്. ജനാധിപത്യം വിയോജിക്കുന്നവർക്ക് കൂടി ആശയ പ്രചരണം അനുവദിക്കുന്നു. കൂടിയാലോചനക്കും അനുരഞ്ജനത്തിനും ശ്രമിക്കുന്നത് കീഴടങ്ങലും ബലഹീനതയുമാണെന്നാണ് അവരുടെ പക്ഷം. ഈ പ്രക്ഷോഭ രാഷ്ട്രീയവും ശക്തിരാഷ്ട്രീയവുമാണ് ലോകം മുഴുവനുമുള്ള മതരാഷ്ട്രീയ കക്ഷികളേയും മതേതര കക്ഷികളേയും സ്വാധീനിക്കുന്നത്. ഒരു പരിധിവരെ പ്രതിഷേധവും പ്രകടനങ്ങളും ജനാധിപത്യത്തിൽ അനുവദനീയമാണ്. പക്ഷേ വിനാശകരമായ പ്രക്ഷോഭം പുരോഗതിയേയും വികസനത്തേയും മുരടിപ്പിക്കുകയും വിഭവങ്ങൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു.

അഭിപ്രായ വിയോജിപ്പുകളെയും വിരുദ്ധ വീക്ഷണങ്ങളേയും സമന്വയിപ്പിക്കാൻ മതം എന്ന നിലക്ക് ഇസ്‌ലാമും ഭരണ സമ്പ്രദായം എന്നനിലക്ക് ജനാധിപത്യ ഭരണകൂടങ്ങളും ഒരുപോലെ കൂടിയാലോചനയെ പ്രോത്സാഹിപ്പിക്കുന്നു. അത് മനുഷ്യന്റെ സാമൂഹിക രാഷ്ട്രീയ ജീവിതത്തെ ക്ഷേമകരമാക്കിത്തീർക്കുന്നു. അത്കൊണ്ട് ഏത് അസഹിഷ്ണുതാ പൂർണ്ണമായ ഭരണക്രമത്തിലും കൂടിയാലോചനയുടെയും അനുരഞ്ജനത്തിന്റേയും വാതിലുകൾ തുറന്നുകിട്ടാൻ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ നിരന്തരം നാം ആരാഞ്ഞു കൊണ്ടിരിക്കണം.



ഹദ്റത്ത് അഹ്മദ് (അ)

# ആത്മീയ വിപ്ലവം ആസന്നം

അല്ലയോ ഉറങ്ങുന്നവരെ! ഉണരുക. അല്ലയോ അശ്രദ്ധരെ! ജാഗരൂഗരാവുക ഒരു മഹത്തായ ആത്മീയ വിപ്ലവത്തിന്റെ കാലം സമാഗതമായിരിക്കുന്നു. ഇത് വിലപിക്കാനുള്ള നേരമാണ്. ഉറങ്ങിക്കിടക്കാനുള്ളതല്ല. (ദൈവസന്നിധിൽ) സങ്കടപ്പെടുവാനുള്ള നേരമാണ്. പരിഹാസവും അവഹേളനവും കുഫ്റ് ഫത്വകളും നടത്തേണ്ട നേരമല്ല. ഈ കാലത്തെ നീക്കുവാനായി ദൈവിക കാരുണ്യം സജ്ജമാക്കിയ ആത്മീയ പ്രകാശത്തെ ദർശിക്കുവാനുള്ള കണ്ണുകൾ അല്ലാഹു നിങ്ങൾക്ക് തരുവാനായി പ്രാർത്ഥിക്കുക. രാത്രിയുടെ അവസാനയാമങ്ങളിൽ എഴുന്നേറ്റു ദൈവസന്നിധിയിൽ കരഞ്ഞുകൊണ്ട് നേർ മാർഗ്ഗത്തിനായി പ്രാർത്ഥിക്കുക. ഈ ആത്മീയ പ്രസ്ഥാനത്തെ നശിപ്പിക്കാനുള്ള ബദ്ദുആ ചെയ്യാതിരിക്കുകയും ഇതിനെതിരെയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാതിരിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങളുടെ ഈ അനാസ്ഥയെയും അശ്രദ്ധയേയും നിങ്ങളുടെ മനസ്സിലും ഹൃദയത്തിലുമുള്ള വിഡ്ഢിത്തങ്ങളെയും നിങ്ങൾക്ക് പ്രത്യക്ഷപ്പെടുത്തി തരുന്നതാണ്. അല്ലാഹു തന്റെ ദാസന്മാരെ സഹായിക്കുന്നതാണ്. അല്ലാഹു സ്വയം നട്ടു വളർത്തിയ ഈ വൃക്ഷത്തെ അവൻ ഒരിക്കലും സ്വയം വെട്ടിക്കളയുകയില്ല. ഒരു ഫലവൃക്ഷത്തെ നട്ടു വളർത്തി അതിന്റെ ഫലത്തെ പ്രതീക്ഷിച്ചിരിക്കുന്ന ഒരാൾക്ക് അതിനെ വെട്ടിമാറ്റിക്കളയാൻ കഴിയുമോ? എന്നാൽ സർവ്വജ്ഞനും എല്ലാം കാണുന്നവനുമായ അല്ലാഹു ഫലം പ്രതീക്ഷിക്കുന്ന ഈ വൃക്ഷത്തെ എങ്ങനെ വെട്ടിമുറിക്കാനാണ്? ഒരു മനുഷ്യനായിക്കൊണ്ട് നിങ്ങൾ ചെയ്യാത്ത ഒരു പ്രവൃത്തി അദൃശ്യജ്ഞാനിയായ (ആലിമുൽ ഗൈബായ) ഹൃദയത്തിന്റെ ഏറ്റവും അടിത്തട്ടുവരെ കാണുന്ന അല്ലാഹു എങ്ങനെയാണ് ചെയ്യുക?

അത്കൊണ്ട് നിങ്ങൾ ഈ യുദ്ധത്തിൽ നിങ്ങളുടെ തന്നെ അവയവങ്ങളെ വെട്ടിമുറിക്കുകയാണ്. നന്നായോർമ്മിച്ചുകൊള്ളുക. നിങ്ങൾ അനാവശ്യമായി അഗ്നിയിൽ കൈയ്യിടരുത്. ഭസ്മമാക്കാനും ഇടയാകുന്നതാണ്...... ഇത് മനുഷ്യനിർമ്മിതമായ ഒരു കാര്യമായിരുന്നുവെങ്കിൽ ഇതിനെ നശിപ്പിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല.? വളരെ പേർ വന്നുവെങ്കിലും അത് ഇന്ന് ഈ നിലയിൽ എത്തിച്ചേർന്നിരിക്കയാണ്. ദൈവം തന്നോട് സംസാരിക്കുന്നുവെന്ന് അവന്റെ പേരിൽ കറ്റുകെട്ടി പറഞ്ഞതിന് ശേഷവും ഒരു നീണ്ടകാലം ജീവിച്ചിരിക്കുന്ന ഏതെങ്കിലും ഒരു വ്യാജവാദിയെ നിങ്ങൾക്ക് കാൺമാൻ സാധിച്ചിട്ടുണ്ടോ?. നിങ്ങൾ ഒന്നും തന്നെ ചിന്തിക്കുന്നില്ല. എത്ര പരിതാപകരം?

വിശുദ്ധ ഖുർആൻ റസൂൽ തിരുമേനി (സ)യോട് നീ അൽപ്പമെങ്കിലും കറ്റുകെട്ടി പറയുകയാണെങ്കിൽ നിന്റെ ജീവനാഡി അറുത്തു കളയുന്നതാണ് എന്ന് പറഞ്ഞ ആയത്തിനെ പറ്റി നിങ്ങൾ എന്തുകൊണ്ട് ഓർക്കുന്നില്ല. അതായത് അല്ലാഹുവിന്റെ പേരിൽ ഇത്രവലിയ കറ്റുകെട്ട് ചെയ്തിട്ടും രക്ഷപ്പെടാൻ നബിതിരുമേനി(സ)യെക്കാളും പ്രിയങ്കരനായിട്ടാരാണ് ഉള്ളത്?

അതുകൊണ്ട് സഹോദരന്മാരെ അഹങ്കാരത്തിൽ നിന്നും മാനസികേച്ഛകളിൽ നിന്നും സ്വയം മോചിതരാവുക. അല്ലാഹുവിന് മാത്രമുള്ള അറിവിന്റെ കാര്യത്തിൽ നിങ്ങൾ പിടിവാദം നടത്തരുത്. നിങ്ങളുടെ ഇത്തരം സ്വഭാവങ്ങളെ പരിത്യജിച്ചു കൊണ്ട് പുതിയ മനുഷ്യരായി തഖ്വയുടെ വഴിയിൽ കാലടിവെക്കുക. എന്നാൽ മാത്രമേ അല്ലാഹുവിന്റെ കാരുണ്യം നിങ്ങൾക്ക് ലഭിക്കുകയുള്ളൂ. നിങ്ങളുടെ പാപങ്ങളെ അവൻ പൊറുത്തു തരികയും ചെയ്യുകയുള്ളു. അത്കൊണ്ട് ഭയപ്പെടുക ഇത്തരം കാര്യങ്ങളിൽ നിന്നും വിരമിക്കുക. നിങ്ങളുടെ ഇടയിൽ നല്ലയാളായിട്ട് ഒരുത്തനുമില്ലേ?

(റുഹാനി ഖസായിൽ വോ 5 പേ 53,54,55)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ആഗസ്റ്റ് 25ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# തിരുനബി(സ) യുടെ ഉൽകൃഷ്ടതകൾ സ്വാംശീകരിക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഇന്ന് നമ്മൾ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ സംഘടിച്ചിരിക്കുകയാണ്. ഈ സംഘാടനം ഭൗതികമായ ഏതെങ്കിലും വ്യവഹാരത്തിന് വേണ്ടിയോ ഐഹികമായ ഉദ്ദേശ്യത്തിനോ അല്ലെന്ന് എല്ലാ അഹ്മദികൾക്കുമറിയാം. മറിച്ച് നമ്മൾ സംഘടിച്ചിരിക്കുന്നത് ഇവിടത്തെ പരിപാടികളിൽ പങ്കെടുത്ത് ഒരു ആത്മീയമായ അന്തരീക്ഷത്തിൽ വ്യാപൃതരായി നമ്മുടെ ആത്മീയതയെ വർധിപ്പി

ക്കുന്നതിനാണ്. നമ്മുടെ വൈജ്ഞാനികമായ അറിവുകൾ വർധിപ്പിക്കുന്നതിനാണ്. നമ്മുടെ വിശ്വാസാദർശപരമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനാണ്. നമ്മുടെ കർമപരമായ അവസ്ഥകളിൽ ഉന്നതി ഉണ്ടാക്കുന്നതിനാണ്. അല്ലാഹുവിനോടുള്ള തഖ്‌വാ സ്വീകരിക്കുന്നതിനാണ്. അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റുന്നതിനാണ്. അതിനാൽ ഈ ജൽസയിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യത്തെ പറ്റി നമുക്ക് സദാ ബോധം ഉണ്ടാവേണ്ടതാണ്.

വിശ്വാസാദർശങ്ങളുടെ സ്വാധീനം കർമങ്ങളിലുമുണ്ടാകുന്നു എന്ന വസ്തുത ഉണർത്തിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"ഇസ്‌ലാമിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനോടൊപ്പം ആരേയും പങ്കാളിയാക്കാതിരിക്കുക എന്നതാണ്. അവന്റെ ഔദാര്യങ്ങൾക്കു പകരമായി അവനെ പൂർണമായും അനുസരിക്കുക. സൃഷ്ടികളുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞ് പൂർണമായും അത് നിറവേറ്റുക എന്നതാണ് രണ്ടാമത്തെ ഭാഗം."അവിടുന്ന് തുടരുന്നു: "ഏതൊരു മനുഷ്യനാണോ സത്യസന്ധവും അന്യൂനവുമായ വിശ്വാസം കൈക്കൊള്ളുകയും അല്ലാഹുവിനോടൊപ്പം ആരേയും പങ്കാളിയാക്കാതിരിക്കുകയും ചെയ്യുന്നത് അവനിൽനിന്ന് സ്വയമേവ സൽകർമങ്ങളായിരിക്കുമുണ്ടാകുന്നത്. ഇക്കാരണത്താലാണ് മുസ്‌ലീംകൾ സത്യസന്ധമായ വിശ്വാസം ഉപേക്ഷിച്ചപ്പോൾ ദജ്ജാൽ തുടങ്ങിയവയെ ദൈവമായി വിശ്വസിക്കാൻ തുടങ്ങിയത്."

വമ്പൻ ഭരണകൂടങ്ങളും ഭൗതികമായ ശക്തികളെ ദൈവമായി വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു. അവരുടെ വലയത്തിൽ വീഴാൻ തുടങ്ങിയിരിക്കുകയാണ്. ഇത് ഈയിടെയായി എല്ലായിടത്തും കണ്ടുവരുന്നുണ്ട്. വ്യക്തികൾ തുടങ്ങി മുസ്‌ലിം ഭരണകൂടങ്ങൾവരെയുള്ളവരുടെ അവസ്ഥ ഇതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "**അൽഖയ്റു കുല്ലുഹു ഫിൽ ഖുർആൻ** എന്ന് അല്ലാഹു എന്നോടു ആവർത്തിച്ചാവർത്തിച്ച് പറയുകയുണ്ടായി. അല്ലാഹു ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നത് അതിന്റെ പാഠമാണ്. എന്താണോ വിശുദ്ധ ഖുർആൻ പറഞ്ഞത് അത് തികച്ചും സത്യമാണ്. എല്ലാ നന്മകളും വിശുദ്ധഖുർആനിൽ അന്വേഷിക്കുക. അല്ലാഹുവിനെ ആരാധിക്കുക. അവനോടുള്ള കടമ നിറവേറ്റുക. മനുഷ്യരോടുള്ള കടമകളും നിറവേറ്റുക."

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:"അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവ് ഉണ്ടാക്കുക എന്നതുതന്നെയാണ് ഈ ജമാഅത്ത് സ്ഥാപിച്ചതിന്റെ ഉദ്ദേശ്യം. ദുആയുടേയും ആരാധനയുടേയും യാഥാർഥ്യത്തെ കുറിച്ച് അറിവുണ്ടാകുക." ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:''പ്രവർത്തനമില്ലാതെ ദുആ മാത്രം ചെയ്യുന്നത് പ്രാഥമികമായി തെറ്റാണ്. ഇപ്രകാരം തന്നെ പ്രവർത്തിച്ചാൽമാത്രംമതിയെന്ന് മനസ്സിലാക്കുന്ന രണ്ടാമനും മുൽഹദ് അഥവാ നാസ്തികനാണ്. ദുആയും പ്രവർത്തനവും കൂട്ടിച്ചേർത്തു കൊണ്ടുപോകുന്നതാണ് ഇസ്‌ലാം."

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:"പാപത്തിൽനിന്നും അശ്രദ്ധയിൽനിന്നും രക്ഷപ്പെടുന്നതിന് എത്രത്തോളം പ്രവർത്തനം ആവശ്യമാണോ അത്രത്തോളം പ്രവർത്തിക്കുക. എത്രത്തോളം ദുആ ആവശ്യമാണോ അത്രത്തോളം ദുആ ചെയ്യുക. ഇതുകൊണ്ടാണ് വിശുദ്ധ ഖുർആനിന്റെ ആദ്യ അധ്യായമായ സൂറ ഫാതിഹായിൽത്തന്നെ ഈ രണ്ടുകാര്യങ്ങളേയും മുന്നിൽവച്ചുകൊണ്ട് പറഞ്ഞിട്ടുള്ളത്. സത്യവിശ്വാസി **ഇയ്യാക്ക നഅ്ബുദു** എന്നു പറയുമ്പോൾ അതായത് ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നുവെന്ന് പറയുമ്പോൾ ഉടനെ അല്ലാഹുവിന്റെ ഫള്‌ലും കറമും(കൃപയും ദയയും) കൂടാതെ അവനെ ആരാധിക്കാൻ തക്കവണ്ണം താൻ എന്തു വസ്തുവാണെന്നുള്ള ചിന്ത അവന്റെ മനസ്സിൽ ഉണ്ടാകുന്നത്. അതുകൊണ്ട് അവൻ ഉടനെ പറയുന്നു, **ഇയ്യാക്ക നസ്തഈൻ**. സഹായവും നിന്നിൽനിന്നുതന്നെ ആഗ്രഹിക്കുന്നു. ഇത് ഒരു അതിസൂക്ഷ്മമായ **മസഅല** യാണ്. ഇതിനെ ഇസ്‌ലാമല്ലാതെ മറ്റൊരു മതവും മനസ്സിലാക്കിയിട്ടില്ല. എന്നാൽ, ഇക്കാലത്തെ ജനങ്ങളുടെ അവസ്ഥയെന്താണെന്നാൽ അവർ പ്രവർത്തനങ്ങൾ നടത്താറുണ്ട് പക്ഷേ, പ്രാർഥനയിൽ അശ്രദ്ധരാകുന്നതായിട്ടാണ് കാണുന്നത്. **ഭൗതികപൂജ** എത്രമാത്രം വർധിക്കുന്നുവെന്നാൽ ഭൗതികമായ മാർഗങ്ങളെത്തന്നെ ദൈവമാക്കിയിരിക്കുകയാണ്. പ്രാർഥനയെ പരിഹസിക്കുന്നു. അതിനെ ഒരു പാഴ്‌വേലയായി നിശ്ചയിച്ചിരിക്കുന്നു. ഈ എല്ലാ സ്വാധീനവും യൂറോപ്യൻ അനുകരണം കൊണ്ടുണ്ടായതാണ്. ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരവിഷമാണിത്. എന്നാൽ, ഈ വിഷത്തെ അകറ്റാൻ അല്ലാഹു ഇച്ഛിക്കുന്നു. അങ്ങനെ ഈ ജമാഅത്തിനെ അവൻ ഇതിനായി സ്ഥാപിച്ചു."

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:''എല്ലാവരും ഓർത്തുകൊള്ളുക! ആചാരപരമായ നിലയിൽ ബയ്അത്തിൽ പ്രവേശിക്കുന്നതോ എന്നെ ഇമാമെന്ന് മനസ്സിലാക്കുന്നതോ മാത്രം ഒരിക്കലും മോക്ഷത്തിന് മതിയായതല്ല. കാരണം അല്ലാഹു മനസ്സുകളെയാണ് നോക്കുന്നത്. പറയുന്ന കാര്യങ്ങൾ മാത്രം അവൻ നോക്കാറില്ല. മോക്ഷത്തിന് അല്ലാഹു ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളത് നിർബന്ധമാണ്. അതെന്താണെന്നാൽ, ഒന്നാമതായി സത്യഹൃദയത്തോടുകൂടി അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുക. നബി(സ)തിരുമേനിയെ സത്യവാനായ നബിയായി ദൃഢമായും വിശ്വസിക്കുകയും വിശുദ്ധ ഖുർആനെ അല്ലാഹുവിന്റെ ഗ്രന്ഥമായി മനസ്സിലാക്കു

കയും ചെയ്യുക. അത് എങ്ങനെയുള്ള ഗ്രന്ഥമാണെന്നുവച്ചാൽ ഖിയാമത്തുനാൾവരെ ഇനി മറ്റൊരു ഗ്രന്ഥമോ ശരീഅത്തോ വരികയില്ല.”

ഹദ്റത്ത് മസീഹ് മൗഊദ് (അ) വന്ന് പുതിയൊരു ജമാഅത്ത് രൂപീകരിക്കേണ്ട ആവശ്യമെന്താണെന്ന് പറഞ്ഞ് ധാരാളമാളുകൾ ആക്ഷേപമുന്നയിക്കാറുണ്ട്. പറയുന്നു: ‘‘കാരണം ഈമാനികാവസ്ഥ ബലഹീനമായി ബലഹീനമായി എത്രത്തോളമെത്തിയെന്നാൽ, ഈമാനികശക്തി തികച്ചും ഇല്ലാതായി പോയിരിക്കുന്നു. യഥാർഥ ഈമാനിന്റെ ആത്മാവ് ഊതാൻ അല്ലാഹു ആഗ്രഹിക്കുന്നു. അത് ഈ ജമാഅത്തുമുഖേനയാണ് അവൻ ആഗ്രഹിച്ചിട്ടുള്ളത്. ഈ രീതിയിൽ അവരുടെ ആക്ഷേപം അനുചിതവും നിരർഥവുമാണ്. അതുകൊണ്ട് ഓർമിക്കുക, അത്തരം ദുർബോധനം ഒരിക്കലും ആരുടേയും മനസ്സിൽ വരരുത്. പൂർണമായ ആലോചനയോടും ചിന്തയോടുംകൂടി പ്രവർത്തിക്കുകയാണെങ്കിൽ ഈ ദുർബോധനം വരികതന്നെയില്ല. നാം യഥാർഥമായ സമാധാനം ഉണ്ടാക്കാനാഗ്രഹിക്കുന്നു. അത് മനുഷ്യനെ പാപത്തിന്റെ മരണത്തിൽനിന്ന് രക്ഷിക്കുന്നതാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൊണ്ടുനടക്കുന്ന പീർമാരിൽ ഇക്കാര്യങ്ങളില്ല. അവരുടെ ദൃഷ്ടി ബാഹ്യത്തിലാണ്. യാഥാർഥ്യത്തിലല്ല. അവരുടെ കൈയിലുള്ളത് പുറന്തോടാണ്. അതിൽ കാമ്പില്ല.”

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവിന്റെ ഉദ്ദേശ്യം അല്ലാഹുവുമായുള്ള യഥാർഥബന്ധം ഉണ്ടാക്കിത്തരിക എന്നതാകുമ്പോൾ, നബി(സ)തിരുമേനിയുടെ മഹത്വത്തിന്റെ തിരിച്ചറിവ് ഉണ്ടാക്കിത്തരിക എന്നതാകുമ്പോൾ, വിശുദ്ധ ഖുർആനിന്റെ ഭരണം നമ്മുടെമേൽ നടപ്പിൽവരുത്തുക എന്നതാകുമ്പോൾ ആ മഹാത്മാവിനെ വിശ്വസിക്കുന്ന നമ്മൾ നമ്മുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥകളുടെ പരിഷ്കരണവും അതനുസരിച്ച് നടത്തേണ്ടതാണ്. പിന്നീട് നമ്മുടെ ബയ്അത്ത് യഥാർഥമായ വർണം ചാർത്തുന്നതാണോ അതല്ല വെറും അധരചലനം മാത്രമാണോ എന്നും നോക്കേണ്ടതായിവരും. നമ്മുടെ ആരാധനകൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കിക്കൊണ്ടു അവനുള്ളത് മാത്രമാണോ? ധാരാളം അഹ്മദികളിൽ അഞ്ചു നേര നമസ്കാരം അനുഷ്ഠിക്കാത്തവരുമുണ്ട്. കൂടിക്കാഴ്ച നടത്തുമ്പോൾ തങ്ങളും നമസ്കാരം അനുഷ്ഠിക്കുന്നവരാകാൻ ദുആ ചെയ്യുക എന്ന് പറയാറുമുണ്ട്. ഇതൊരു അടിസ്ഥാനപരമായ കാര്യമാണ്. എല്ലാ അഹ്മദികളുടേയും നിർബന്ധ കടമയാണ്. എല്ലാ മുഅ്മിന്റേയും നിർബന്ധ കടമയാണ്. എല്ലാ മുസ്ലീംകളുടേയും നിർബന്ധ കടമയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തതിനുശേഷം താല്പര്യത്തോടുകൂടി, അഭിവാഞ്ഛയോടുകൂടി നമസ്കാരം അനുഷ്ഠിക്കേണ്ടതാണ്. നമസ്കാരങ്ങൾ അഞ്ചു നേരം നമസ്കരിക്കാതിരിക്കലല്ല. തങ്ങൾക്ക് നമസ്കരിക്കാൻ കഴിയുന്നതിന് ദുആചെയ്യുകയെന്ന്. നമസ്കരിക്കുന്നില്ലെന്ന് സ്വയം ബോധ്യമായ സ്ഥിതിക്ക് എന്തെങ്കിലും ഉപായം നോക്കേണ്ടതായിവരും. സ്വയം പരിശ്രമിക്കേണ്ടതായിവരും. എന്തുകൊണ്ട് സ്വയം പരിശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നില്ല? **ഇയ്യാക്ക നഅ്ബുദു ഇയ്യാക്ക നസ്തഈൻ** എന്നു പറയുമ്പോൾ കേവലം വായകൊണ്ടു പറയുന്നതിനു പകരം ആ വാക്കുകളെ മനസ്സിന്റെ അടിത്തട്ടിൽ ആവർത്തിച്ചുകൊണ്ട് അതനുസരിച്ചു എന്തുകൊണ്ട് പ്രവർത്തിക്കുന്നില്ല? നബി(സ)തിരുമേനിയെ സത്യവാനായ നബിയായി വിശ്വസിച്ച സ്ഥിതിക്ക് അവിടത്തെ എല്ലാ കർമവും നമുക്ക് സൽമാതൃകയാണ്. ആരാധനകളോടൊപ്പം അവിടത്തെ ഉൽകൃഷ്ട സ്വഭാവങ്ങളും മാതൃകയാണ്. സാമൂഹികമായ ബന്ധങ്ങളുണ്ട്. നമുക്കുവേണ്ടി ഭാര്യമാരോടു ഉൽകൃഷ്ടമായ സ്വഭാവമാതൃക അവിടന്ന് സമർപിച്ചു. പക്ഷേ, ധാരാളമാളുകൾ വീടുകളിൽ ഫസാദുകളുണ്ടാക്കുന്നവരാണ്. സ്ത്രീകളുടെ വികാരങ്ങളെ ശ്രദ്ധിക്കണമെന്ന് അവിടന്ന് നമ്മെ പഠിപ്പിച്ചു. കുട്ടികളോടു വാത്സല്യത്തോടു പെരുമാറേണ്ടത് നബി(സ) തിരുമേനി നമ്മെ പഠിപ്പിച്ചു. മറ്റുള്ളവരുടെ പൊതുവായ വികാരങ്ങൾ ശ്രദ്ധിക്കണമെന്ന് നബി(സ)തിരുമേനി നമ്മെ പഠിപ്പിച്ചു. കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെടാൻ അവിടന്ന് നമ്മെ ഉപദേശിക്കുകയും തന്റെ കർമങ്ങൾകൊണ്ടു കാണിക്കുകയും ചെയ്തു. വിശ്വസിച്ചേല്പിച്ചതിൽ വഞ്ചന കാണിക്കരുത്. അതിനെ സംബന്ധിച്ച് കഠിനമായ ഉപദേശമാണ് ഇസ്ലാമികാധ്യാപനങ്ങളിലുള്ളത്. അത് അവിടന്ന് നമുക്ക് ചെയ്തു കാണിച്ചുതന്നു. ഏതുപരിതഃസ്ഥിതിയിലും വിനയവും എളിമയും കാണിക്കണം. സത്യസന്ധതയുടെ ഉന്നതമായ നിലവാരം സ്ഥാപിക്കണം. നബി(സ)തിരുമേനിയിൽ കാണാത്തതായ ഏത് ഉൽകൃഷ്ടമായ സ്വഭാവഗുണമാണുള്ളത്? നമ്മൾ യഥാർഥത്തിൽ നബി(സ)തിരുമേനിയെ സത്യവാനായി വിശ്വസിക്കുന്നുവെങ്കിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അവിടത്തെ ദാസത്വത്തിൽ അയക്കപ്പെട്ട കാലത്തിന്റെ ഇമാമായി വിശ്വസിക്കുന്നുവെങ്കിൽ നമ്മുടെ കർമങ്ങളേയും നമ്മുടെ ആരാധനകളുടെ നിലവാരങ്ങളേയും നമുക്ക് ഉയർത്തേണ്ടതായി വരും. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ കണ്ട്, അതിന്റെ വിധിവിലക്കുകൾ കണ്ട് ഏതേതെല്ലാം സൽകർമങ്ങളാണ് നമ്മൾ ചെയ്യുന്നതെന്നും ഏതാണ് ചെയ്യാത്തതെന്നും നമ്മൾ പരിശോധിക്കേണ്ടതായിവരും. ഏതേതെല്ലാം തിന്മകളാണ് നമ്മൾ ഉപേക്ഷിച്ചുകൊണ്ടിരിക്കുന്നത്? ഏതാണ് നമ്മൾ ഉപേക്ഷിക്കാത്തത്? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനത്തേയും

വാദത്തേയും ശരിയായനിലയിൽ തിരിച്ചറിയേണ്ട ആവശ്യമുണ്ട്.

ഇക്കാലഘട്ടം, അത് ദുൻയാവിനെ അല്ലാഹുവിൽനിന്ന് ദൂരത്ത് കൊണ്ടുപോയി പുരോഗതിയുടെ പേരു പറഞ്ഞ് നിത്യവും, പുലരുന്ന ഓരോ ദിവസവും അകറ്റിക്കൊണ്ടു പോകുന്നതിനുവേണ്ടി ഒരു പുതിയ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ നേരത്ത് തങ്ങളുടെ അല്ലാഹുവുമായിട്ടുള്ള ബന്ധവും അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവും കരസ്ഥമാക്കാൻ ശ്രമിക്കേണ്ടത് അഹ്മദിയുടെ ജോലിയാണ്. ഉദിച്ചുയരുന്ന ഓരോ ദിവസവും ദൈവജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുന്നതായിരിക്കണം. നബി(സ)തിരുമേനിയോടുള്ള അനുരക്തിയും സ്നേഹവും കേവലം നാവുകൊണ്ടുള്ള വാദമായിരിക്കരുത്. അത് മുദ്രാവാക്യത്തിൽമാത്രം ഒതുങ്ങരുത്. മറിച്ച് ആ സ്നേഹത്തിന്റേയും അനുരക്തിയുടേയും പ്രകടനം അവിടത്തെ പരിപാവനമായ മാതൃകയെ സ്വായത്തമാക്കിക്കൊണ്ടാകണം. അവിടത്തെ നാമത്തിൽ മുദ്രാവാക്യം വിളിക്കുകയും അതിനുശേഷം അവിടത്തെ പേരിൽ അക്രമം ചെയ്യുകയും ചെയ്യുന്നവരാകരുത്. ഇക്കാലത്തെ മുസ്ലീംകളുടെ അവസ്ഥ ഇതാണ്. ഒരുപാട് സംഘടനകൾ രൂപീകൃതമായിട്ടുണ്ട്. ഭരണകൂടങ്ങളും സംഘടനകളും ഇസ്ലാമിന്റേയും നബി(സ)തിരുമേനിയുടേയും പേരിലാണ് അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്. മുഴുകാലത്തേക്കും കാരുണ്യമായി വന്ന ആ റഹ്മത്തുല്ലിൽ ആലമീനെ അവർ തങ്ങളുടെ ചെയ്തികൾകൊണ്ട് അക്രമത്തിന് കുറിമാനമാക്കിയിരിക്കുന്നു. അവരുടെ ശ്രമങ്ങൾ വിജയിക്കുകയില്ലെങ്കിലും! കാരണം ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നിരിക്കുന്നു. ഇസ്ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കാൻ നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു.

അതുകൊണ്ട് നമ്മൾ ഈ യഥാർഥ ചിത്രം അവതരിപ്പിക്കുന്നതിന് അവിടത്തെ എല്ലാ ജീവിതമാതൃകയേയും സ്വായത്തമാക്കാൻ ശ്രമിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ ഭരണം നമ്മുടെമേൽ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ എല്ലാ കർമങ്ങളും എപ്പോഴും സൽകർമങ്ങളായിരിക്കാനുള്ള ശ്രമത്തിലായിരിക്കണം. ശയ്ത്വാനിൽനിന്ന് അകന്നിരിക്കാനും റഹ്മാനോടു അടുത്തിരിക്കാനും ഓരോ നിമിഷവും ശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ അന്യരും നമസ്കരിക്കാറുണ്ട്. പക്ഷേ, അധികവും അവരുടെ നമസ്കാരങ്ങൾ അർശിൽപോകാതെ ഭൂമിയിൽത്തന്നെ ഇരുന്നുപോകുന്നു. അർശിലെ അല്ലാഹുവിന് ആ നമസ്കാരങ്ങളെകൊണ്ടു ഒരു ഉദ്ദേശ്യവുമില്ല. കാരണം അതിൽ ആത്മാർഥതയില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"അല്ലാഹുവിനോട് സത്യസന്ധവും പരിശുദ്ധവുമായ ബന്ധമുണ്ടാകുമ്പോഴാണ് നമസ്കാരം യഥാർഥനമസ്കാരം എന്ന് പറയപ്പെടുന്നത്. അല്ലാഹുവിന്റെ വഴിയിൽ ജീവൻവരെ നല്കാനും മരിക്കാനും തയ്യാറാകുംവണ്ണം ദീനിനെ ദുൻയാവിനുമേൽ മുന്തിച്ചുകൊണ്ട് അവന്റെ സംപ്രീതിയിലും അനുസരണത്തിലും അലിഞ്ഞുചേരുക. ഈ അവസ്ഥ മനുഷ്യനിലുണ്ടാകുമ്പോൾ അവന്റെ നമസ്കാരം, നമസ്കാരമാണെന്ന് പറയപ്പെടുന്നതാണ്. എന്നാൽ, ഈ യാഥാർഥ്യം മനുഷ്യന്റെ ഉള്ളിൽ ഉണ്ടാകാത്തിടത്തോളം സത്യസന്ധമായ ആത്മാർഥതയുടേയും കൂറിന്റേയും മാതൃക കാണിക്കാത്തിടത്തോളം അവന്റെ നമസ്കാരങ്ങളും മറ്റു കർമങ്ങളും നിഷ്ഫലമാണ്."

യഥാർഥമായ നന്മ എന്താണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "തഖ്‌വായുടെ അർഥം തിന്മയുടെ അതിസൂക്ഷ്മമായ വഴികളിൽനിന്ന് മാറിനിലക്കുക എന്നാണ്. എന്നാൽ, ഓർമിക്കുക! താൻ ആരുടേയും ധനം അപഹരിച്ചിട്ടില്ല, കൊള്ളയടിച്ചിട്ടില്ല, മോഷ്ടിച്ചിട്ടില്ല, ദുർന്നോട്ടം നടത്തിയിട്ടില്ല, വ്യഭിചരിച്ചിട്ടില്ല അതുകൊണ്ട് താൻ നല്ലവനാണെന്ന് ഒരാൾ പറയുന്നതുകൊണ്ടുമാത്രം നല്ലവനാകുകയില്ല." പറയുന്നു: "അത്തരം നന്മ ദൈവജ്ഞാനികളുടെ പക്കൽ പരിഹാസാർഹമാണ്. കാരണം അവൻ ആ തിന്മകൾ ചെയ്യുകയാണെങ്കിൽ, മോഷണവും കൊള്ളയും നടത്തുകയാണെങ്കിൽ അവന് ശിക്ഷ കിട്ടുന്നതാണ്. അതുകൊണ്ട് ഇത് ദൈവജ്ഞാനിയുടെ പക്കൽ മൂല്യാർഹമായ നന്മയൊന്നുമല്ല. പ്രത്യുത അസലും യഥാർഥവുമായ നന്മ മനുഷ്യകുലത്തിന് നന്മ ചെയ്യുക എന്നതാണ്. അല്ലാഹുവിന്റെ വഴിയിൽ തികഞ്ഞ സത്യസന്ധതയും കൂറും കാണിക്കുകയും അവന്റെ വഴിയിൽ ജീവൻവരെ വെടിയാൻ തയ്യാറാകുകയും ചെയ്യുക എന്നതാണ്. അതുകൊണ്ടാണ് ഇവിടെ പറഞ്ഞത് **ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂൻ** തിന്മയിൽനിന്ന് വിട്ടു നില്ക്കുകയും അതിനോടൊപ്പം നന്മകൾ ചെയ്യുകയും ചെയ്യുന്നവരുടെ കൂടെയാണ് അല്ലാഹു. നന്മകൾ ഒപ്പം ചെയ്യുന്നതുവരെ കേവലം തിന്മയിൽനിന്ന് വിട്ടുനില്ക്കുക എന്നത് വിശേഷഗുണമല്ലെന്നകാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക."

വളരെ വലിയ വലിയ തിന്മകളിൽ ഒരു തിന്മയും പാപവുമാണ് കളവ്. ഇതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"ഞാൻ ചിന്തിച്ചു. വിശുദ്ധ ഖുർആനിൽ ആയിരക്കണക്കിന് കല്പനയുണ്ട്. അത് പാലിക്കപ്പെടുന്നില്ല. നിസാര കാര്യങ്ങളിൽപോലും വിരുദ്ധം പ്രവർത്തിക്കുന്നു. എത്രത്തോളമെന്നാൽ ചില കളവുകൾ കച്ചവടക്കാർ പറയുന്നു. ചില നന്മകളുള്ളവർ കളവു പറയുന്നു. വാസ്തവത്തിൽ അല്ലാഹു അതിനെ 'രിജ്സ്'നോടൊപ്പമാണ് വെച്ചിട്ടുള്ളത്. നിറം പിടിപ്പിച്ച് കാര്യങ്ങൾ വിവരിക്കുന്നതിൽനിന്ന് പിന്മാറാത്ത ഒരു

പാടാളുകളെ കാണാവുന്നതാണ്. അതിനെ ആരും പാപമായി മനസ്സിലാക്കുന്നതേയില്ല. ചിരിക്കാനും കളവു പറയുന്നു. കളവിന്റെ എല്ലാ വകുപ്പുകളിൽനിന്നും വിട്ടുനിൽക്കാത്തിടത്തോളം മനുഷ്യൻ **സിദ്ദീഖ്** എന്ന് പറയപ്പെടുകയില്ല."

ഒരു ഉൽകൃഷ്ടമായ സ്വഭാവമാണ് മറ്റുള്ളവരുടെ ദോഷങ്ങൾ മറച്ചുവെക്കുക എന്നത്. അത് ഉൽകൃഷ്ടമായ സ്വഭാവമാണെന്ന് മാത്രമല്ല മറിച്ച് അതുമുഖേന മനുഷ്യൻ ധാരാളം കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും രക്ഷപ്പെടുകയും ചെയ്യുന്നു. ജനങ്ങളേയും രക്ഷിക്കുന്നു. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"ജമാഅത്തിൽ പരസ്പരമുള്ള തർക്കങ്ങൾ ഒരുപാടുള്ളതായി ഞാൻ കാണുന്നു. നിസാരമായ തർക്കങ്ങൾ മുഖേന ഒരാൾ മറ്റൊരാളുടെ അഭിമാനത്തിനുമേൽ ആക്രമണം നടത്താൻ തുടങ്ങുന്നു. അല്ലാഹുവിന്റെ പേരാണ് സത്താർ എന്നത്. ഇവരെന്തുകൊണ്ടാണ് തങ്ങളുടെ സഹോദരങ്ങളുടെമേൽ കരുണ കാണിക്കാത്തത്. മാപ്പുകൊടുത്തും തെറ്റുകൾ മറച്ചുവെച്ചും പ്രവർത്തിക്കാത്തത്? നിങ്ങളുടെ സഹാദരങ്ങളുടെ ദോഷങ്ങൾ മറച്ചുവെക്കുക. അവരുടെ അഭിമാനത്തിന്റേയും അന്തസ്സിന്റേയുംമേൽ ആക്രമണം നടത്താതിരിക്കുക. ഒരു ലഘുകൃതിയിൽ എഴുതിയിരിക്കുന്നത് കണ്ടു; ഒരു രാജാവ് വിശുദ്ധ ഖുർആൻ പകർത്തി എഴുതാറുണ്ടായിരുന്നു. ഈ വചനം തെറ്റായിട്ടാണ് എഴുതിയിട്ടുള്ളതെന്ന് ഒരു മുല്ലാക്ക പറഞ്ഞു. രാജാവ് ഉടനെ അത് നീക്കം ചെയ്യുന്നതിന് അവിടെ ഒരു വൃത്തം വരച്ചു. അദ്ദേഹം പോയപ്പോൾ ആ വൃത്തം രാജാവ് മായിച്ചുകളഞ്ഞു. അങ്ങനെ എന്തിനാണ് ചെയ്തതെന്ന് രാജാവിനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, യഥാർഥത്തിൽ അദ്ദേഹം പറഞ്ഞത് തെറ്റായിരുന്നു. അദ്ദേഹത്തിന് വിഷമം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി അപ്പോൾ ഞാൻ അങ്ങനെ ചെയ്തതാണ്.' പറയുന്നു:"മറ്റുള്ളവരുടെ ദോഷങ്ങൾ തപ്പിപിടിച്ച് പരസ്യപ്പെടുത്തുക എന്നത് വലിയ അഹങ്കാരത്തിന്റെ വേരും രോഗവുമാണ്. അത്തരം കാര്യങ്ങൾകൊണ്ട് ആത്മാവ് മോശമായി പോകുന്നു. അതിൽനിന്ന് വിട്ടുനില്ക്കേണ്ടതാണ്. ചുരുക്കം പറഞ്ഞാൽ ഇതെല്ലാം തഖ്‌വയിൽപ്പെട്ടതാണ്. ആന്തരികവും ബാഹ്യവുമായ കാര്യങ്ങളിൽ തഖ്‌വയോടുകൂടി പ്രവർത്തിക്കുന്നവൻ മലക്കുകളിൽ പ്രവേശിപ്പിക്കപ്പെടുന്നു. കാരണം അവനിൽ പിന്നീട് ഒരു ധിക്കാരവും അവശേഷിക്കുന്നില്ല." "തഖ്‌വ കൈക്കൊള്ളുക. കാരണം തഖ്‌വയ്ക്കുശേഷമാണ് അല്ലാഹുവിന്റെ ബർക്കത്തുകൾ വരുന്നത്. മുത്തഖിയായ മനുഷ്യൻ ഭൗതിക ബലാകളിൽനിന്ന് രക്ഷിക്കപ്പെടുന്നു. അല്ലാഹു അവന്റെ ദോഷങ്ങൾ മറച്ചുവെക്കുന്നവനായി മാറുന്നു." "തങ്ങളുടെ സഹോദരങ്ങളുടെമേൽ അവിശുദ്ധമായ ആരോപണങ്ങൾ ഉന്നയിക്കുക എന്നത് ഒരുപാടാളുകളുടെ ശീലമായിത്തീർന്നിരിക്കുന്നു. അതിൽനിന്ന് വിട്ടുനില്ക്കുക. മനുഷ്യകുലത്തിന് ഗുണം ചെയ്യുക. തങ്ങളുടെ സഹോദരങ്ങളോടു സഹതാപം കാണിക്കുകയും അയൽവാസികളോടു നല്ല രീതിയിൽ പെരുമാറുകയും ചെയ്യുക. തങ്ങളുടെ സഹോദരങ്ങളോടു നല്ല നിലയിൽ സഹവസിക്കുക. ഏറ്റവും ആദ്യം ശിർക്കിൽനിന്ന് രക്ഷപ്പെടുക; ഇത് തഖ്‌വായുടെ ഒന്നാമത്തെ ഇഷ്ടികയാണ്."

തന്റെ സഹോദരന്റെ തെറ്റു കണ്ട് എന്തുമാർഗമാണ് സ്വീകരിക്കേണ്ടത്? അതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:"എനിക്ക് എന്റെ ജമാഅത്തിനെ സംബന്ധിച്ച് വലിയ ദുഃഖമാണുള്ളത്. ഇപ്പോഴും ഇവർ പരസ്പരം നിസാരമായ കാര്യങ്ങളിൽ ദ്വേഷം പിടിക്കുന്നു. പൊതുസഭയിൽ ആരെയെങ്കിലും ഹമുക്കെന്ന് പറയുന്നതും വലിയ തെറ്റാണ്. ഏതെങ്കിലും സഹോദരന്റെ തെറ്റു കാണുകയാണെങ്കിൽ അല്ലാഹു അയാളെ രക്ഷിക്കുന്നതിനുവേണ്ടി ദുആ ചെയ്യുകയാണ് വേണ്ടത്, പരസ്യപ്പെടുത്തുകയല്ല. ആരുടെയെങ്കിലും മകൻ ദുർന്നടപ്പുകാരനാണെങ്കിൽ അവനെ അപ്പോൾ ആരും നഷ്ടപ്പെടുത്തുകയില്ല. മറിച്ച് ഉള്ളിൽ ഒരു മൂലയിൽ ഇത് ചീത്ത പ്രവൃത്തിയാണെന്നും ഇതു ചെയ്യരുതെന്നും പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുന്നു. സ്വന്തം മക്കളോടു അലിവോടും സൗമ്യത്തോടും മയത്തോടും പെരുമാറുന്നതുപോലെ പരസ്പരം സഹോദരങ്ങളോടും പെരുമാറുക. ആരുടെ സ്വഭാവമാണോ നല്ലതല്ലാത്തത് എനിക്ക് അവന്റെ ഈമാനെ സംബന്ധിച്ച് ആശങ്കയുണ്ട്. കാരണം അവനിൽ അഹങ്കാരത്തിന്റെ ഒരു വേരുണ്ട്. അല്ലാഹു തൃപ്തനല്ലെങ്കിൽ അവൻ നാശമടഞ്ഞു."

തൗബ ചെയ്തുകൊണ്ടിരിക്കുക. ഇസ്തിഗ്ഫാർ ചെയ്യുക. ദുആകൊണ്ടു എപ്പോഴും പ്രവൃത്തിച്ചുകൊണ്ടിരിക്കുക. "നമുക്ക് വിജയിക്കാനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മാഹാത്മ്യം മുന്നിൽ വെക്കൽ, അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കലാണ്. നമസ്കാരം ദുആ സ്വീകാര്യതയ്ക്കുള്ള താക്കോലാണ്. നമസ്കരിക്കുമ്പോൾ അതിൽ ദുആ ചെയ്യുക. അലസത കാണിക്കരുത്. എല്ലാ ഓരോ തിന്മയിൽനിന്ന് അത് അല്ലാഹുവിനോടുള്ള കടമയെ സംബന്ധിച്ചാണെങ്കിലും വേണ്ടില്ല സൃഷ്ടികളോടുള്ള കടമയെ സംബന്ധിച്ചാണെങ്കിലുംവേണ്ടില്ല രക്ഷപ്പെട്ടുകൊള്ളുക.

ഈ നിലവാരം കരസ്ഥമാക്കുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്തുകൊണ്ട് അവിടത്തെ നിയോഗോദ്ദേശ്യം മനസ്സിലാക്കുന്നവരും അത് പൂർത്തിയാക്കുന്നതിന് നമ്മുടെ എല്ലാ കഴിവുകളും ശക്തികളും ഉപയോഗിക്കുന്നവരുമാകട്ടെ. ലോകത്തിനും ഇക്കാര്യം പറഞ്ഞുകൊടുക്കുന്നവരാകട്ടെ. (ആമീൻ)

ഭാഗം - 2

# ഹഖീഖത്തുൽ വഹ്‌യ് (വെളിപാടിന്റെ തത്ത്വരഹസ്യം)

വാഗ്ദത്ത മസീഹിന്റെ പൊൻതൂലികയിൽ നിന്ന് വിരചിതമായ ആത്മീയ യാഥാർത്ഥ്യങ്ങളെ പറ്റിയുള്ള ആധികാരികമായ വിവരണം. വിവ: ആരിഫ് മുഹമ്മദ്.

## ഹദ്റത്ത് അഹ്മദ് (അ)

ഞാൻ ഈ ഗ്രന്ഥത്തെ നാല് അധ്യായങ്ങളായി വിഭജിക്കുകയാണ്. ഒന്നാം അധ്യായം, ചില സത്യസ്വപ്നങ്ങളോ സത്യവെളിപാടുകളോ സിദ്ധിക്കുകയും എന്നാൽ അവർക്ക് അല്ലാഹുവുമായി ഒരു ബന്ധവും ഇല്ല. അവരെ കുറിച്ചാണ് വിവരിക്കുന്നത്. രണ്ടാം അധ്യായത്തിൽ, ഏതാനുംസത്യസ്വപ്നങ്ങളോ സത്യവെളിപാടുകളോ സിദ്ധിക്കുകയും അല്ലാഹുവുമായി അൽപ്പമാത്ര ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നവരെക്കുറിച്ചു പ്രതിപാദിക്കുന്നു; പക്ഷേ, ആ ബന്ധം ദൃഢമായ ബന്ധമല്ല. മൂന്നാം അധ്യായത്തിൽ, ദൈവത്തിൽ നിന്ന് സമ്പൂർണവും സംശുദ്ധവുമായ വെളിപാടു ലഭിക്കുന്നവരെക്കുറിച്ചാണ് വിവരിക്കുന്നത്. ദിവ്യസംഭാഷണം സമ്പൂർണമായ നിലയിൽ അവർക്ക് ലഭിക്കുന്നു. പ്രഭാതം പൊട്ടി വിടരുമ്പോലെ അവരുടെ സ്വപ്നങ്ങളും സത്യമായി ഭവിക്കുന്നു. ദൈവത്തിന്റെ വരിഷ്ഠ പ്രവാചകന്മാരുടെയും ദൂതന്മാരുടെയും ബന്ധം പോലെ അവർ സമ്പൂർണവും സംശുദ്ധവുമായ നിലയിൽ ദൈവവുമായി ബന്ധം സ്ഥാപിക്കുന്നു. നാലാം അധ്യായം എന്റെ സ്വന്തം അവസ്ഥയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. അതായത്, ദൈവത്തിന്റെ അനുഗ്രഹവും ഔദാര്യവും എന്നെ ഈ മൂന്നു വിഭാഗത്തിൽ ഏതിലാണ് ഉൾപ്പെടുത്തുന്നത് എന്നതിനെക്കുറിച്ചാണ്. ഇനി ഞാൻ ഈ വിഷയം നാല് അധ്യായങ്ങളിലായി താഴെ വിവരിക്കാം.

അധ്യായം ഒന്ന്, ചില സത്യസ്വപ്നങ്ങളോ സത്യവെളിപാടുകളോ സിദ്ധിക്കുകയും എന്നാൽ അല്ലാഹുവുമായി ഒരു ബന്ധവും ഇല്ലാത്തവരെക്കുറിച്ചുള്ള വിവരണം. ദൈവത്തിന്റെ വരിഷ്ഠ ദാസർക്ക് ലഭിക്കുന്ന വെളിച്ചത്തിൽ നിന്ന് തരിമ്പും പങ്കുകൊള്ളാത്തവരാണവർ. അവരുടെ ദേഹേച്ഛകൾ ദിവ്യവെളിച്ചത്തിൽ നിന്നും എത്രയോ വിദൂരപ്പെട്ടിരിക്കുന്നു. തന്റെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവന്റെ സത്തയിലും ഗുണങ്ങളിലും വിശ്വാസമർപ്പിച്ചു കൊണ്ട് ദൃഢജ്ഞാനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നതിനു വേണ്ടിയാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ദൈവം മനുഷ്യബുദ്ധിയെ രൂപീകരിച്ചിരിക്കുന്നതും ആ വിധത്തിലാണ്. ഒരു ഭാഗത്ത് അതിന് ബുദ്ധിപരമായ കഴിവുകൾ നല്കപ്പെട്ടിരിക്കുന്നു. അവ മുഖേന മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടികളിൽ കണ്ണോടിക്കുകയും ലോകത്തിലെ ഓരോ അണുവിലുമുള്ള ദൈവത്തിന്റെ സമ്പൂർണ യുക്തിജ്ഞാനത്തിന്റെ സൂക്ഷ്മ മുദ്രകളുടെയും പ്രപഞ്ച വ്യവസ്ഥിതിയിൽ കാണപ്പെടുന്ന സുസംഘടിതവും ഉജ്ജ്വലവുമായ ക്രമീകരണത്തിന്റെയും ആഴങ്ങളിലേക്ക് ചെന്നെത്തുകയും ചെയ്യുമ്പോൾ ആകാശഭൂമികളുടെ ഈ സംരംഭം ഒരു സംവിധായകനില്ലാതെ സ്വയം നിലകൊള്ളാൻ സാധ്യമല്ലെന്ന് മനസ്സിലാക്കുന്നതാണ്. തീർച്ചയായും അതിനൊരു ശില്പി ഉണ്ടായിരിക്കേണ്ടതാണ്. മറുഭാഗത്ത്, അവന് ആത്മീയ ഇന്ദ്രിയങ്ങളും കഴിവുകളും നല്കപ്പെട്ടിരിക്കുന്നു. ബുദ്ധിപരമായ കഴിവുകൾ കാരണം ദിവ്യജ്ഞാനത്തിൽ വന്നു പോയിട്ടുള്ള ന്യൂനതയും നഷ്ടവും ആത്മീയകഴിവുകൾ മുഖേന നികത്തപ്പെടുന്നു. കേവലം ബുദ്ധിപരമായ കഴിവുകൾ മുഖേന ദൈവത്തെ പൂർണമായും തിരിച്ചറിയാൻ സാധ്യമല്ല. കാരണം, മനുഷ്യന് നല്കപ്പെട്ടിട്ടുള്ള ബുദ്ധിപരമായ കഴിവുകൾ മുഖേന

പ്രപഞ്ചത്തിലെ ഘടകവസ്തുക്കളെയും അവയുടെ സമ്പൂർണവും സുസംഘടിതവുമായ ഘടനാവൈഭവത്തെയും നോക്കിക്കൊണ്ട് ഉദാത്തമായ തത്ത്വങ്ങളിലും യുക്തിവൈഭവത്തിലും അധിഷ്ഠിതമായ ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ടാകാം എന്നു മാത്രമേ പറയാൻ കഴിയൂ. യഥാർഥത്തിൽ ഒരു സ്രഷ്ടാവ് ഉണ്ടെന്ന കല്പന നല്കുക എന്നത് അവർക്ക് പറഞ്ഞിട്ടുള്ളതല്ല. യഥാർഥത്തിൽ ഒരു സ്രഷ്ടാവ് ഉണ്ടെന്ന ദൃഢജ്ഞാനത്തിൽ മനുഷ്യൻ എത്താതെ കണ്ട് സ്രഷ്ടാവിന്റെ ആവശ്യകതയെ മനസ്സിലാക്കിയതു കൊണ്ടു മാത്രം അതിനെ സമ്പൂർണ ദൃഢജ്ഞാനം എന്നു പറയാവതല്ല. എന്തെന്നാൽ, ഈ സൃഷ്ടികൾക്ക് ഒരു സ്രഷ്ടാവ് ഉണ്ടാകാം എന്നു പറയുന്നതും ഏതൊരു സ്രഷ്ടാവിന്റെ ആവശ്യകതയാണോ അംഗീകരിക്കപ്പെട്ടത് അവൻ യഥാർഥത്തിൽ ഉണ്ട് എന്നു പറയുന്നതും ഒരിക്കലും സമമാവുകയില്ല. ആകയാൽ, സത്യാന്വേഷികൾക്ക് അവരുടെ ആത്മീയ പ്രയാണം പൂർത്തിയാക്കുകയും സമ്പൂർണ ദൃഢജ്ഞാനത്തിനായി അവരുടെ പ്രകൃതങ്ങളിൽ സന്നിവേശിക്കപ്പെട്ടിട്ടുള്ള നൈസർഗികാവശ്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നതിനു വേണ്ടി ബുദ്ധിപരമായ കഴിവുകൾ കൂടാതെ ആത്മീയ കഴിവുകളും നല്കപ്പെടേണ്ടത് ആവശ്യമായിരുന്നു. എന്തെന്നാൽ, ഇടയിൽ യാതൊരു മറയുമില്ലാതെ ഈ ആത്മീയ കഴിവുകളെ പൂർണമായും പ്രയോജനപ്പെടുത്തുന്നതായാൽ, അവയ്ക്ക് തന്റെ പ്രേമഭാജനത്തിന്റെ മുഖം വ്യക്തമായി കാണിച്ചു തരാൻ സാധിക്കുന്നതാണ്. ബുദ്ധിപരമായ കഴിവുകൾക്ക് ഈ രീതിയിൽ ദർശനം നല്കാൻ സാധ്യമല്ല. ആകയാൽ കാരുണ്യവാനും കൃപാവാരനുമായ ദൈവം മനുഷ്യപ്രകൃതത്തിന് തന്റെ ദിവ്യജ്ഞാനം നേടാനുള്ള ഉത്ക്കടമായ വിശപ്പും ദാഹവും പ്രദാനം ചെയ്തിട്ടുള്ളതു പോലെ ത്തന്നെ ഈ സമ്പൂർണ ദൃഢജ്ഞാനത്തിലേക്ക് എത്തിക്കുന്നതിനു വേണ്ടി മനുഷ്യപ്രകൃതത്തിന് രണ്ടു വിധത്തിലുള്ള കഴിവുകൾ തന്നരുളുകയും ചെയ്തിരിക്കുന്നു. ഒന്ന്, ബുദ്ധിപരമായ കഴിവുകളാകുന്നു. അതിന്റെ ഉറവിടം തലച്ചോറ് ആകുന്നു. മറ്റൊന്ന് ആത്മീയ കഴിവുകളാണ്. അതിന്റെ ഉറവിടം ഹൃദയമാകുന്നു. ആ കഴിവുകളുടെ ശുദ്ധീകരണം ഹൃദയത്തിന്റെ ശുദ്ധീകരണവുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ബുദ്ധിപരമായ കഴിവുകൾക്ക് പൂർണമായി എത്തിപ്പിടിക്കാൻ സാധിക്കാത്ത കാര്യങ്ങളിലേക്ക് ആത്മീയകഴിവുകൾ ചെന്നെത്തുന്നു. ആത്മീയ കഴിവുകൾക്ക് പ്രേരണാശക്തി മാത്രമേയുള്ളു. അതായത് അനുഗ്രഹദാതാവിൽ നിന്നുള്ള അനുഗ്രഹങ്ങളെ പ്രതിഫലിപ്പിക്കും വിധം പരിശുദ്ധി സംജാതമാക്കുക. അതുകൊണ്ട് അനുഗ്രഹം കരസ്ഥമാക്കാൻ ഒരുങ്ങിനില്ക്കേണ്ടത് അവരെ (സത്യാന്വേഷികളെ) സംബന്ധിച്ചിടത്തോളം അനിവാര്യ നിബന്ധനയാണ്.

ദൈവത്തിൽ നിന്ന് സമ്പൂർണ ദിവ്യജ്ഞാനത്തിന്റെ അനുഗ്രഹം സിദ്ധിക്കുമാറാകാൻ മറകളോ തടസ്സങ്ങളോ ഇടയിൽ ഉണ്ടാകാൻ പാടില്ല. ഈ യുക്തിഭദ്രമായ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ടാകാം എന്നതിൽ മാത്രം ഒതുങ്ങി നില്ക്കുന്ന തിരിച്ചറിവ് ആവരുത് അവരുടേത്. മറിച്ച് ആ സ്രഷ്ടാവിൽ നിന്ന് പൂർണമായ നിലയിൽ ദിവ്യഭാഷണമാകുന്ന അനുഗ്രഹം ലഭിക്കുകയും നേരിട്ട് അവന്റെ മഹത്ത്വം കാണുകയും ചെയ്തു കൊണ്ട് അവന്റെ തിരുമുഖം കാണുമാറാകണം. ആ സ്രഷ്ടാവ് വസ്തവത്തിൽ ഉണ്ടെന്ന് ദൃഢജ്ഞാനത്തിന്റെ കണ്ണുകൾ കൊണ്ട് ദർശിക്കുമാറാകണം. എന്നാൽ, മിക്ക മനുഷ്യരുടെയും പ്രകൃതങ്ങൾ മറകളിൽ നിന്ന് മുക്തമല്ല. ലൗകികതയോടുള്ള സ്നേഹവും അത്യാർത്തിയും, അഹങ്കാരം, ഗർവ്, പൊങ്ങച്ചം, പ്രകടനാത്മകത, ഭോഗാസക്തി തുടങ്ങിയ മറ്റു ദുസ്സ്വഭാവങ്ങളും, അല്ലാഹുവിനോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നതിൽ മന:പൂർവം അവഗണനയും കൃത്യവിലോപവും കാണിക്കലും ആത്മാർഥതയുടെയും വിശ്വസ്തതയുടെയും നിബന്ധനകളിൽ നിന്നും സ്നേഹത്തിന്റെയും കൂറിന്റെയും സൂക്ഷ്മ വശങ്ങളിൽ നിന്നും ബോധപൂർവംപിന്മാറലും ദൈവവുമായി മന:പൂർവം ബന്ധം വിച്ഛേദിക്കലും മിക്ക പ്രകൃതങ്ങളിലും കാണപ്പെടുന്നു. ആകയാൽ, വിവിധങ്ങളായ മറകളും തടസ്സങ്ങളും ദേഹേച്ഛകളും ഭോഗേച്ഛകളും കാരണത്താൽ സ്വീകാര്യതയുടെ വെള്ളിവെളിച്ചം വിതറുന്ന ദിവ്യഭാഷണമാകുന്ന അമൂല്യാനുഗ്രഹം ഇറങ്ങാൻ ആ പ്രകൃതങ്ങൾ യോഗ്യമല്ലാതായി. എന്നിരുന്നാലും

അനാദിയായ ദൈവം മനുഷ്യപ്രകൃതത്തെ പാഴാക്കാൻ ആഗ്രഹിക്കുന്നില്ല. മിക്ക മനുഷ്യരിലും ബീജാവാപമെന്നോണം ഒരു ശീലം അല്ലാഹു സന്നിവേശിപ്പിച്ചിരിക്കുന്നു. ചില നേരങ്ങളിൽ സത്യസ്വപ്നങ്ങളും വെളിപാടുകളും അവർക്കു ലഭിക്കുന്നു; മുന്നോട്ടു ഗമിക്കാൻ മാർഗം തുറന്നിരിക്കുന്നുവെന്ന് അവർ മനസ്സിലാക്കുവാൻ. എന്നാൽ അവരുടെ സ്വപ്നങ്ങളിലും വെളിപാടുകളിലും ദൈവസ്നേഹത്തിന്റെയും സ്വീകാര്യതയുടെയും അനുഗ്രഹങ്ങളുടെയും ഒരു ലക്ഷണവും ഉണ്ടാകുന്നില്ല. അത്തരം ആളുകൾ ദേഹേച്ഛയുടെ അഴുക്കുകളിൽ നിന്ന് പരിശുദ്ധരുമാകുന്നില്ല. ദൈവത്തിന്റെ പ്രവാചകന്മാരിൽ വിശ്വസിക്കാൻ ഒരു ന്യായപൂർത്തീകരണം എന്ന നിലയിൽ മാത്രമാണ് അവർക്ക് സ്വപ്നങ്ങൾ ഉണ്ടാകുന്നത്. എന്തെന്നാൽ, അവർക്ക് സത്യസ്വപ്നങ്ങളുടെയും സത്യവെളിപാടുകളെയും യാഥാർഥ്യം മനസ്സിക്കാൻ കഴിയാതെ പോവുകയും ഇതു സംബന്ധ

മായ ദൃഢജ്ഞാനം അവർക്ക് ലഭിക്കാതിരിക്കുകയുംചെയ്യുന്ന പക്ഷം ഈ പ്രതിഭാസത്തെക്കുറിച്ച് തികച്ചും അജ്ഞരായിരുന്നതിനാൽ തങ്ങൾക്ക് നുബുവ്വത്തിന്റെ യാഥാർ ഥ്യം മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല എന്ന ഒഴികഴിവ് അവർക്ക് ദൈവം സമക്ഷം ബോധിപ്പിക്കാമായിരുന്നു. നുബുവ്വത്തിന്റെ പൊരുളിനെപ്പറ്റി തങ്ങൾ തീർത്തും അജ്ഞരായിരുന്നെന്നും ഇതു ഗ്രഹിക്കുന്നതിനായി ഞങ്ങളുടെ പ്രകൃതങ്ങളിൽ വല്ല മാതൃകയും നല്കപ്പെട്ടിരുന്നില്ലെന്നും അതുകൊണ്ട് ഈ നിഗൂഢ യാഥാർഥ്യത്തെ ഞങ്ങൾ എങ്ങനെ മനസ്സിലാക്കാനാണ് എന്നും അവർക്ക് പറയാമായിരുന്നു. അതുകൊണ്ടാണ് ലോകാരംഭം തൊട്ട് ദൈവത്തിന്റെ ഈ പുരാതന നടപടിക്രമം തുടർന്നുകൊണ്ടിരിക്കുന്നത്. സാധാരണ ജനങ്ങൾക്ക്, അവർ നല്ലവരോ ചീത്തയോ ആകട്ടെ, സദ്വൃത്തനോ ദുർവൃത്തനോ ആകട്ടെ, സത്യമതക്കാരനോ വ്യാജമതക്കാരനോ ആകട്ടെ, മാതൃകയെന്നോണം ചില സത്യസ്പനങ്ങൾ കാണിക്കുകയും സത്യവെളിപാടുകൾ നല്കപ്പെടുകയും ചെയ്യുന്നു. കേവലം കേട്ടുകേൾവിയിൽ നിന്നും അനുകരണങ്ങളിൽ നിന്നും അവർക്ക് ലഭ്യമായിട്ടുള്ള സന്ദേഹവും സങ്കല്പവും ദൃഢജ്ഞാനത്തിൽ എത്തിച്ചേരുന്നതിനും ആത്മീയ പുരോഗതിക്കു വേണ്ടിഅവരുടെ പക്കൽ വല്ല മാതൃകയും ഉണ്ടാകുന്നതിനും വേണ്ടിയാണിത്. ഈ കാര്യം സാധിക്കുന്നതിനു വേണ്ടി ഇവ്വിധമാണ് യുക്തിജ്ഞനായ ദൈവം മനുഷ്യന്റെ തലച്ചോറിന്റെ ഘടന രൂപീകരിച്ചിരിക്കുന്നത്. ചില സത്യസ്വപ്നങ്ങൾ കാണുകയും ചില സത്യവെളിപാടുകൾ ലഭിക്കുകയും ചെയ്യുന്നതിനായി ആത്മീയ കഴിവുകളും അവന് നല്കിയിരിക്കുന്നു. എന്നാൽ ആ സത്യസ്വപ്നങ്ങളും സത്യവെളിപാടുകളും വല്ല മഹത്ത്വത്തിനോ ഉന്നതസ്ഥാനത്തിനോ ഉള്ള തെളിവല്ല. മറിച്ച്, പുരോഗതിക്കുള്ള ഒരു മാർഗം എന്ന നിലയിൽ കേവലം ഒരു മാതൃകയാണ്. ആ മനുഷ്യന്റെത് ശരിയായ പ്രകൃതമാണ് എന്നു മാത്രമാണ് അത്തരം സ്വപ്നങ്ങളും വെളിപാടുകളും തെളിയിക്കുന്നത്. ദേഹേച്ഛപരമായ വികാരങ്ങൾ കാരണം ദുർഗതി വരരുതെന്ന് മാത്രം.

ഇനി ഇടയ്ക്ക് വല്ല പ്രതിബന്ധമോ മറയോ ഇല്ലെങ്കിൽ അവന് പുരോഗതി പ്രാപിക്കാമെന്ന് ഇങ്ങനെയുള്ള പ്രകൃതത്തിൽ നിന്ന് മനസ്സിലാകുന്നു. ഇതിനെ അടിത്തട്ടിൽ വെള്ളമുള്ള ഒരു ഭൂനിലത്തോട് ഉപമിക്കാം. പക്ഷേ, വെള്ളം വളരെ അടിത്തട്ടിലായി അമർന്നിരിക്കുകയും പലതരം ചെളികൾ അതിൽ കലരുകയും ചെയ്തിരിക്കുന്നു. നല്ലപോലെ കഠിനാധ്വാനം ചെയ്ത് ആ സ്ഥലത്ത് ദിവസങ്ങളോളം കുഴിക്കാതെ കണ്ട് ശുദ്ധവും രുചികരവും ഉപയോഗപ്രദവുമായ വെള്ളം ലഭിക്കുക സാധ്യമല്ല. ആകയാൽ, ആർക്കെങ്കിലും വല്ലസത്യസ്വപ്നമോ സത്യവെളിപാടോ ലഭിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതാണ് മനുഷ്യന്റെ മഹത്ത്വമെന്ന് മനസ്സിലാക്കുന്നുവെങ്കിൽ അത് അങ്ങേയറ്റത്തെ ധിക്കാരവും അസംബന്ധവും ദൗർഭാഗ്യവുമാണ്. മനുഷ്യ മഹത്ത്വത്തിന് മറ്റനേകം ഘടകങ്ങളും നിബന്ധനകളുമുണ്ട്. അവയെല്ലാം നിവർത്തിക്കപ്പെടാത്തിടത്തോളം ഈ സ്വപ്നങ്ങളും വെളിപാടുകളും ദൈവവികപദ്ധതിയിൽ ഉൾപ്പെടുന്നു. ദൈവം ഓരോ സത്യാന്വേഷിയെയും അവയുടെ ദോഷഫലങ്ങളിൽ നിന്ന് രക്ഷിക്കുമാറാകട്ടെ.

വെളിപാടിൽ തത്പരനായവൻ ഒരു കാര്യം ഇവിടെ ഓർമവയ്ക്കേണ്ടതാണ്. വഹ്യ് (വെളിപാട്) രണ്ടു വിധത്തിലുണ്ട്. വഹ്യുൽ ഇബ്ത്തിലായും (പരീക്ഷണാർഥമുള്ള വെളിപാട്) വഹ്യുൽ ഇസ്തിഫായും (ഔന്നത്യം നല്കുന്ന വെളിപാട്). പരീക്ഷണാർഥമുള്ള വെളിപാട് ചിലനേരത്ത് നാശഹേതുവാകാറുണ്ട്. ഉദാഹരണമായി ബൽഅം നശിച്ചതും ഇതേ കാരണത്താലായിരുന്നു. എന്നാൽ ഔന്നത്യം നല്കുന്ന വെളിപാട് ലഭിക്കുന്ന വ്യക്തി ഒരിക്കലും നശിക്കുന്നില്ല. മാത്രമല്ല, വഹ്യുൽ ഇബ്ത്തിലാ(പരീക്ഷണാർഥമുള്ള വെളിപാട്)തന്നെയും എല്ലാവർക്കും ലഭിക്കുന്നില്ല. ഭൗതികമായ നിലയിൽ അനേകം പേർ മൂകരും ബധിരരും അന്ധരുമായി ജനിക്കുന്നതു പോലെ ചില മനുഷ്യരുടെ പ്രകൃതത്തിൽ ആത്മീയ കഴിവുകളും അപ്രത്യക്ഷമാകുന്നു. അന്ധന് മറ്റുള്ളവരുടെ നിർദേശമനുസരിച്ച് വഴി നടക്കാൻ സാധിക്കുന്നതു പോലെത്തന്നെയാണ് ഇവരും ചെയ്യുന്നത്. എന്നാൽ പ്രസ്പഷ്ടമായ നിലയിൽ പൊതുസാക്ഷ്യങ്ങൾ കാരണം ഈ സംഭവങ്ങളെ അവർക്ക് നിഷേധിക്കാനാവില്ല. മറ്റെല്ലാവരും അവരെപ്പോലെത്തന്നെ അന്ധരാണെന്നും പറയാൻ സാധിക്കില്ല. കാഴ്ചശക്തിയുണ്ടെന്ന് വാദിക്കുന്നവരെല്ലാം വ്യാജന്മാരാണെന്ന് വല്ല അന്ധനും തർക്കം പറയാനാവില്ലെന്നത് നമുക്ക് ദിനേന അനുഭവമുള്ളതാണല്ലോ. അവനൊഴിച്ച് ആയിരക്കണക്കിനാളുകൾ കണ്ണുള്ളവരാണെന്നതും അനിഷേധ്യമാണ്. എന്തെന്നാൽ, ജനങ്ങൾ തങ്ങളുടെ കണ്ണുകൾ ഉപയോഗിക്കുന്നുവെന്നും അന്ധന് കഴിയാത്തത് അവർക്ക് കഴിയുന്നുണ്ടെന്നും അയാൾ മനസ്സിലാക്കുന്നു. ഇനി എല്ലാവരും അന്ധരും കാഴ്ചയുള്ളവരായി ആരും ഇല്ലാത്തതുമായ കാലഘട്ടം വന്നിരുന്നെങ്കിൽ കഴ്ചയുള്ളവർ മാത്രം ജന്മം കൊണ്ടിരുന്ന കാലവും മുൻപ് കഴിഞ്ഞു കടന്നിട്ടുണ്ടെന്ന ചർച്ച ഉണ്ടാകുന്ന നേരത്ത് അന്ധർക്ക് അതിനെ നിഷേധിക്കാനും സംവദിക്കാനും എതിർക്കാനും വകയുണ്ടായിരുന്നു. എന്നല്ല, ഈ ചർച്ചയിൽ ഒടുവിൽ വിജയം അന്ധർക്കു തന്നെ ലഭിച്ചേനെ എന്നാണ് ഞാൻ കരുതുന്നത്.

ശേഷം പേജ് 18 ൽ

# അനാവരണം ചെയ്യപ്പെടുന്ന അദൃശ്യലോകം

നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിമിതി മൂലം അജ്ഞാതമായിരുന്ന അദൃശ്യ ലോകത്ത് നിന്ന് ജ്ഞാതമായ ദൃശ്യലോകത്തിലേക്ക് നിരന്തരം ജ്ഞാനങ്ങൾ വിനിമയം ചെയ്യപ്പെടുന്ന പ്രതിഭാസമാണ് ഭൗതിക ലോകത്തും സംഭവിച്ചു കൊണ്ടിരിക്കുന്നത്.

## ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

***ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല (15:22).***

ഈ ദൈവിക വചനത്തിലടങ്ങിയിരിക്കുന്ന അത്ഭുതകരമായ സന്ദേശം വ്യക്തമാണ്. അതായത് അദൃശ്യമണ്ഡലം അതിരുകളില്ലാത്തതും അളവില്ലാത്തതുമാണ്. ആ മണ്ഡലത്തിൽ നിന്നുള്ള ജ്ഞാനങ്ങളിൽ നിന്ന് കാലത്തിന്റെ ആവശ്യമനുസരിച്ച് ദൈവം നിശ്ചയിച്ചു കണക്കാക്കപ്പെടുന്ന അളവിൽ മനുഷ്യന് അനുവദിക്കപ്പെടുന്നു. അതിനാൽ ഖുർആനിക പ്രയോഗങ്ങളായ ആജ്ഞേയം, അദൃശ്യം എന്നിവ അന്ധവിശ്വാസത്തേയും അജ്ഞതയേയും പ്രോത്സാഹിപ്പിക്കുന്നവയല്ല. നേരെ മറിച്ച് മനുഷ്യന് നിരന്തരമായി കൂടുതൽ അന്വേഷണങ്ങൾ നടത്താൻ ഈ വചനം പ്രേരിപ്പിക്കുന്നു. മനുഷ്യൻ മനസ്സിലാക്കിയതും നിരീക്ഷിച്ചറിഞ്ഞതുമായ വസ്തുതകൾ അദൃശ്യ മണ്ഡലത്തിലെ വെറുമൊരല്പഭാഗം മാത്രമാണെന്ന യാഥാർത്ഥ്യം മനുഷ്യന് മനസ്സിലാക്കി കൊടുത്തുകൊണ്ട് അവനെ ജ്ഞാനാന്വേഷണത്തിന് പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ രഹസ്യങ്ങൾ ഒരിക്കലും തീർന്നു പോകാത്തതാണ്. അതുകൊണ്ട് ജ്ഞാനത്തിനുള്ള അന്വേഷണം മനുഷ്യൻ അനവരതം തുടരേണ്ടിയിരിക്കുന്നു.

ആത്മനിഷ്ഠാപരവും വസ്തുനിഷ്ഠാപരവുമായ അനുഭവങ്ങൾ മാത്രമാണ് യുക്തിസഹമായ തീരുമാനങ്ങളെടുക്കാനുള്ള മനുഷ്യ ധിഷണയുടെ ഉപകരണങ്ങൾ . തീരുമാനങ്ങളെടുക്കുന്നയാളുടെ സത്യസന്ധത സംശയങ്ങൾക്കതീതമാണെങ്കിൽ പോലും തീരുമാനങ്ങളെടുക്കാൻ ആധാരമാക്കുന്ന വസ്തുതകൾ അയാളുടെ നിയന്ത്രണ പരിധിയിലുള്ളതല്ല എന്ന കാരണത്താൽ അയാളുടെ തീരുമാനങ്ങൾക്ക് തെറ്റു പറ്റാവുന്നതാണ്. തെറ്റായ വിവരങ്ങൾ, തെറ്റുധാരണകൾ, കൃത്രിമത്വം, മാനസികമായ കഴിവുകളുടെ അപര്യാപ്തത ഈ ഘടകങ്ങളെല്ലാം ഒരാളുടെ അഭിപ്രായ രൂപീകരണത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. ഓരോ നിരീക്ഷകന്റെയും വീക്ഷണ കോണുകൾ വ്യത്യസ്തമായിരിക്കുന്നത് പോലെ തന്നെ അവരുടെ നിരീക്ഷണ ഫലങ്ങളും വ്യത്യസ്തങ്ങളായിരിക്കും. ഇത്തരം സഹജമായ വൈകല്യങ്ങളും തെറ്റുകൾ പിണയാനുള്ള സാധ്യതകളും ഉണ്ടായിരുന്നിട്ടും, മനുഷ്യന്റെ മുമ്പോട്ടുള്ള ഗതിയെ തമസ്സിൽ നിന്ന് താരതമേന്യ വെളിച്ചത്തിലേക്ക് നയിക്കുന്നതിന് മനുഷ്യന്റെ യുക്തിവിചാരശേഷി വളരെയേറെ കാരണമായിട്ടുണ്ട് എന്ന യാഥാർത്ഥ്യം ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല.

അല്ലാഹു ഇച്ഛിക്കുന്നവർക്കും അവൻ തിരഞ്ഞെടുക്കുന്നവർക്കും അദൃശ്യമണ്ഡലത്തിൽ നിന്ന് ചില കാര്യങ്ങൾ അവൻ വെളിപ്പെടുത്തി കൊടുക്കും എന്ന വിശുദ്ധ ഖുർആന്റെ അവകാശവാദത്തിന്റെ യാഥാർത്ഥ്യം സംശയാതീതമായി തെളിയിക്കുവാൻ സാധിക്കുമോ? അദൃശ്യ കാര്യങ്ങളിലുള്ള വിശ്വാസം വെറുമൊരു മിഥ്യാബോധമോ വ്യാമോഹമോ അല്ലെന്നും മറിച്ച് അത് യാഥാർത്ഥ്യാധിഷ്ഠിതമാണെന്നും സംശയാലുക്കൾക്ക് യുക്തിപൂർവ്വം സമർത്ഥിച്ചു കൊടുക്കുവാൻ സാധിക്കുമോ? ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരംകൊണ്ട് ദൃഢപ്പെടുത്തേണ്ടതുണ്ട്. ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം തന്നെ ഇതാ

ണ്. വിജ്ഞാനങ്ങൾ വിനിമയം ചെയ്യപ്പെടുന്നതിനുള്ള ഒരു വിശ്വസനീയ മാർഗ്ഗമാണ് വെളിപാടുകൾ എന്നതിന്റെ പ്രാമാണ്യത തെളിയിക്കുന്ന ധാരാളം തെളിവുകൾ തുടർന്നുള്ള അധ്യായങ്ങളിൽ വായനക്കാരനു കാണാവുന്നതാണ്.

അജ്ഞേയങ്ങളായ കാര്യങ്ങൾ നിരന്തരമായി ജ്ഞാന മേഖലയിലേക്ക് മാറ്റപ്പെട്ടു കൊണ്ടിരിക്കുകയും മനുഷ്യന്റെ ജ്ഞാനചക്രവാളം നിരന്തരമായി വികസിച്ചു കൊണ്ടിരിക്കുകയുമാണെന്ന് സൂറഃഅൽഹിജ്റിലെ 15-ാം സൂക്തത്തിൽ അടങ്ങിയിരിക്കുന്ന സന്ദേശം വെളിപ്പെടുത്തിത്തരുന്നു. ഈ തിരിച്ചറിവ് വിജ്ഞാനാന്വേഷണത്തിന് അടങ്ങാത്ത ദാഹം ഉണ്ടാക്കിത്തീർക്കുന്നു. പ്രതീക്ഷാ നിർഭരവും അഭിമാനാർഹവുമായ ഒരു സന്ദേശമാണിത്. അതുപോലെ വിനയം കൈ ക്കൊള്ളാനുള്ള ഒരു പാഠവും ഇത് ഉൾക്കൊള്ളുന്നു.

ഇതുവരെ മനുഷ്യൻ ആർജ്ജിച്ച ജ്ഞാനം തനിക്കറിഞ്ഞു കൂടാത്തതുമായി താരതമ്യം ചെയ്യുമ്പോൾ അനന്തതയുടെ അറ്റമില്ലാത്ത വിസ്തൃതിയുള്ള ക്യാൻവാസിലെ ഒരു ബിന്ദുവോ അല്ലെങ്കിൽ അതിനേക്കാളും സൂക്ഷ്മമായ കണമോ മാത്രമായ ഒന്നാണെന്ന അവബോധം അവനിൽ ജനിപ്പിക്കുന്നു. മനുഷ്യൻ നേടിയ വിജ്ഞാനങ്ങളെല്ലാം നന്നേ ചെറുതാണെന്ന അവബോധം അവനിൽ വിനയം അങ്കുരിപ്പിക്കുവാൻ കാരണമാകുകയും ചെയ്യുന്നു. ഇന്നത്തെ നമ്മുടെ ജ്ഞാനം ആയിരം വർഷങ്ങൾക്ക് മുമ്പേ ഉണ്ടായിരുന്നതിനേക്കാൾ ശതകോടിക്കണക്കിന് മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇനിയുമൊരായിരം വർഷങ്ങൾക്ക് ശേഷമുണ്ടാകുന്ന നമ്മുടെ ജ്ഞാനത്തിന്റെ അളവ് ഇന്നുള്ളതിനേക്കാൾ ശതകോടി മടങ്ങ് വർദ്ധിതമായിരിക്കും. എങ്കിലും അല്ലാഹുവിന്റെ അദൃശ്യജ്ഞാന ഭണ്ഡാരവുമായി താരതമ്യം ചെയ്യുമ്പോൾ അത് തുലോം തുച്ഛമായിരിക്കും.

കണ്ടുപിടിത്തങ്ങളുടെ പ്രയാണം ത്വരിതപ്പെടുന്തോറും പഞ്ചേന്ദ്രിയങ്ങളുടെ പരിമിതികൾ കൂടുതൽ പ്രകടമായിത്തീരുന്നു. നമ്മുടെ സംവേദന പരിധിക്കപ്പുറത്ത് അതിവിപുലമായ ജീവരാശികളും ശബ്ദവീചികളുമുണ്ട്. അവ ഗ്രഹിക്കാനുള്ള നമ്മുടെ കഴിവുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ നമുക്ക് പല പുതിയ നിറങ്ങൾ കാണാനും പുതിയ ശബ്ദങ്ങൾ കേൾക്കാനും സാധിക്കും. നാം കാണുന്ന നിറങ്ങളും രൂപങ്ങളും വളരെ വ്യത്യസ്തമായിട്ടാണ് മറ്റു മൃഗങ്ങൾ കാണുന്നത്. വർഗ്ഗഭേദങ്ങളും വ്യത്യാസവുമനുസരിച്ച്, മറ്റ് ജീവി കൾക്ക് ഭൗതിക ലോകത്തെക്കുറിച്ചും അനുഭവപ്പെടുന്ന നിറം, ഗന്ധം, രുചി എന്നിവയെല്ലാം വ്യത്യസ്തങ്ങളായിരിക്കും. അങ്ങനെ ഓരോ യാഥാർത്ഥ്യങ്ങളും ആപേക്ഷിക സത്യങ്ങളായി മാറുന്നു. എന്തുതന്നെയായാലും ജീവിലോകത്ത് ഇത്തരം വ്യത്യസ്തമായ അനുഭവങ്ങൾ പ്രവർത്തന സ്തംഭനം ഉണ്ടാക്കുന്നില്ല. അനുഭവങ്ങളിലെ ഈ വ്യത്യാസങ്ങൾ ജീവിതത്തിലും അതിന്റെ പ്രവർത്തനത്തിലും തടസ്സം സൃഷ്ടിക്കുന്നതിന് പകരം അതിനെ മുന്നോട്ടു നയിക്കുകയാണ് ചെയ്യുന്നത്. കഴുകന്റേയും, തേനീച്ചയുടേയും കൂന്തളി (Squid) ന്റെയും കാഴ്ചശക്തിയിലുള്ള അന്തരങ്ങൾ അവയുടെ ജീവിതാവശ്യങ്ങൾക്ക് തികച്ചും അനുയോജ്യമാണ്. മനുഷ്യനുമായി താരതമ്യപ്പെടുത്തുമ്പോൾ കൂന്തളും ഷഡ്പദങ്ങളും ഓരോ വസ്തുവിനേയും വ്യത്യസ്ത രൂപങ്ങളിലാണ് ദർശിക്കുന്നത്. കാരണം ഓരോ വസ്തുവിന്റെയും അതിന്റെ യഥാർത്ഥ വലുപ്പത്തേക്കാൾ കൂടുതലായോ കുറവായോ കാണേണ്ടത് അവയുടെ അതിജീവനത്തിന് അത്യന്താപേക്ഷിതമാണ്. വർഗ്ഗവ്യത്യാസമനുസരിച്ച് ഗ്രഹണശേഷിയും വ്യത്യാസപ്പെടുന്നു. മനുഷ്യനേത്രം അതിന്റെ കഴിവുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. ആധുനിക ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ സഹായത്തോടെ മനുഷ്യന്റെ ഗ്രാഹ്യത ഖഗോളമാനങ്ങളിൽ വികസിച്ചിരിക്കുന്നു.

ഗലീലിയോ * (ക്രി.വ 1600) തന്റെ ആരംഭകാലത്ത് താൻ കണ്ടുപിടിച്ച ദൂരദർശിനിയിലൂടെ ആകാശനിരീക്ഷണം നടത്തിയപ്പോൾ തന്റെ കണ്ടുപിടിത്തത്തിൽ അദ്ദേഹം വളരെയേറെ സന്തുഷ്ടനായിരുന്നു. മനുഷ്യന്റെ ദർശന ചക്രവാളം താൻ നൂറിരട്ടി വികസിപ്പിച്ചുവെന്ന് അദ്ദേഹം അഭിമാനത്തോടെ പറഞ്ഞു. എന്നാൽ, അതിവിദൂരമല്ലാത്ത ഭാവിയിൽ താൻ ദർശിച്ചതിനേക്കാൾ ഒരു ലക്ഷം ഇരട്ടി വലുപ്പത്തിൽ, അല്ല നൂറ്കോടി ഇരട്ടി വലുപ്പത്തിലെങ്കിലും മനുഷ്യൻ പ്രപഞ്ചം ദർശിച്ചറിയുന്ന ഒരു ദിനം ഉദയം ചെയ്യുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നില്ല. തന്റെ കണ്ടുപിടുത്തവും നിർമ്മിതിയും ഭൂതകാലവുമായി താരതമ്യപ്പെടുത്തിതന്റെ വീക്ഷണകോണിൽ ചിന്തിക്കുവാൻ മാത്രമേ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുള്ളൂ. നേട്ടങ്ങളിലുള്ള മനുഷ്യന്റെ വിജയാഹ്ലാദങ്ങൾ വളരെ നൈമിഷികമാണെന്നാണ് പലപ്പോഴും തെളിയിക്കപ്പെട്ടിട്ടുള്ളത്.

ജീവിതാവസാനം ഗലീലിയോവിന്റെ ജീവിതം ദുരന്തപൂർണ്ണമായിരുന്നു. അദ്ദേഹം ഒടുവിൽ അന്ധനായി. ശോകപൂർണ്ണമായ അദ്ദേഹത്തിന്റെ വിവരണം ഇത് തെളിയിക്കുന്നു. അദ്ദേഹം കരുതിയത് പോലെ പ്രപഞ്ചത്തിന്റെ ചക്രവാളം നൂറിരട്ടിയായി വികസിപ്പിച്ച പ്രഥമ ദൂരദർശിനിയുടെ ഉപജ്ഞാതാവായ ഗലീലിയോ തന്റെ ശരീരത്തിൽ മാത്രം പരിമിതനായിപ്പോയി എന്ന് വിലപിച്ചു കൊണ്ട് തന്റെ സുഹൃത്തിന് ഒരു കത്തെഴുതുകയുണ്ടായി.

ഈ കദനഭാരം അദ്ദേഹത്തിന്റെ ഹൃദയത്തിന് താങ്ങാവുന്നതിലേറെയായിരുന്നു. അത് ജീവിതത്തെ പരിപൂർണ്ണമായും അസഹനീയമാം വിധം ശോകപൂർണ്ണമാക്കി. ഗലീലിയോവിന്റെ ഈ തീക്ഷ്ണ

നൈരാശ്യ പ്രകടനം അദൃശ്യത യുടെ മറ്റൊരു മണ്ഡലത്തിലേക്ക് നമ്മെ നയിക്കുന്നു. ഗലീലിയോവിന് അന്ധത ബാധിക്കുന്നതിന് മുമ്പേ കാഴ്ചക്കുള്ള കഴിവ് ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ താൻ ചവിട്ടി നിന്ന നിലത്തിനപ്പുറത്തുള്ളതെന്താണെന്ന് ദർശിക്കാൻ അദ്ദേഹത്തിനാവുമായിരുന്നില്ല. ഇരുളും വെളിച്ചവും തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. പ്രകാശമെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് അദ്ദേഹം കേട്ടറിഞ്ഞതിൽ വിശ്വസിക്കാൻ മാത്രമേ അദ്ദേഹത്തിന് കഴിയുമായിരുന്നുള്ളൂ. അതും വളരെ അസ്പഷ്ടവും വിവരിച്ചു കൊടുക്കാൻ കഴിയാത്തതുമായ നിലയിൽ മാത്രമേ പ്രകാശത്തെക്കുറിച്ച് അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിക്കുമായിരുന്നുള്ളൂ. പ്രകാശത്തേയും നിറത്തേയും കുറിച്ചുള്ള തന്റെ വിശ്വാസത്തിന്റെ സത്യാവസ്ഥ നേരിട്ട് പരിശോധിച്ചറിയുവാൻ സാധിക്കുമായിരുന്നില്ല. എങ്കിലും വെറും കേട്ടുകേൾവി എന്ന കാരണത്താൽ മാത്രം അതിനെ അയഥാർത്ഥമാണെന്ന് പറഞ്ഞ് തള്ളിക്കളയുവാൻ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. ഒരു പ്രത്യേക അവസ്ഥയെ മുൻനിറുത്തിയാണ് നാം ഈ വിശദീകരണം നൽകിയത്. കാഴ്ചയുള്ളവരുടെ നടുവിൽപ്പെട്ടുപോയ ഒരന്ധന്റെ വിലാപങ്ങളാണ് നാം ഭാവനയിൽ കാണാൻ ശ്രമിച്ചത്. ഇവിടെ തന്റെ വിശ്വാസം കെട്ടിപ്പൊക്കാൻ എന്തെങ്കിലും ഒരു അടിസ്ഥാനമുണ്ട്. പക്ഷേ മുഴുവൻ അന്ധത ബാധിച്ച ഒരു സമൂഹത്തെ ഭാവനയിൽ കണ്ടു നോക്കൂ. അവർക്ക് പ്രകാശത്തിന്റെ അസ്തിത്വത്തെക്കുറിച്ചോ കാഴ്ച എന്ന പ്രതിഭാസത്തെക്കുറിച്ചോ, അറിവുണ്ടാകുമോ? തീർച്ചയായും ഇല്ല. തങ്ങളുടെ ഇന്ദ്രിയങ്ങൾക്കതീതമായ കാര്യങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് മനസ്സിലാക്കുവാനായി അന്ധൻമാരെ സഹായിക്കുവാൻ കാഴ്ച ശക്തിയുള്ള ഒരാളുടെ ആവശ്യകതയുണ്ട്. ലൗകിക വിജ്ഞാനങ്ങളുടെ അന്വേഷണങ്ങൾക്കു മേൽ വെളിപാടുകൾക്കുള്ള ആധിപത്യം ഫലപ്രദമായി പ്രകടിപ്പിക്കുവാൻ കഴിയുന്നത് ഇവിടെയാണ്.

പരിമിതമായ ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയ മനുഷ്യൻ അവനെത്ര തന്നെ വിജ്ഞാനിയും വിവേകിയുമാണെങ്കിൽ പോലും തന്റെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിധികൾ ലംഘിക്കുവാൻ അവന് സാധ്യമല്ല. അതേസമയം മനുഷ്യന് കൂടുതൽ ജ്ഞാനേന്ദ്രിയങ്ങളുണ്ടാകുവാനുള്ള സാധ്യത തള്ളിക്കളയാവുന്നതുമല്ല. മനുഷ്യപരിധിക്കപ്പുറത്തുള്ള യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള അറിവ് നൽകുവാൻ ദൈവത്തിന് മാത്രമേ സാധ്യമാകുകയുള്ളൂ.

വിശുദ്ധ ഖുർആൻ ചിത്രീകരിക്കാൻ ശ്രമിക്കുന്ന പരലോകജീവിത സ്വഭാവങ്ങൾ ഇത്തരത്തിലുള്ള ആജ്ഞേയ മണ്ഡലത്തിൽപ്പെട്ടവയാണ്. അതോടനുബന്ധിച്ച് മനുഷ്യന്റെ നിസ്സഹായവസ്ഥയെ ദ്യോതിപ്പിക്കുന്ന കൗതുകകരമായ ഒരു ശൈലിയും ഖുർആൻ പ്രയോഗിക്കുന്നുണ്ട്. യഥാർത്ഥത്തിൽ മനുഷ്യ മനസ്സിന് ദുർഗ്രഹമായ ഈ വിഷയത്തെക്കുറിച്ച് പ്രതിപാദിച്ച ശേഷം ***ഹേ മനുഷ്യാ അതെന്താണെന്ന് നിനക്കെന്തറിയാം*** എന്ന ക്രോധ പ്രകടനത്തോടെയാണ് അത് അവസാനിപ്പിക്കുന്നത്. അത്തരത്തിലുള്ള ചില ഖുർആനിക സൂക്തങ്ങൾ ചുവടെ ചേർക്കുന്നു.

**വിധിനാളെന്തെന്ന് നിനക്കെന്തറിയാം? അതെ വിധി നാളെന്തെന്ന് നിനക്കെന്തറിയാം! (82: 18)**

**സത്യമായി പുലരുന്ന ആ സംഭവം; സത്യമായി പുലരുന്ന സംഭവമെന്താണ്? സത്യമായി പുലരുന്ന ആ സംഭവമെന്തെന്ന് നിനക്കെന്തറിയാം. (69: 24)**

***അവനെ നാം അടുത്ത് തന്നെ തള്ളിവിടും,നരകം എന്നാൽ എന്തെന്ന് നിനക്കറിയാമോ? (74:27)***

യഥാർത്ഥ പ്രശ്നം ദൈവത്തിന്റെ കഴിവുകേടല്ല. മറിച്ച് മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ പരിമിതിയുമായി ബന്ധപ്പെട്ടതാണ്. പഞ്ചേന്ദ്രിയങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടോ ഇന്ദ്രിയങ്ങളില്ലാത്ത ഒരു വ്യക്തിക്ക് ആ ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ഒന്നിന്റെയും യഥാർത്ഥ സ്വഭാവമറിയാൻ കഴിയുകയില്ല. ബധിരന് ശബ്ദമെന്താണെന്നും അന്ധന് കാഴ്ചയെന്താണെന്നും മനസ്സിലാക്കുവാൻ സാധ്യമല്ല. എങ്കിലും കാഴ്ചയും ശബ്ദശ്രവണവും സാധ്യമായവർ ഇത്തരം അനുഭവങ്ങളില്ലാത്തവർക്ക് നിഷ്ഫലമാണെങ്കിൽ പോലും അത് മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിക്കുന്നു. അപ്രകാരം ഖുർആൻ പരലോകജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വിവരിക്കപ്പെടുന്ന കാര്യത്തിന്റെ യഥാർത്ഥ സ്വഭാവമെന്തെന്ന് മനസ്സിലാക്കുവാൻ സാധ്യമല്ലെന്ന് മനുഷ്യനെ അത് ഉണർത്തുകയും ചെയ്യുന്നു. ഇവിടെ മനുഷ്യന്റെ പരിമിതികളെയാണ് ഖുർആൻ എടുത്ത് കാട്ടുന്നത്. അല്ലാതെ ദൈവത്തിന്റേതല്ല. ഇവിടുത്തെ കാര്യം വളരെ വ്യക്തവുമാണ്. നമ്മുടെ ലൗകിക ബോധേന്ദ്രിയങ്ങൾക്ക് പുറമെ ചില പുതിയ ഇന്ദ്രിയങ്ങൾ കൂടി മരണാനന്തര ജീവിതത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. അതിനാൽ വർണ്ണവും പ്രകാശവും എന്തായിരിക്കാമെന്ന അവ്യക്ത സങ്കൽപം മാത്രമുള്ള ഒരാളെപ്പോലെ മരണാനന്തര ജീവിതമെന്ന ആജ്ഞേയ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഏറെക്കുറെ അസ്പഷ്ട ഭാവന മാത്രമേ ഇന്ന് നമുക്കുള്ളൂ. *ഹേ മനുഷ്യാ അതെന്താണെന്ന് നിനക്കെന്തറിയാം?*

ഈ ലോകത്ത് നമ്മുടെ ഇന്ദ്രിയങ്ങളുടെ സംവേദനശേഷി കൂട്ടുകയാണെങ്കിൽ നാം ഭൂമിയിൽ അനുഭവിച്ചറിയുന്ന കാര്യങ്ങൾ തന്നെ നമ്മുടെ ഊഹങ്ങൾക്കും ധാരണകൾക്കും അതീതമായി പൂർണ്ണമായും മാറ്റിമറിക്കപ്പെടുന്നു.

സ്നേഹം എന്താണെന്ന് നമുക്കറിയാമെന്ന് നാം വിചാരിക്കുന്നു. യാതനകൾ നമുക്ക് പരിചിതങ്ങളാണെന്ന് നാം കരുതുന്നു. എന്നാൽ പരലോകത്തിലെ സ്നേഹമെന്തായിരിക്കും, യാതനകൾ എന്തായിരിക്കും? ഇതേക്കുറിച്ച് ഓർക്കുമ്പോൾ ഉൾക്കിടിലം കൊള്ളാത്തവരായി ആരുണ്ട്? ഖുർആൻ സ്വർഗ്ഗത്തെക്കുറിച്ചുള്ള വർണ്ണമനോഹരമായ ചിത്രം കാഴ്ചവെക്കുമ്പോഴും ഒരു കണ്ണും അത് കണ്ടിട്ടില്ലെന്നും അതുപോലെ നരകശിക്ഷയെക്കുറിച്ച് വ്യക്തമായി പ്രതിപാദിക്കുമ്പോൾ *ഏ മനുഷ്യാ നരകാഗ്നി എന്താണെന്ന് നിനക്കെന്തറിയാമെന്നും* ചോദിച്ചു കൊണ്ട് നമ്മെ താക്കീത് ചെയ്യുന്നു. അദൃശ്യതയുടെ അർത്ഥവും തേടി കൂടുതൽ ആഴത്തിൽ ചുഴ്ന്നിറങ്ങും തോറും കിനാവിൽ പോലും കാണാനാവാത്ത സാധ്യതകളുടെ വിശാല വീഥികൾ നമ്മുടെ ദർശന ചക്രവാളത്തിൽ പ്രത്യക്ഷമാവുന്നത് കാണാം. എന്നാൽ നിഗൂഢ യാഥാർത്ഥ്യങ്ങളുടെ അഗമ്യമായ ഇടനാഴികകൾക്കപ്പുറത്തുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് എന്നും ദൈവിക വെളിപാടുകളുടെ ആവശ്യമുണ്ട്. നമ്മുടെ അന്വേഷണങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നത് മനുഷ്യന്റെ സംവേദനക്ഷമതയുടെ പരിമിതികൾ മാത്രമല്ല. നമ്മുടെ സംവേദനേന്ദ്രിയങ്ങളുടെ പരിധിക്കുള്ളിൽപ്പെട്ട കാര്യങ്ങൾ തന്നെ നാം പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ വളരെ നിഗൂഢാത്മകമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. അദൃശ്യതയിലുള്ള വിശ്വാസം എന്തുതന്നെയായാലും തീർച്ചയായും അത് ഒന്നുമില്ലായ്മയിലുള്ള വിശ്വാസമല്ല. ഒന്നുമില്ലായ്മയിൽ വിശ്വസിക്കുക എന്നത് അദൃശ്യത്തിലുള്ള വിശ്വാസത്തിന്റെ നിഷേധം മാത്രമാണ്.

ഈ വചനത്തിന്റെ ജ്ഞാനപ്രഭ വിശ്വാസികളുടെ പ്രയാണത്തെ ദീപ്തമാക്കിക്കൊണ്ട് കണ്ടുപിടിത്തങ്ങളുടെ അവസാനിക്കാത്ത യാത്രകളിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ചിടത്തോളം ഒന്നും ശൂന്യമല്ല. ഒന്നും നിരർത്ഥകവുമല്ല. ജ്ഞാനത്തിന്റെ അറ്റമില്ലാത്ത ഭണ്ഡാരങ്ങൾ അഴിക്കുവാൻ തിരശ്ശീല ഉയരുന്നതും കാത്തിരിക്കുകയാണ് അവർ.

നാം കരസ്ഥമാക്കിയ അല്പജ്ഞാനത്തിൽ നാമെത്ര തന്നെ അഹങ്കരിച്ചാലും മാനംതൊട്ടു നിൽക്കുന്ന വൻമലനിരകൾക്കരുകിലെ കൊച്ചു മൺകൂന പോലെ നിസ്സാരങ്ങളാണവ. എന്നാൽ ഭൂമിയിലെ മലനിരകൾ അവസാനിക്കാത്തതോ അനന്തമോ അല്ല എന്ന് നമുക്കറിയാം. എന്നാൽ നാം ചർച്ച ചെയ്യുന്ന ജ്ഞാനത്തിന്റെ മലനിരകൾ ആദിയും അന്തവുമില്ലാത്ത അനന്തമായ ഒന്നാണ്.

ഒരു ഗവേഷകനെ സംബന്ധിച്ചിടത്തോളം ഈ വചനങ്ങളിൽ നിരുത്സാഹപ്പെടുത്തലിന്റെ യാതൊരു ഘടകവുമില്ല. പ്രത്യക്ഷത്തിൽ മനുഷ്യന്റെ ശ്രമഫലമായി മാത്രം ലഭിക്കുന്നതാണെന്ന് തോന്നുന്ന ജ്ഞാനങ്ങൾ വാസ്തവത്തിൽ ദൈവത്തിന്റെ ഇച്ഛയും അനുഗ്രഹവും മൂലമാണ് ലഭ്യമായിത്തീരുന്നത് എന്ന കാര്യവും ഈ വചനം ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ ഇച്ഛയിൽ നിന്നും പ്രീതിയിൽ നിന്നും സ്വതന്ത്രമായിക്കൊണ്ടുള്ള മനുഷ്യന്റെ അന്വേഷണങ്ങളും പ്രയത്നങ്ങളും യാതൊരു ഫലവും നൽകുന്നില്ല. മനുഷ്യന്റെ ജ്ഞാനാന്വേഷണങ്ങൾക്ക് യഥാവിധിക്കനുസരിച്ച് യഥാസമയം ഫലം നൽകപ്പെടുന്നത് ദൈവത്തിന്റെ സൃഷ്ടി പദ്ധതിയിലെ ആസൂത്രണം മൂലമാണ്. ഭൗതിക ജ്ഞാനമേഖലയിൽ മനുഷ്യന് ലഭിക്കുന്ന വിവരങ്ങൾ ദൈവിക വെളിപാടുകളിലൂടെ നേരിട്ട് ലഭ്യമാകുന്ന ജ്ഞാനങ്ങളല്ല. എന്നിരുന്നാലും അത് ദൈവത്തിന്റെ അംഗീകാരത്തിന്റെയും അവന്റെ കൽപനയുടെയും മുദ്രകൾ വഹിക്കുന്നു. മനുഷ്യന് അഞ്ച് ജ്ഞാനേന്ദ്രിയങ്ങളും അത് അവന്റെ നന്മക്കായി പ്രാവർത്തികമാക്കാനുള്ള അവസരങ്ങളും നൽകപ്പെട്ടിരിക്കുന്നു. ജ്ഞാനം ആർജ്ജിക്കാൻ മനുഷ്യനെ പ്രാപ്തനാക്കാൻ വേണ്ടി, ദൈവത്തിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് അവ മനുഷ്യന് നൽകപ്പെട്ടത്.

---

**പേജ് 14 ൽ നിന്ന് തുടർച്ച**

കാരണമെന്തെന്നാൽ, മുൻകാലങ്ങളിലെ ഉദാഹരണം മാത്രം നല്കുകയും മനുഷ്യകഴിവുകളുടെയും മാഹാത്മ്യങ്ങളുടെയും ഏതൊരു വാദമാണോ പുറപ്പെടുവിക്കുന്നത് അത് ഒരു മനുഷ്യനിലും കാണിക്കാൻ സാധിക്കാതെ ആ കഴിവുകളും ശക്തികളും നിലവിൽ ഇല്ലെങ്കിലും മുൻപ് ഉണ്ടായിരുന്നു എന്നു പറയുകയും ചെയ്യുന്ന വ്യക്തി ഗവേഷണ പ്രകാരം ഒടുവിൽ വ്യാജനായി ഭവിക്കുന്നു. കാണാനും കേൾക്കാനും മണത്തറിയാനും സ്പർശിക്കാനും ഓർമിക്കാനും ചിന്തിക്കാനുമുള്ള ഏതെല്ലാം കഴിവുകൾ മനുഷ്യപ്രകൃതത്തിന് ഉദാരവാനായ ദൈവം തന്നരുളിയിട്ടുണ്ടോ അവയെല്ലാം ഇപ്പോഴും മനുഷ്യനിൽ കാണപ്പെടുന്ന സ്ഥിതിക്ക് മനുഷ്യരിൽ മുൻപുണ്ടായിരുന്ന ആത്മീയ കഴിവുകളെല്ലാം ഇക്കാലത്ത് അപ്രത്യക്ഷ്യമായിരിക്കുന്നുവെന്ന് എങ്ങനെ ചിന്തിക്കാൻ കഴിയും? ആ കഴിവുകളാകട്ടെ, ശാരീരിക കഴിവുകളെ അപേക്ഷിച്ച് മനുഷ്യന്റെ പൂർണതയ്ക്ക് കൂടുതൽ അനിവാര്യമാണ് താനും. അവ ഇല്ലാതായിട്ടില്ലെന്ന് നിത്യേനയുള്ള അനുഭവം തെളിയിക്കുമ്പോൾ എങ്ങനെ നിഷേധിക്കാൻ കഴിയും? മനുഷ്യപ്രകൃതത്തിൽ ശാരീരികവും ബുദ്ധിപരവുമായ കഴിവുകൾ മുൻപെന്ന പോലെ ഇപ്പോഴുമുണ്ടെങ്കിലും ആത്മീയ കഴിവുകൾ മുൻപത്തെപ്പോലെ ഇപ്പോഴും മനുഷ്യരിലുണ്ടെന്ന കാര്യം നിഷേധിക്കുന്ന മതങ്ങൾ എത്രമാത്രം സത്യത്തിൽ നിന്ന് അകന്നിരിക്കുന്നു. (തുടരും)

# യേശുവിന്റെ ഇന്ത്യൻ പ്രേഷിത യാത്രകൾ

കുരിശ് സംഭവാനന്തരം ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ദശ ഗോത്രങ്ങളെ തേടി കശ്മീരിലെത്തിയ യേശു അവിടെയുള്ള യഹൂദരിൽ പ്രേഷിത പ്രവർത്തനം നടത്തുകയുണ്ടായി. യേശുവിന്റെ സ്വാധീനത്തെകുറിച്ച് മത ഗ്രന്ഥങ്ങളിലും വാസ്തു ശിൽപങ്ങളിലും യാത്രാ വിവരണങ്ങളിലുമുള്ള തെളി വുകൾ സമർപ്പിക്കുകയാണ് ലേഖിക. ഇംഗ്ല ണ്ടിലെ മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്ന ലേഖിക പ്രശസ്തയായ ശസ്ത്രക്രിയാ വിദഗ്ധയാണ്. 1987 ൽ അക്കാഡമിക്ക് എക്സലൻസിക്ക് ഇംഗ്ല ണ്ടിലെ ഗോൾഡ് മെഡലിസ്റ്റാണ് അവർ. ജൂയിഷ് ഡയസ്പോറ, യേശുവിന്റെ കുരിശ് സംഭവാനന്തര ജീവിതം എന്നീ വിഷയങ്ങളിൽ ആധികാരിക പഠനങ്ങൾ നടത്തിയ ലേഖിക മെഡിക്കൽ ശാസ്ത്ര വിഷയങ്ങളിൽ നിരവധി ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

**പ്രൊ. അമതുർ റസ്സാഖ്, യു.കെ**

കുരിശ് സംഭവത്തിന് ശേഷം(1) ഇസ്രയേൽ ഗൃഹത്തിലെ കാണാതെ പോയ ഗോത്രങ്ങളെ(2) തേടി യേശു കശ്മീർ വരെ സഞ്ചരിച്ചു വെന്നതിന് ശാസ്ത്രീയവും പുരാവസ്തു ശാസ്ത്രപരവും ചരിത്രപരവുമായ രേഖകളുണ്ട്. വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) രചിച്ച **'യേശു മിശിഹാ ഇന്ത്യയിൽ'** എന്ന ഐതിഹാസികമായ പുസ്തകത്തിൽ ഈ വിഷയം സമഗ്രമായി വിവരിച്ചിട്ടുണ്ട്. നവബാബിലോണിയൻ സാമ്രാജ്യത്തിന്റെ ചക്രവർത്തി ബുക്ക്ത് നസർ അഥവാ നബുക്ത് നസർ ചക്രവർത്തി നാടുകടത്തിയവരായിരുന്നു നഷ്ടപ്പെട്ട യഹൂദ ദശഗോത്രങ്ങൾ. ബാബിലോണിയൻ ചക്രവർത്തി ജെറുസലേം പട്ടണം ബി. സി. 589 മുതൽ വളയുകയും ബി. സി 587 ൽ നശിപ്പിക്കുകയും ചെയ്തു. നാടുകടത്തപ്പെട്ട യഹുദ ഗോത്രങ്ങൾ പേർഷ്യ, മീദീയ വഴി കിഴക്കൻ രാജ്യങ്ങളായ അഫ്ഘാനിസ്ഥാൻ, കശ്മീർ, ഇന്ത്യയിലെ മറ്റു പലഭാഗങ്ങൾ എന്നിവിടങ്ങളിൽ കുടിയേറി പാർക്കുകയുണ്ടായി.(3) കുരിശ് സംഭവത്തിന് ശേഷം ഈ രാജ്യങ്ങളിൽ പാർത്തു വന്നിരുന്ന യഹുദ ഗോത്രങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്താനായിട്ടാണ് യേശു(അ) കുരിശു സംഭവത്തിന് ശേഷം പുറപ്പെട്ടത്. പൂർവ്വദിക്കിലേക്കുള്ള യേശു (അ) വിന്റെ യാത്ര അവസാനം കശ്മീരിൽ അവസാനിക്കുകയാണ്. ഈ യഹൂദ ഗോത്രങ്ങൾക്കിടയിലെല്ലാം യേശു ദൈവത്തിന്റെ സന്ദേശം എത്തിക്കുകയുണ്ടായി. അവരെല്ലാം ക്രിസ്തു മതം സ്വീകരിച്ചു. തനിക്ക് ശേഷം ആഗതനാവുന്ന മഹാനായ ഒരു പ്രവാചകനെക്കുറിച്ച് യേശു(അ) തന്റെ അനുയായികൾക്ക് സുവിശേഷമറിയിക്കുകയുണ്ടായി(4). യേശു(അ)വിന്റെ ഈ അദ്ധ്യാപനത്തോട് അനുസരണ പുലർത്തിക്കൊണ്ട് കശ്മീരിൽ യേശു(അ)വിനെ സ്വീകരിച്ച യഹൂദർ അറേബ്യയിലവതരിച്ച

**മഹാനായ ആ സാർവ്വജനീന പ്രവാചകനേയും അംഗീകരിക്കുകയും അദ്ദേഹത്തിന്റെ കാലത്ത് തന്നെ ഇസ്‌ലാം മതം സ്വീകരിക്കുകയുമാണുണ്ടായത്.**

കശ്മീരിൽ അധിവാസമുറപ്പിച്ച ബനീ ഇസ്റായേലിന്റെ നഷ്ടപ്പെട്ട ദശഗോത്രങ്ങളിൽ യേശു(അ) നടത്തിയ സജീവ പ്രേഷിത പ്രവർത്തനങ്ങളുടെ തെളിവുകൾ അവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## പുരാതന കാലത്തെ കശ്മീരിലെ പ്രവാചക സാന്നിദ്ധ്യം

ഇസ്‌ലാം കശ്മീരിൽ ആഗതമാവുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു പ്രവാചകൻ കശ്മീരിൽ വന്ന് പ്രബോധനം നടത്തിയതായി തെളിവുകളുണ്ട്. കശ്മീരിലെ പ്രഗല്ഭനും വളരെ ആദരണീയനും പ്രമുഖനുമായ ചരിത്രകാരൻ, റസൂൽ തിരുമേനി (സ) ക്ക് മുമ്പ് കശ്മീരിൽ ഒരു പ്രവാചകനെയും ഒരു ദിവ്യഗ്രന്ഥത്തെയും അനുധാവനം ചെയ്തിരുന്നതായി പറയുന്നു.(5) ആദ്ധ്യാത്മിക സന്മാർഗ്ഗം ആഗ്രഹിക്കുന്നവർക്ക് അക്കാലത്ത് കാശ്മീർ വഴികാട്ടിയായിരുന്നതായി ചരിത്രപുസ്തകങ്ങൾ വിവരിക്കുന്നു. കശ്മീരിലെ പ്രശസ്തമായ ഒരു സങ്കീർത്തന കാവ്യത്തിൽ പറയുന്നത് ആ പ്രദേശത്തെ ആദ്ധ്യാത്മിക വെളിച്ചം തൂവികൊണ്ടുള്ള ഒരു മത പ്രവാചകൻ അവിടെ ഉണ്ടായിരുന്നു എന്നാണ്. ആ കവിതാശകലം ഇങ്ങനെ വിവർത്തനം ചെയ്യാം: കശ്മീരിൽ നിന്നാണ് വചനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും വരുന്നത്. അല്ലാഹു തിരഞ്ഞെടുത്ത ഒരാളായിരുന്നു ഈ വചനങ്ങൾ ഉച്ചരിച്ചത്.(6)

ഹിന്ദുക്കളുടെ ഒരു പുരാതന മതസാഹിത്യത്തിൽ പറയുന്നത് **'ഈശായി'** എന്ന് പേരുള്ള അത്യന്തം ആദരണീയനായ ഒരു പരിഷ്ക്കർത്താവ് കശ്മീരിൽ ഉണ്ടായിരുന്നു എന്നാണ്. ഈ നാമം യേശു എന്ന നാമത്തിന് പകരം വെക്കാവുന്നതാണ്. **'യോഗിയുടെ ഗീതകം'** എന്ന പേരിലുള്ള ആ കവിതയിൽ ഇപ്രകാരം കാണാം. ***'എന്റെ സ്നേഹിതാ, ഏതൊരു രാജ്യത്തേക്കാണ് ഈശായി(7) പോയത് ഏത് രാജ്യത്തേക്കാണ് യാക്കോബ് വന്നത്? എന്റെ സ്നേഹിതാ, എവിടെയാണ് ഗുരുവിന്റെ ഗുരു ഉള്ളത്, എവിടെയാണ് താങ്കളുടെ മനസ്സുള്ളത്? എന്റെ സ്നേഹിതാ, ഈശായി അറേബ്യയിലേക്ക് പോയി യാക്കോബ് ഈജിപ്തിലേക്കും പോയി. എന്റെ സ്ഹേതാ, ഈശായി ഗുരുവാണ്, എന്റെ ഗുരു. ഒരു യോഗിയുടെ മനസ്സ് യോഗിയിൽ മാത്രമാണ് സ്വാസ്ഥ്യം കൊള്ളുക.' (8)***

സംസ്കൃത പാരമ്പര്യത്തിലും കന്യകക്ക് ജനിച്ച ഈ പ്രവാചകന്റെ വിവരണം കാണാം. പുരാത സംസ്കൃത സാഹിത്യത്തിലെ ഒരു വിവരണത്തിന്റെ സാരസത്ത ഇപ്രകാരമാണ്. ഹിമാവൃതമായ മഞ്ഞു മലകളിൽ അദ്ദേഹം ഒരിക്കൽ വന്നു. അവിടെ വെളുത്ത വസ്ത്രം ധരിച്ച് വെളുത്ത നിറമുള്ള സുന്ദരനായ ഒരു രാജാവിനെ കണ്ടു. രാജാവ് പറഞ്ഞു ***'ഞാൻ ഒരു കന്യകക്ക് പിറന്ന പരിഷ്ക്കർത്താവാണ്. ഞാൻ ഇവിടെ ജനങ്ങളെ പരിഷ്ക്കരിക്കാൻ ആഗതനായതാണ്. ഇവിടെ ആത്മീയ സംസ്ക്കരണത്തിന് വന്നിരിക്കുകയാണ്.'(9)*** ഈ സാഹിത്യ ഖണ്ഡം ആത്മീയ ശുദ്ധീകരണത്തെ പറ്റിയുള്ള അഗാധവും താത്വികവുമായ മത സങ്കൽപ്പങ്ങളാണ് തുടർന്ന് ചർച്ച ചെയ്യുന്നത്. (10)

കശ്മീരിലെ ത്രെഹ്ഗാം എന്ന സ്ഥലത്തു നിന്ന് ഏഴ് മൈൽ വടക്ക് പ്രശസ്തമായ ഒരു ജലപ്രവാ ഹം **'**പ്രവാചകന്റെ ജലപ്രവാഹം**'** എന്നാണ് അറിയപ്പെടുന്നത്. യേശു ഇവിടെ സന്ദർശിച്ചതായും ഇവിടെ വെച്ച് അദ്ദേഹം പ്രഭാഷണം നടത്തിയതായും വിശ്വസിക്കപ്പെടുന്നു. (11)

ഇത് ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആട്ടിടയങ്ങൾക്കിടയിൽ അയക്കപ്പെടും എന്ന പ്രവചനത്തിന്റെ പുലർച്ചയാണ്. (12)

ചുരുക്കത്തിൽ പുരാതന ഹിന്ദു സാഹിത്യങ്ങളിലും സംസ്കൃത പാരമ്പര്യങ്ങളും കന്യകാപുത്രനെന്ന് സ്വയം വിളിക്കുന്ന വെളുത്ത നിറമുള്ള ഒരു പ്രവാചകൻ ലഡാക്കിലും തിബറ്റിലും മതപ്രബോധനം നടത്തിയതായി മനസ്സിലാക്കാൻ സാധിക്കുന്നു. അദ്ദേഹത്തിന്റെ നാമം ഈസാ എന്നതിന് പകരം ഈശായി എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വസ്തുതകൾ യേശു (അ) കശ്മീരിൽ മത പ്രബോധനം നടത്തിയതിന് തെളിവുകൾ നൽകുന്നു.

## കശ്മീരി വാസ്തു ശിൽപ്പകലയിലുണ്ടായ സ്വാധീനം

ഒരു ജനതയുടെ വിശ്വാസ ചരിത്രത്തിന്റെ പഠനത്തിൽ വാസ്തു ശിൽപ്പകല ഒരു വിലപ്പെട്ട സ്റോതസ്സാണ്. പ്രശസ്ത വാസ്തു ശിൽപ്പകലാ പണ്ഡിതൻ നോർമൻ എൽ കൂൻസിയുടെ അഭിപ്രായ പ്രകാരം ***'പദാർത്ഥവും മനസ്സും തമ്മിലുള്ള അതിർത്തികളെ സുതാര്യമാക്കുകയാണ്'*** പാവനമായ വാസ്തു ശിൽപ്പത്തിന്റെ ഉദ്ദേശ്യം. കശ്മീരിലെയും അഫ്ഘാനിസ്ഥാനിലേയും വാസ്തുശിൽപ്പങ്ങളിൽ യേശുവിന്റെ അധ്യാപനങ്ങളുടെ സ്വാധീനം ദൃശ്യമാണ്. മാർട്ടാന്റിലെ ആരാധനാലയത്തിലെ വാസ്തു ശിൽപ്പ കലയിൽ ഈയൊരു ശക്തമായ സ്വാധീനം വ്യക്തമാണ്. മാർട്ടാന്റിലെ ക്ഷേത്രം കാശ്മീരി ശൈലിയിലുള്ള വാസ്തുശിൽപ്പ കലക്ക് നല്ലൊരു മാതൃകയാണ്. എ.ഡി 699 മുതൽ 736 വരെ കശ്മീർ ഭരിച്ചിരുന്ന പ്രശസ്തനായ ലാലാതാദിത്യ എന്ന രാജാവ് നിർമ്മിച്ചതാണ് ഈ ആരാധനാലയം. (13) കൗതുക

കരമെന്ന് പറയട്ടെ ഈ ആരാധനാലയത്തിന് ജെറുസലേമിലെ ആരാധനാലയവുമായി പ്രകടമായ സാദൃശ്യമുണ്ട്. പല പ്രഗല്ഭരായ ആർക്കിയോളജിക്കൽ വിദഗ്ധരും പ്രശസ്തരായ സഞ്ചാരികളും ഈയൊരു സാദൃശ്യം എടുത്ത് പറഞ്ഞിട്ടുണ്ട്. വിഖ്യാത നിയമജ്ഞനും ഏഴ് വർഷത്തോളം ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ ഭാഗങ്ങളിൽ പര്യടനം നടത്തുകയും ചെയ്ത ഗോഡ് ഫ്രൈ തോമസ് വിഗ്നെ(1801 1863) അദ്ദേഹത്തിന്റെ ഈ യാത്രക്കിടയിൽ കശ്മീർ, ലഡാക്ക്, മദ്ധ്യേഷ്യയിലെ ചില ഭാഗങ്ങൾ മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം തന്റെ സഞ്ചാരക്കുറിപ്പുകൾ **'A Personal Narrative of a Vist to Ghuzni, Kabul and Afganistan'** എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ വിഗ്നോ പറയുന്നു:

***'ആ ക്ഷേത്രത്തിന്റെ കമാനങ്ങളിൽ കണ്ട ക്രമവിന്യാസത്തിലും അതിന്റെ ചുറ്റുമുള്ള തിരശ്ശീലകളിലും രേഖപ്പെട്ടു കിടക്കുന്ന ജെറുസലേം ദേവാലയവുമായുള്ള വാസ്തു ശിൽപ്പ സാമ്യത എന്റെ ശ്രദ്ധയെ ഞെട്ടിച്ചു കളഞ്ഞു. ജെറുസലേമിലെ ആരാധനാലയത്തിന്റെ അതേ മാതൃകയിൽ കശ്മീരിലെ ഈ ക്ഷേത്രം പണികഴിപ്പിക്കാൻ നിർദ്ദേശം കൊടുത്തത് ഒരു യഹൂദ വാസ്തു ശിൽപ്പിയായിരിക്കുമോ എന്ന് ഞാൻ ഒരു നിമിഷം ഓർത്തുപോയി. അത്ഭുതകരമായ മറ്റൊരു വസ്തുത അബിസീനിയ എന്ന് വിളിക്കപ്പെടുന്ന പുരാതന എത്യോപ്യ കുശ് എന്ന പേരിലും അറിയപ്പെടുന്നു. അവിടെ പുരാത ക്രിസ്തീയ ചർച്ചുകളും ഉണ്ട്. മി. വോൾഫ് ആണ് അതിനെ പറ്റി എനിക്ക് വിവരം നൽകിയത്. അത് കശ്മീരിലേത് പോലെയുള്ളതാണ്. ശേബാ രാജ്ഞി താമസിച്ചിരുന്ന ടൈഗ്രിയുടെ തലസ്ഥാനമാണ് അക്സും. അവിടെ തനിക്ക് സോളമനിലുണ്ടായ പുത്രൻ മെണലിക്കുമൊത്താണ് ശേബാ രാജ്ഞി താമസിച്ചിരുന്നത്. ഇസ്റായേലികൾ രാജ്ഞിയെ അവിടെ അനുധാവനം ചെയ്തിരുന്നു. മെണലിക്കാണ് കുശിൽ പിന്നീട് സിംഹാസനാരോഹണം ചെയ്തത്. അവരുടെ പിൻ തലമുറയാണ് അബിസിനീയായിലെ നേഗസ് രാജപരമ്പര.***(14)

പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും പ്രഗല്ഭനായ വാസ്തു ശിൽപ്പവിദഗ്ധരിലൊരാളാണ് മി. ജെയിംസ് ഫെർഗൂസൻ. ഇന്ത്യൻ വാസ്തു ശിൽപ ശാസ്ത്രത്തിൽ വിദഗ്ധനായ അദ്ദേഹത്തിന് നിരവധി പുരസ്കാരങ്ങളും പദവികളും ലഭിച്ചിട്ടുണ്ട്. റോയൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ വൈസ് പ്രസിഡന്റ്, റോയൽ ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ബ്രിട്ടീഷ് ആർക്കിടെക്സ് വൈസ് പ്രസിഡന്റ് മുതലായ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്.(15) ജെറുസലേം ദേവാലയത്തിന്റെ ആധികാരിക വക്തവായാണ് അദ്ദേഹം അറിയപ്പെടുന്നത്. 1876 ൽ അദ്ദേഹം എഴുതി: 60 അടി നീളവും 38 അടി വീതിയുമുള്ള ആരാധനാലയം ഒരു ചെറിയ കെട്ടിടമാണ്. മുഖപ്പിൽ രണ്ടു വശങ്ങളിലായി കൂട്ടിചേർത്ത ഭാഗമാണ് അതിനെ 60 അടിയാക്കി മാറ്റിയത്. നിങ്ങൾ ആത്മാർത്ഥമായി പരിഹരിക്കാനാഗ്രഹിക്കുന്ന പ്രശ്നം അവർക്ക് മുമ്പിൽ വെളിപ്പെടുകയുണ്ടായി. അതായത് സമചതുരാകൃതിയില്ലാത്തതും സമാനമായ ത്രിമാനങ്ങളുമുള്ള ഒരു ആരാധനാലയം എങ്ങനെ പണിയാം എന്നതായിരുന്നു പ്രശ്നം. യഹൂദ ദേവാലയം ഈ മന്ദിരത്തിന്റെ ഇരട്ടി വലിപ്പമുണ്ടാവും. ജെറുസലേം ദേവാലയം 100 ക്യൂബിറ്റ്(Cubit) ഉണ്ടാവും അല്ലെങ്കിൽ 150 അടി വീതിയും നീളവും ഉയരവുമുണ്ടാകും. എന്നാൽ മർട്ടാൻഡിൽ ഈ അളവുകൾ 60 അടി മാത്രമാണ്. കശ്മീരിലെ ആരാധനാലയത്തിൽ അടങ്ങിയിരിക്കുന്ന താൽപര്യജനകമായ വസ്തുത മറ്റേതൊരു കെട്ടിടത്തേക്കാളും കശ്മീരിലെ ആരാധനാലയം അതിന്റെ പ്ലാനിംങ്ങിൽ ഒരു യഹൂദ ദേവാലയത്തിന്റെ തനി പകർപ്പാണ് എന്നതാണ്. (16) ഈ രണ്ടു ദോവാലയങ്ങളുടെയും വാസ്തു ശിൽപ്പ സാമ്യത കശ്മീരി ജനതയിൽ യേശു പ്രേഷിത പ്രവർത്തനം നടത്തി എന്നതിന് തെളിവാണ്.

ആരാധനാലയങ്ങൾ മാത്രമല്ല. കശ്മീരിലെ ചരിത്ര പ്രസിദ്ധങ്ങളായ ശവകുടീരങ്ങളും യഹൂദ അദ്ധ്യാപനങ്ങൾ അവിടെ പ്രചരിച്ചിരുന്നു എന്നതിന് തെളിവാണ്. കശ്മീരിലെ ശവകുടീരങ്ങൾ തികച്ചും യഹൂദ മാതൃകയിലുള്ളവയാണ്. പുരാതന കശ്മീരി ശവകുടീരങ്ങൾ പഴയ യഹൂദരുടെ കബറിടങ്ങളിൽ കാണുന്നത് പോലെ പടിഞ്ഞാറ് ഭാഗത്ത് ഒരു ജനലയോട് കൂടിയ തുറന്ന കബറിടങ്ങളാണ്. (17,18)

## ആചാരാനുഷ്ഠാനങ്ങളും യേശുവിന്റെ അദ്ധ്യാപനങ്ങളും

കശ്മീർ ജനതയുടെയും യഹൂദ ജനതയുടെയും ആചാരങ്ങളും സമ്പ്രദായങ്ങളും ശേഖരിച്ച് പരിശോധിച്ചാൽ യേശുവിന്റെ അദ്ധ്യാപനങ്ങൾ കശ്മീരി ജനതയെ സ്വാധീനിച്ചതായി കാണാം. 12 വർഷം മുഗൾ സാമ്രാജ്യ ചക്രവർത്തി ഔറംഗസീബിന്റെ സ്വകാര്യ ഡോക്ടറായിരുന്ന ഫ്രാങ്കോയിസ് ബർണിയർ (1625– 1688) തന്റെ വിശദമായ സഞ്ചാരങ്ങളെ ആസ്പദമാക്കി രചിച്ച Travels in the Mugal Empire എന്ന കൃതിയിൽ അദ്ദേഹം ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

അദ്ദേഹം നടത്തിയ ഒരു അന്വേഷണ വിഷയം: ***'കാശ്മീർ സാമ്രാജ്യത്തിൽ ദീർഘകാലം യഹൂദർ താമസിച്ചു എന്ന് പറയുന്നത് സത്യമാണോ എന്നും അവരുടെ കൈയ്യിൽ വിശുദ്ധ ഗ്രന്ഥങ്ങളുടെ എന്തെങ്കിലും ഒരു***

***പതിപ്പ് ഉണ്ടായിരുന്നോ, ഉണ്ടെങ്കിൽ നമ്മുടെ കൈയ്യിലുള്ള പഴയ ബൈബിൾ വേദ പുസ്തകവും അവരു ടെ പക്കലുള്ളതും തമ്മിൽ എന്തെങ്കിലും പൊരുത്തമില്ലായ്മകളുണ്ടോ എന്നതുമായിരുന്നു അദ്ദേഹം അന്വേഷിച്ച വിഷയം.'*** *(19)* അദ്ദേഹം എഴുതുന്നു: ***'എന്തായാലും ഈ രാജ്യത്ത് യഹൂദ മതത്തിന്റെ നിരവധി അടയാളങ്ങൾ കാണപ്പെടുന്നു. പീർ പഞ്ചാൽ പർവ്വതം കടന്ന് ഈ സാമ്രാജ്യത്തിൽ പ്രവേശിച്ചാൽ അവിടെ അധിവസിക്കുന്നവർക്ക് യഹൂദന്മാരുമായുള്ള സാമ്യതകണ്ട് ഞാൻ ഞെട്ടുകയുണ്ടായി. അവരുടെ മുഖഭാവം, ചേഷ്ടകൾ വിവരണാതീതമായ പല പ്രത്യേകതകളുമുള്ള ഒരു പുരാതന ജനതയിൽ കാണുന്ന സകല അടയാളങ്ങളും ഒരു സഞ്ചാരിക്ക് അവരിൽ കാണാൻ കഴിയും'(20)*** ബർണിയർ തുടരുന്നു: ***'ഞാൻ പറയുന്നത് വെറുമൊരു വിചിത്ര ഭാവനയായി നിങ്ങൾ കരുതേണ്ട. ഞാൻ ഇവിടം സന്ദർശിക്കുന്നതിന് മുമ്പ് ഇവരുടെ യഹൂദ സാമ്യത നമ്മുടെ ജസ്യൂട്ട് പിതാക്കന്മാരും മറ്റു ചില യൂറോപ്യന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്.'(21)*** കശ്മീരികളിലെ യഹൂദ സ്വാധീനത്തെ പറ്റി പറയുമ്പോൾ ഫ്രാങ്കോയിസ് ബെർണിയർ പറയുന്നു: ***'രണ്ടാമത്തെ അടയാളം 'മുസ്സാ'എന്ന നാമത്തിന്റെ പ്രാമുഖ്യമാണ്. അതായത് മുഹമ്മദീയരായിരുന്നിട്ടും ഈ പട്ടണ വാസികളിൽ മൂസ്സ എന്ന നാമധാരികളുടെ ആധിക്യമാണത്.'(22)***

പേരുകേട്ട കശ്മീരി പണ്ഡിതനായ അബീ സയ്യിദ് ഗനീം അൽ ഹിന്ദിയുടെ എഴുത്തുകളിൽ യേശു കശ്മീരിൽ നടത്തിയ പ്രബോധന പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ തെളിവുകൾ കാണാം. അതായത് യഹൂദരുടെ സുനേദ്രം മാതൃകയിൽ പുരാതന കശ്മീരി രാജാക്കന്മാർ മതപരമായ കൗൺസിലുകൾ വിളിച്ചു കൂട്ടിയിരുന്നതായി അദ്ദേഹം എഴുതുന്നു: ***'അത്തരം മതപരമായ കൗൺസിലുകൾ ഫലസ്തീനിലെയും ഇറാഖിലേയും യഹൂദരുടെ മതകീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. അബി സയ്യിദ് അദ്ദേഹത്തിന്റെ പുസ്തകത്തിൽ എഴുതുന്നു. യേശു ഇന്ത്യയിലെ ഒരു പട്ടണത്തിലാണ് (കശ്മീർ) ജീവിച്ചത്. അവിടെ 40 പണ്ഡിതന്മാർ രാജധാനിയിൽ രാജാവിന്റെ ചുറ്റും കൂടിയിരുന്നു.' (23)*** അവരുടെ ദൗത്യം നാല് വേദഗ്രന്ഥങ്ങളായ തൗറാത്ത് (ബൈബിൾ പഴയ നിയമം), ഇഞ്ചീൽ (ബൈബിൾ പുതിയ നിയമം), സബൂർ (ദാവൂദിന്റെ ഗ്രന്ഥം), സുഹുഫ് ഇബ്റാഹീം (ഇബ്രാഹിമിന്റെ ഗ്രന്ഥം) എന്നിവ പഠിക്കുകയും മതപരമായ ശാസന പുറപ്പെടുവിക്കുകയുമായിരുന്നു. വാസ്തവത്തിൽ അബു സയ്യിദ് സുനേദ്രം എന്ന പുരാതന യഹൂദ സമൂഹത്തിലെ ഉന്നതാധികാര സമിതിയെക്കുറിച്ച് പരാമർശിക്കുകയായിരുന്നു. ഒരിക്കൽ സുനേദ്രം പിൽക്കാലത്ത് വരാനിരിക്കുന്ന അറേബ്യയിലെ മഹാനായ പ്രവാചകനെക്കുറിച്ചാണ് ചർച്ച ചെയ്തത്. അബൂ സയ്യിദ് ആദരണീയനായ കശ്മീരി പണ്ഡിതനാണ്. അദ്ദേഹം കശ്മീരിൽ പുരാതന യഹൂദ സമ്പ്രദായ പ്രകാരമുള്ള സുനേദ്രം അക്കാലത്ത് നടന്നുവന്നിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു.

കശ്മീരി ജീവിതത്തിൽ യേശുവിന്റെ അദ്ധ്യാപനങ്ങൾ ചെലുത്തിയ സ്വാധീനത്തെ പറ്റി ഫ്രാൻസിസ് യംങ്ങ് ഹസ്ബന്റ് അടക്കം ചില സ്വതന്ത്ര ചരിത്രകാരന്മാർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഫ്രാൻസിസ് യംങ്ങ് ഹസ്ബന്റ് വാഗ്ദത്ത മസീഹിനെ (അ) ഉദ്ധരിക്കുന്നത് കാണുക: 1900 വർഷങ്ങൾക്ക് മുമ്പ് യൂസ് ആസഫ് എന്ന് പേരായ ഒരു സിദ്ധൻ കശ്മീരിൽ ജീവിച്ചിരുന്നു. അദ്ദേഹം യേശു പറഞ്ഞത് പോലെ വിതക്കാരന്റെ ഉപമ മുതലായ നിരവധി ഉപമാ കഥകളിലൂടെയാണ് പ്രബോധനം നടത്തിയിരുന്നത്. അദ്ദേഹത്തിന്റെ കല്ലറ ശ്രീനഗറിലുണ്ട്. സർ ഫ്രാൻസിസ് യംങ്ങ് ഹസ്ബന്റ് അദ്ദേഹത്തിന്റെ **'കശ്മീർ'** എന്ന പുസ്തകത്തിൽ പറയുന്നു: ***'കശ്മീരി ജനങ്ങളുടെ കാഴ്ചയിൽ ജൂതഛായയുണ്ട്. അവർ ജൂതന്മാരാണെന്ന ഒരു സിദ്ധാന്തവും ഇവിടെ നിലനിൽക്കുകയും ചെയ്യുന്നു. തീർച്ചയായും ഞാൻ പറയുന്നു കശ്മീരിൽ എല്ലായിടത്തും തന്നെ യഥാർത്ഥ ബൈബിൾ മുദ്രകളാണ് കാണപ്പെടുന്നത്. പ്രത്യേകിച്ച് മുകൾ ഭാഗത്തുള്ള ഗ്രാമങ്ങളിൽ. ഇവിടെ ഇസ്റയേലി ചുവയുള്ള ആട്ടിടയന്മാർ ആട്ടിൻ പറ്റങ്ങളെ മേച്ച് കൊണ്ട് നടക്കുന്ന കാഴ്ച്ച എപ്പോഴും കാണാം'(24) 'കശ്മീരി പാരമ്പര്യമനുസരിച്ച് പുരാതനമായ കശ്മീരിന്റെ നാമം കശ്യപ എന്നോ കശ്യപമിർ എന്നോ ആണ്.'(25)***

ബൈബിൾ പഴയ നിയമം എസ്രാ 8:17 ൽ പരാമർശിക്കപ്പെട്ട **'കാസിഫ്യാ'** വാസ്തവത്തിൽ കശ്മീർ ആണെന്ന് അഭിപ്രായമുണ്ട്. ലേവ്യരിൽ മാത്രം അനുവാദമുണ്ടായിരുന്ന വിശുദ്ധ ദൗത്യത്തിന്ന് സഹായിക്കാൻ ലേവ്യരുടെ അടുത്തേക്ക് കസിഫ്യ (കശ്മീർ) യിൽ നിന്നുമായിരുന്നു എസ്രാ പ്രവാചകനെ അയച്ചത്. (26)

മുകളിൽ പ്രതിപാദിച്ചത് പോലെ കശ്മീരിലെ ശ്മശാനങ്ങൾ യഹൂദ സാന്നിദ്ധ്യത്തെയാണ് ഉറപ്പിക്കുന്നത്. പുരാതന കശ്മീരിലെ ശവ കുടീരങ്ങളുടെ ഘടന പൂർണ്ണമായും യഹൂദ മാതൃകയിലുള്ള താണ്. (ചിത്രം2). നവ ബാബിലോണിയൻ സാമ്രാജ്യത്തിലെ സാമ്രാട്ടായ നെബുക്ത് നസർ അഥവാ ബുക്ക്ദ് നസർ ബി സി. 589 ൽ ജെറുസെലേം പട്ടണം ഉപരോധിക്കുകയും ബി സി. 587 ൽ ജെറുസെലേം നശിപ്പിക്കുകയും ചെയ്യുകയും യഹൂദരെ ഫലസ്തീനിൽ നിന്നും നാടുകടത്തുക

യുമുണ്ടായി. ഇക്കാലത്ത് പോലും നെബുക്കദ് നസർ എന്ന നാമം കേൾക്കുമ്പോൾ കശ്മീർ കാർക്കിടയിൽ ഏറ്റവും നിന്ദാകരവും അപമാനകരവുമായ പദമായി നിലകൊള്ളുന്നു.

### രത്നചുരുക്കം

കശ്മീരിൽ ഒരു പ്രവാചകന്റെ സാന്നിദ്ധ്യമുണ്ടായിരുന്നുവെന്ന് കാശ്മിരി ചരിത്ര വിജ്ഞാനികളും സംസ്കൃത പണ്ഡിതന്മാരും സ്വതന്ത്രരുമായ ചിന്തകന്മാരും ചരിത്ര സംബന്ധിയായ അവരുടെ എഴുത്തുകളിൽ ശക്തമായി പിന്തുണക്കുന്നു. ഉപമാ കഥകളിലൂടെ സംസാരിക്കുന്ന ഈ വെളുത്ത നിറമുള്ള പ്രവാചകൻ യഹൂദ മതപാരമ്പര്യങ്ങൾക്ക് സമാനമായ അദ്ധ്യാപനങ്ങൾ പഠിപ്പിക്കുകയും കന്യകയുടെ പുത്രനാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഞങ്ങൾ അഭിപ്രായപ്പെടുന്നത് വാസ്തവത്തിൽ അദ്ദേഹം കുരിശ് പീഢനത്തെ അതിജീവിച്ചശേഷം. പ്രവാസികളായി കശ്മീരിൽ കഴിയുന്ന കാണാതെപോയ യഹൂദ ഗോത്രങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്താൻ ആഗതനായ യേശുവെന്ന പ്രവാചകനാണെന്നാണ്.(28) ഞങ്ങളുടെ ഈ വാദത്തിന് തെളിവായി യഹൂദരുമായി കശ്മീരികൾക്ക് ആചാരങ്ങളിലും മൃതദേഹ സംസ്ക്കരണ രീതിയിലും മതപരമായ ആചാരങ്ങളിലും (സുനേന്ദ്രദ്രം)വാസ്തു ശിൽപപരമായ (മാർട്ടിണ്ട ക്ഷേത്രം) സുപ്രധാനമായ സാമ്യതകൾ സമർപ്പിക്കുകയുണ്ടായി. ഇതാണ് യേശുവിന്റെ കശ്മീലെ പ്രേഷിത പ്രവർത്തനങ്ങളുടെ തെളിവുകൾ മേൽ പ്രസ്താവിച്ച ശ്രദ്ധേയമായ സാമ്യതകൾ യേശുവിന്റെ സാന്നിദ്ധ്യത്തിലുള്ള പ്രബോധനവും പ്ര വർത്തനങ്ങളും മൂലം മാത്രം സംഭവിച്ചതാണ്.

### ഉപസംഹാരം

ചരിത്രപരമായ തെളിവുകൾ നൽകുന്ന സൂചന യേശു കിഴക്കൻ ദിക്കിലേക്ക് പ്രവാസം ചെയ്തു എന്നാണ്. പിന്നീട് അദ്ദേഹം കശ്മീരിലും പരിസര പ്രദേശങ്ങളിലും പ്രവാസികളായി കഴിഞ്ഞിരുന്ന ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾക്കിടയിൽ സജീവമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുകയും ആത്മീയ സംസ്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. യേശു തന്നിൽ ഭരമേൽപ്പിക്കപ്പെട്ട ദൈവിക ദൗത്യം ഇസ്റയേൽ ഗോത്രങ്ങൾക്കിടയിൽ എത്തിച്ചു. യേശുവിനെ സ്വീകരിച്ച ഇസ്റയേൽ ഗോത്രങ്ങൾ ആ പ്രവാചകന്റെ തന്നെ ഉപദേശപ്രകാരമാണ് അറേബ്യയിൽ ആഗതനായ മഹാനായ പ്രവാചകനിലും വിശ്വസിച്ച് ഇസ്ലാം മതവിശാസികളായി തീരുകയും ചെയ്തത്.

***Review of Religion-Feb 2015** (വിവ: എ.എം)*

## REFERENCE


1. Dr. Amtul Razzaq Carmichael, "The Lost Tribes of Isreal in India – A Genetic Perspective", The Review of Religions, March, 2012, http://www.reviewofreligions.org/6107/the-lost-tribes-of-israel-in-india-a-genetic-perspective/.
2. "And other sheep I have, which are not of this fold: them also I must bring, and they shall hear my voice; and there shall be onefold, and one shepherd" (Jn 10:16).
3. Media is a place located in the northwestern portions of present-day Iran.
4. "But the comforter, which is the Holy Ghost, whom Father will send in my name, he shall teach you all things, and bring all things to your remembrance, whatsoever I have said unto you" (Jn 14-26).
5. Mullah Khalee, Jan Puri Tarikhe Kashmir Maharajah Gulab Singh Kee Tasneef (trans: The History of Kashmir; Writings of Maharaj Gulab Singh).
6. Diwaney Haji Mohammad Jam Qudsi (trans: Memoirs of Haji Mohammad Jam Qudsi), 1056.
7. Isa is the name of Jesusas in one of the local language.
8. Miguel Serrani, The Serpent of Paradise: The Story of an Indian Pilgrimmage (UK: 1963), 78.
9. Boshia Paran Botee Sirg KHAND 3. Adhya 2 Asjloke 21-31.
10. Boshia Paran Botee Sirg KHAND 3. Adhya 2 Asjloke 21-31.
11. Sheikh Abdul Qadir, Bani Israel Lay Teen Gurooh (Afzal, Dec. 10 1979). Hasmat Kashmir Kay Qalmi Nuskhay (Punjab University Libraray Lahore, Calacutta Museum and British Library).
12. "But he answered and said, I am not sent but unto the lost sheep of the house of Israel" (Matt 15:24).
13. Sir Francis Edward Younghusband, "The Project Gutenberg eBook, Kashimir", Gutenburg, May 7, 2012, http://www.gutenberg.org/files/39642/39642-h/39642-h.htm#Page_114-116.
14. G T Vigne, Travel in Kashmir, Ladak, Iskardo. The countries Joining the Mountain Course of the Indus, vol. 1 (London: 1844).
15. James Fergusson, "James Fergusson and Indian Architecture", Tokyo University, 2001, http://www.kamit.jp/08_fergusson/ferg_eng.htm.
16. James Ferguson, History of Indian and Eastern Archetecture (London: 1876), 286.
17. Muazna Muzahib, Kasmir mein Bani Israel and Hazrat Isaas ka Qiyam uzz Tarikh(Trans: The History of Prophet Jesusas and Bani Israel in Kashmir) August, 2012, 44.
18. James Turner Barclay, The City of the Great King: or, Jerusalem as it was… (Philadelphia: 1858), 184.
19. F Brenier, Travels in the Moghul Empire, 1656-58 (1891), 428
20. F Brenier, Travels in the Moghul Empire, 1656-58 (1891), 430.
21. F Brenier, Travels in the Moghul Empire, 1656-58 (1891), 430.
22. F Brenier, Travels in the Moghul Empire, 1656-58 (1891), 430.
23. Assolul Kafee, Kitabul Hajja, 334.
24. Sir Franics Edward Younghusband, "A Corner of the Village of Pahlgam, Lidar Valley", Gutenberg, May 7, 2012, http://www.gutenberg.org/files/39642/39642-h/39642-h.htm#Page_129.
25. Mohammad Azam Deeda Murree, Tarikh Kashmir Uzma, Urdu Trans. (Lahore: 1995), 28.
26. "And I sent them with commandment unto Iddo the chief at the place Casiphia, and I told them what they

# ഇബ്നു അറബി – സൂഫിയും പണ്ഡിതനും (1165 – 1240)

സക്കരിയ്യാ വിർക്ക്, കാനഡ

മുഹ്യുദ്ദീൻ ഇബ്നു അറബി ഇസ്ലാമിക സ്പെയിനിലെ പ്രസിദ്ധനായ യോഗിയും കവിയും പുണ്യവാളനും തത്ത്വജ്ഞാനിയും ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് സൂഫികളിൽ ആത്മീയ ഗുരുക്കന്മാരിൽ സുപ്രസിദ്ധനായിരുന്നു. മികവുറ്റ ഒരു അദ്ധ്യാപകനായിരുന്ന തോടൊപ്പം ആത്മീയ ദർശന ശേഷിയും അദ്ദേഹത്തിന്റെ കഴിവുകൊണ്ട് പ്രശസ്തി നേടിയിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ പേര് മുഹമ്മദ്ബിനു അലിയിബ്നു അൽ അറബി അൽതായിൽ ഹാത്തിമി എന്നായിരുന്നു. മുസ്ലിം സ്പെയിനിൽ മദീനത്തുൽ മുർസിയ (മുറീഷ്യ) പട്ടണത്തിൽ 1165 ആഗസ്റ്റിൽ അദ്ദേഹം ഭുജാതനായി. അദ്ദേഹത്തിന്റെ അറബി കുടുംബത്തിന്റെ വേരുകൾ ഔദാര്യത്തിന് കേൾവികേട്ട ഹംത്തിതായിയിൽ നിന്നാണ് ആരംഭിക്കുന്നത്.

അദ്ദേഹത്തിന്റെ പിതാവ് അലി ഇബ്നു അൽ അറബി വളരെ സ്വാധീനമുള്ള വ്യക്തിയായിരുന്നു. കോർഡോബയിലെ മുഖ്യജഡ്ജ് ഇബ്നു റുഷ്ദിനെപ്പോലെയുള്ളവർ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നു. അദ്ദേഹം മുഹമ്മദ്ബിൻ സഈദ് മർദാനിഷിന്റെ രാജകൊട്ടാരവുമായി ബന്ധപ്പെട്ട ആളായിരുന്നു. ഇബ്നു അറബിക്ക് എട്ടു വയസ്സായപ്പോൾ മുർഷ്യയിലെ ജോലി കാരണം കുടുംബം ലിസ്ബൻ വഴി സെവില്ലയിലേക്ക് താമസം മാറ്റി. സെവില്ലയിലെ അമീർ ആയിരുന്ന അബുയൂസഫ് യാക്കൂബ് തന്റെ കൊട്ടാരത്തിൽ തന്റെ പിതാവിന് ഉന്നതസ്ഥാനം നൽകിയതിനാൽ ഇബ്നു അറബി തന്റെ ജീവിതത്തിലെ മുപ്പത് വർഷം കഴിച്ചുകൂട്ടിയത് ഇവിടെയായിരുന്നു. സെവില്ലെ സൂഫിസത്തിന്റെ കേന്ദ്ര പട്ടണമായിരുന്നു. വളരെയേറെ സൂഫികൾ അവിടെ നിവസിച്ചിരുന്നു. രണ്ടു പുണ്യവതികളും അവിടെയുണ്ടായിരുന്നു. മാർച്ചനയിലെ യാസ്മിനും കോർഡോവയിലെ ഫാത്തിമയുമായിരുന്നു അവർ. യാസ്മിനെക്കുറിച്ചുള്ള ഇബ്നു അറബിയുടെ നിരീക്ഷണം.

“അവരുടെ ആത്മീയ പ്രവർത്തനങ്ങളിലും ആശയവിനിമയങ്ങളിലും ഏറ്റവും ഉന്നതയായിരുന്നു അവൾ. അവരുടെ ഹൃദയം ശക്തവും പരിശുദ്ധവുമായിരുന്നു. നല്ല വിവേചനബോധവും ഉണ്ടായിരുന്നു. അവയിൽ ചിലവ അവർ എന്നോട് വെളിപ്പെടുത്തുമായിരുന്നു. എന്റെ നേട്ടത്തെക്കുറിച്ച് അവർക്ക് അറിയാമായിരുന്നുവെന്നത് എന്നെ സന്തുഷ്ടനാക്കി. (1) ഇബ്നു അറബി തന്റെ അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കിയത് മൂറീഷ്യയിലും ലിസ്ബവിലുമായിരുന്നു. സെമാല്ലെയിൽ അദ്ദേഹം വിശുദ്ധ ഖുർആനും ഹദീസും ശരീഅത്തും അറബി വ്യാകരണവും സമഗ്രമായി പഠിച്ചു. അദ്ദേഹത്തിന്റെ പഠനത്തിലുള്ള വൈദഗ്ധ്യം കാരണം സെവില്ലെ ഗവൺമെന്റ് അദ്ദേഹത്തെ ഒരു സെക്രട്ടറിയായി നിയമിച്ചു. ഇബ്നു അറബിയുടെ ആത്മീയനേട്ടങ്ങൾ ഇളംപ്രായത്തിൽത്തന്നെ പ്രകടമായിരുന്നു. അദ്ദേഹം തന്റെ അധിക സമയവും ചെലവഴിച്ചിരുന്നത് സൂഫിമാർക്കിടയിലായിരുന്നു. കാരണം തസവ്വുഫ് ആദ്യമേ അദ്ദേഹത്തിന്റെ കുടുംബത്തിൽ പ്രയോഗവൽക്കരിക്കപ്പെട്ടിരുന്നു. 20-ാം വയസ്സിൽ സൂഫി പാതയിൽ പ്രവേശിച്ചു.

### കുടുംബത്തിലെ സൂഫിസം

അദ്ദേഹത്തിന്റെ കുടുംബത്തിന് സാംസ്കാരികമായ ബന്ധങ്ങൾക്കു പുറമെ മതപരമായ പ്രവണതകളിലും ഒരു ചായ്വുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രണ്ട് അമ്മാവന്മാർ സൂഫിമാരായിരുന്നു. അബൂമുസ്ലിം അൽ ഖൗലാനിയും യഹ്യാ ഇബ്നു യോഹ്മാനും. അൽ ഖൗലാനി രാത്രി മുഴുവൻ നിസ്കരിക്കാറുണ്ടായിരുന്നു. പതിവായി നിൽക്കുന്നത് കാരണം ക്ഷീണിതനായ തന്റെ കാലുകളിൽ സ്വയം വടി കൊണ്ട് അടിക്കുമായിരുന്നു.

രണ്ടാമത്തെ അമ്മാവൻ യഹ്യാ ബിൻ യോഗ്മാൻ ഒരു കാലത്ത് ലെംസനിലെ ഭരണാധികാരിയിരുന്നു. പിന്നീട് അദ്ദേഹം അബൂ അബ്ദുല്ലാ തുനീഷസി എന്ന ഒരു പുണ്യവാളനെ കണ്ടുമുട്ടി. രാജപ

ഇബ്നു അറബി ഈ സന്ദർശനത്തെ സ്വന്തം വാക്കുകളിൽ നിവേദനം ചെയ്യുന്നു:

"ഒരു ദിവസം ഞാൻ കൊർഡോവയിലെ ഖാസിയായ അബൂ വാലിദ് ഇബ്നു റുശ്ദിനെ കാണാൻ പോയി. എന്റെ ഉപാസന കാലത്ത് എനിക്കുണ്ടായ ദൈവിക വെളിപാടുകളെക്കുറിച്ച് കേട്ടറിഞ്ഞതുകൊണ്ടാണ് അദ്ദേഹം എന്നെ കാണാൻ ആഗ്രഹിച്ചത്. ഈ രഹസ്യങ്ങളെക്കുറിച്ചു കേട്ട എല്ലാവരും അത്ഭുതം പ്രകടിപ്പിക്കാറുണ്ടായിരുന്നു. ഞാനപ്പോഴും അനാഗതശ്മശ്രുവായിരുന്നു. ഇബ്നു റുശ്ദ് എന്റെ പിതാവിന്റെ അടുത്ത സുഹൃത്തായിരുന്നു. ഞാൻ മുറിയിൽ പ്രവേശിച്ച ഉടൻ എന്നോടുള്ള ആദരസൂചകമായി എഴുന്നേറ്റു നിന്നു. അദ്ദേഹത്തെ ആലിംഗനം ചെയ്തു. പിന്നെ അദ്ദേഹം എന്നോട് 'അതെ' എന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തെ മനസ്സിലാക്കി എന്ന വിധമുള്ള എന്റെ പ്രതികരണം അദ്ദേഹത്തെ സന്തുഷ്ടനാക്കി. എന്നാൽ നേരെ മറിച്ച്, അദ്ദേഹത്തിന്റെ സന്തുഷ്ടിക്ക് കാരണം എന്നെ മനസ്സിലാക്കി എന്നതാണെന്ന കാരണത്താൽ ഞാൻ 'ഇല്ല' എന്നു പറഞ്ഞു. അപ്പോൾ ഇബ്നു റുശ്ദ് എന്നിൽ നിന്നും പിൻവാങ്ങി. അദ്ദേഹത്തിന്റെ നിറംമാറി. എന്നെക്കുറിച്ചദ്ദേഹം വിചാരിച്ചതിൽ സംശയമുദിച്ചു. അദ്ദേഹം എന്നോടു ചോദിച്ചു. "തത്ത്വശാസ്ത്രപരമായ പ്രകാശത്താലും (കശ്ഫ്)ലും ദൈവീകവെളിപാടു കൊണ്ടും എന്തു പരിഹാരമാണ് താങ്കൾ കണ്ടെത്തിയത്? ധ്യാനപരമായ ചിന്തയും എന്തിലാണോ എത്തിച്ചേർന്നത് അതുമായി യോജിക്കുന്നുണ്ടോ? ' ഞാൻ 'അതേ' 'ഇല്ല' എന്നും മറുപടി പറഞ്ഞു. 'അതെ' എന്നും 'ഇല്ല' എന്നുമുള്ളതിനിടയിൽ ആത്മാക്കൾ പദാർഥത്തിനപ്പുറത്തും പറയുന്നു, കഴുത്തുകൾ ശരീരത്തിൽ നിന്നും വേറിടുന്നു.' ഇതു കേട്ടപ്പോൾ റുശ്ദ് മടങ്ങിപ്പോയി. അദ്ദേഹം കുലുങ്ങിപ്പോയി. എന്നിട്ട് പിറുപിറുത്തു "ലാ

ഏകാന്തതയിൽ കഴിച്ചുകൂട്ടി. ഇബ്നു അറബി പറയുന്നു:

'എന്റെ ഏകാന്തവാസം ഫജ്ർ നേരത്തായിരുന്നു ആരംഭിച്ചിരുന്നത്. സൂര്യനുദിക്കാൻ ആരംഭിച്ചപ്പോൾ പരോക്ഷമായ (ഗൈബിയായ) ലോകത്തെ രഹസ്യങ്ങൾ എന്നിൽ വെളിപ്പെട്ടു. ഈ ഉപാസനയിൽ ഞാൻ പതിനാല് മാസം കഴിച്ചുകൂട്ടി. എന്നോട് പറയപ്പെട്ട എല്ലാ രഹസ്യങ്ങളും ഞാൻ എഴുതിവെച്ചിട്ടുണ്ട്.

ക്യാബിനറ്റിൽ ഒരു പ്രധാന പദവിയായ ഒരു എഴുത്തുകാരന്റെ ജോലിയാണ് എനിക്ക് സിവിൽ സർവീസിൽ ആദ്യമായി ലഭിച്ചത്. അദ്ദേഹത്തിന്റെ പിതാവ് സംസ്ഥാനമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം രാജ്യം മുഴുവൻ അറിയപ്പെട്ടിരുന്നു. ആത്മീയാനുഭവത്തിനു ശേഷം അദ്ദേഹം തന്റെ ജോലി ഉപേക്ഷിച്ചു. അദ്ദേഹം ഒരു ദർവേശായി ജീവിക്കുന്നതിന് മുൻഗണന നൽകി.

## ഇബ്നുറശ്ദുമായുള്ള കൂടിക്കാഴ്ച

ഇബ്നുഅറബിയുടെ അസാധാരണമായ പാണ്ഡിത്യവും ആത്മീയമായ ഉൾക്കാഴ്ചയും കാരണം അദ്ദേഹത്തിന്റെ ഖ്യാതി സ്പെയിൻ മുഴുവൻ വ്യാപിച്ചു. അരിസ്റ്റോട്ടിലിന്റെ തത്ത്വങ്ങളുടെ വ്യാഖ്യാതാവായ കൊർഡോബയിലെ ഖാസി ഇബ്നു റുശ്ദ് (1126-1198) ഇബ്നുഅറബിയുമായി കൂടിക്കാഴ്ച നടത്താൻ തന്റെ പിതാവിനോടപേക്ഷിച്ചു.

പ്രശസ്തരായിരുന്ന ഈ രണ്ടു പേരുടെയും കൂടിക്കാഴ്ച സുപ്രധാനമായിരുന്നു. ഒരാൾ ബൗദ്ധിക ദർശനങ്ങളുടെ വ്യാഖ്യാതാവായിരുന്നു. അദ്ദേഹം യൂറോപ്പിലെ ഏറ്റവും സ്വാധീനമുള്ള ചിന്തകനായിരുന്നു. അറിവ് എന്നാൽ ദർശനം ആണെന്നു മനസ്സിലാക്കിയ ഒരു തത്ത്വജ്ഞാനിയായിരുന്നു മറ്റേ ആൾ. അദ്ദേഹം സൂഫിസത്തിലെ അത്യുന്നതനുമായിരുന്നു.

ദവി ഉപേക്ഷിച്ച് തത്ത്വജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. ഇബ്നു അറബിയോട് അദ്ദേഹത്തിന്റെ ജനങ്ങൾ പ്രാർഥിക്കാൻ അപേക്ഷിച്ചാൽ ഇബ്നു അറബി പറയുമായിരുന്നു: "യഹ്യാബ്നു യോഹ്മാനോട് അപേക്ഷിക്കുക. എന്തെന്നാൽ അദ്ദേഹം ഒരു രാജാവായിരുന്നു. പിന്നീട് ഒരു തത്ത്വജ്ഞാനിയായി. അത്തരമൊരു പരീക്ഷണം എന്നെ കൂടി നേരിട്ടിരുന്നുവെങ്കിൽ ഞാനൊരിക്കലും വിജയിക്കില്ലായിരുന്നു."

## സൂഫിസത്തിലേക്കുള്ള ബൈഅത്ത്

1184ൽ തനിക്ക് 20 വയസ്സുള്ളപ്പോഴാണ് താനൊരു സൂഫിയായത് എന്ന് ഇബ്നു അറബി പറയുമായിരുന്നു. സെവില്ലെയിലെ മറ്റു പൗരന്മാരോടൊപ്പം തന്നെയും അവിടുത്തെ ഒരു പ്രധാനി സൽക്കാരത്തിനു ക്ഷണിച്ചിരുന്നതായി ഇബ്നു അറബി പറയുന്നു. അവരെല്ലാം ഒരു പാനീയം കുടിക്കുകയായിരുന്നു. പാനീയം ഇബ്നു അറബിക്ക് നല്കപ്പെട്ടപ്പോൾ അദ്ദേഹം ഇങ്ങനെ ഒരു ശബ്ദം കേട്ടു: "ഓ മുഹമ്മദ്, ഇതിനാണോ നാം നിന്നെ സൃഷ്ടിച്ചത്?" അദ്ദേഹം പാനീയം താഴെ വച്ചു ഉടനെ അവിടം വിട്ടിറങ്ങി. വീട്ടിനു പുറത്ത് അദ്ദേഹം ഒരു ഇടയനെ കണ്ടുമുട്ടി. അവന്റെ കൂടെ പട്ടണത്തിന്റെ പ്രാന്തപ്രദേശത്തേക്കു പോയി. വസ്ത്രങ്ങൾ പരസ്പരം കൈമാറി. കുറേനേരം കറങ്ങിയ ശേഷം ഒരു ശ്മശാനത്തിൽ എത്തി. അവിടെ അദ്ദേഹം നാലു ദിവസം 'ദിക്റെ ഇലാഹി' (ദൈവസ്മരണ)യിൽ മുഴുകി. അവിടെ നിന്ന് പുറത്തേക്ക് വന്നപ്പോൾ അത്യധികമായ ജ്ഞാനത്താൽ അദ്ദേഹം അനുഗൃഹീതനായി.

ജീവിതം തന്നെ മാറ്റിമറിക്കപ്പെട്ട ഈ അനുഗ്രഹത്തിനുശേഷം തന്റെ യജമാനനായിരുന്ന ശേഖ് യൂസുഫ് ബിൻ ആഖ്ലഫാൽ കുമിയുടെ മാർഗദർശനത്തിൽ ഒമ്പത് മാസം

ഹൌല ബിലാ കുവ്വത്ത'' (ഒരു ശക്തിയുമില്ല, അല്ലാഹുവിന്റെതൊഴികെ) ഇത് എന്റെ കുത്ത് വാക്ക് കാരണമായിരുന്നു. ഗൂഢാർഥമായ ഭാഷയിൽ ആ യുവാവ് അറിയിച്ച തെന്തെന്നാൽ യുക്തിപരമായ പര്യവേഷണം ദൈവത്തെക്കുറിച്ചുള്ള പരിപൂർണമായ ജ്ഞാനവും ലോക ജ്ഞാനവും നേടാൻ അപര്യാപ്ത മാണ് എന്നാണ്.

മറ്റൊരവസരത്തിൽ എന്റെ പിതാവിനോട് ഞാനുമായി അഭിമുഖം നടത്താൻ അദ്ദേഹം അഭ്യർത്ഥിച്ചു. അതുമുഖേന അദ്ദേഹത്തിന്റെ പക്കലുള്ള കാര്യങ്ങൾ (ജ്ഞാനം) എന്നോടു പറയുവാൻ സാധിക്കുമല്ലോ. അദ്ദേഹം ബുദ്ധിമാന്മാരിൽ ഏറ്റവും മികച്ചു നിൽക്കുന്ന ആളായതിനാൽ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തി. അജ്ഞനായ ഒരാൾ ഏകാന്തവാസത്തിനുപോയി മടങ്ങിവന്നപ്പോൾ പരിപൂർണ ജ്ഞാനിയായിരിക്കുന്നു. എന്തെങ്കിലും ചർച്ചയോ പ്രമേയമോ ഗവേഷണമോ അദ്ധ്യാപകന്റെ കീഴിൽ പഠിക്കാതെയോ ആണിത്. അദ്ദേഹം പറഞ്ഞു: എല്ലാ പ്രതാപവും അല്ലാഹുവിനത്രെ. എന്റെ ജീവിതകാലത്ത് ഈ അനുഭവത്തിന്റെ ഉടമസ്ഥൻ ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ വാതിലുകളുടെ പൂട്ട് തുറക്കാൻ കഴിയുന്ന ഒരാൾ ഉണ്ടായിരിക്കുന്നു. അങ്ങനെയുള്ള ഒരു വ്യക്തിയെ നേരിൽ കാണാനുള്ള വ്യക്തിപരമായ അനുഗ്രഹം നൽകിയ അല്ലാഹുവിനത്രെ സർവ പ്രതാപവും'' (2)

ഈ സംവാദത്തിൽ യുവാവായ തത്ത്വജ്ഞാനി മേൽക്കൈ നേടിയിരിക്കുന്നു. പ്രായമുള്ള പര്യടനം നടത്തുന്ന തത്ത്വജ്ഞാനി നിരുദ്ധകണ്ഠനായി. ഇത് കാണിക്കുന്നത് അദ്ദേഹത്തിന്റെ തത്ത്വജ്ഞാനപരമായ ചിന്തയും നിഗൂഢമായ അനുഭവവുമാണ്. ഇവിടെ നിഗൂഢ ജ്ഞാനം തത്ത്വജ്ഞാനത്തെ മറികടന്നിരിക്കുന്നു. എന്തെന്നാൽ ഇബ്നു അറബി സ്വയം തന്നെ ഒരു തത്ത്വജ്ഞാനി കൂടിയായിരുന്നു.

## അദ്ദേഹത്തിന്റെ യാത്രകൾ

1193ൽ 30 വയസ്സുള്ളപ്പോൾ അദ്ദേഹം ആദ്യമായി വിദേശ യാത്ര ചെയ്തു. അദ്ദേഹം തുനീസിലേക്ക് പോയി. അവിടെ വെച്ച് അബ്ദുൽ അസീസ് ഇബ്നു അബൂബക്കർ അൽഖുറൈശി അൽ മഹ്ദാവിയെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ഇബ്നു അറബി അന്തലൂസിൽ (സ്പെയിൻ) താനുമായി ബന്ധമുള്ള 55 സൂഫി പുണ്യവാളന്മാരുടെ ജീവചരിത്രമെഴുതി അത് 'റൂഹുൽ ഖുദ്സ്' എന്ന് നാമകരണം ചെയ്യപ്പെട്ടു.

ഒരു പക്ഷേ വടക്കെ ആഫ്രിക്കയിലെ ആഭ്യന്തരയുദ്ധം കാരണമായി ഇബ്നു അറബി ആന്തലുസിലേക്ക് മടങ്ങി. 1994-ൽ അദ്ദേഹം ഫെസിലേക്ക് യാത്ര ചെയ്തു. അലാകോസിലെ ക്രിസ്തീയ സൈന്യത്തിനെതിരിൽ യാക്കൂബ് അൽ മൻസൂറിലെ ഭരണാധികാരിയായ അൽമൊഹാദ് വിജയിക്കുമെന്ന് ഇബ്നു അറബി മുൻകൂട്ടി പറഞ്ഞു. 1195 ആവുമ്പോഴേക്ക് അദ്ദേഹം സെവില്ലയിലേക്ക് മടങ്ങി. അവിടെ അദ്ദേഹം മിക്കവാറും സമയവും പഠനത്തിലും ചർച്ചയിലും മുഴുകി. ഇത്രയുമായപ്പോഴേക്കും ആത്മീയമായ ആധികാരികതയുടെ ബഹുമതികാരണം മറ്റുള്ളവർ അദ്ദേഹത്തെ സാദരം വീക്ഷിച്ചു.

1196ൽ അദ്ദേഹം ഫെസിലേക്ക് മടങ്ങി. അസ്ഹർ പള്ളിയിലെ ഇമാമായ അബ്ദുൽ കരീമിന്റെ പ്രഭാഷണം കേൾക്കാനായിരുന്നു ഇത്. അദ്ദേഹം ഇബ്നു ഹയ്യൂമിന്റെ തോട്ടത്തിൽ ഇടയ്ക്കിടെ സന്ദർശനം നടത്തി. ആത്മീയതയുള്ള ആളുകളെ കണ്ടുമുട്ടാനായിരുന്നു ഇങ്ങനെ ചെയ്തത്. ഇവിടത്തെ താമസക്കാലത്ത് അദ്ദേഹത്തിന് നിരവധി ശിഷ്യന്മാരുണ്ടായി. അദ്ദേഹത്തിന്റെ ആത്മീയപദവി അത്യന്തം ഉന്നതമായിരുന്നു. മുഹമ്മദിന്റെ പുണ്യവാളത്തത്തിന്റെ അറിവിന്റെ മുദ്ര താൻ നേടിയതിനാൽ 'അൻഖാത്തമുൽ ഔലിയ' എന്ന് അറിയപ്പെട്ടു. 1193ൽ അദ്ദേഹം ഗ്രനഡ വഴി മുർസിലയിലേക്ക് തിരിച്ചു വന്നു. അദ്ദേഹം കൊർഡോബയിൽ ഇബ്നുറുശ്ദിന്റെ മരണാനന്തരചടങ്ങുകളിൽ സംബന്ധിച്ചു. ഇബ്നു റുശ്ദ് മരാക്കേശിൽ ചരമം പ്രാപിച്ചെങ്കിലും അദ്ദേഹത്തിന്റെ മൃതദേഹം കബറടക്കാനായി ജന്മദേശത്തേക്ക് കൊണ്ടുവന്നിരുന്നു. ഈ അവസരത്തിൽ അദ്ദേഹം താഴെ കൊടുത്ത വരികൾ രചിച്ചു.

ഇതാണ് ഇമാം ഇവ അദ്ദേഹത്തിന്റെ പ്രവൃത്തികളും.'

അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ സഫലീകരിക്കപ്പെട്ടുവെന്ന് ഞാനറിഞ്ഞിരുന്നെങ്കിൽ.

1200ൽ അദ്ദേഹം മറാകേശിലേക്ക് പോയി. അവിടെ അദ്ദേഹം ദാനസൂക്ഷിപ്പുകാരനായ കൂത്തയിലെ അബു അൽ അബ്ബാസിന്റെകൂടെ കുറച്ചുസമയം ചെലവഴിച്ചു. ഇവിടെ അദ്ദേഹത്തിന് രണ്ടനുഭവങ്ങളുണ്ടായി. അതോടെ അദ്ദേഹത്തിന്റെ ആത്മീയ പദവിയിൽ കൂടുതൽ ഔന്നത്യം ഉണ്ടായി. കിഴക്കോട്ടുള്ള മാർഗമദ്ധ്യേ അദ്ദേഹം ബുജിയയിലേക്കും തുനീസിലേക്കും യാത്രചെയ്തു.

## കിഴക്ക് അദ്ദേഹത്തിന്റെ ജീവിതം

അദ്ദേഹം തന്റെ കൂട്ടുകാരനായ അൽഹസറിന്റെ കൂടെ കിഴക്കോട്ട് യാത്ര ചെയ്തു. വളരെ ചുരുങ്ങിയ കാലം കൈറോയിലും അലക്സാന്റിറിയയിലും ചിലവഴിച്ച ശേഷം 1201 ൽ മക്കയിൽ എത്തി.

ഒരിക്കൽ അദ്ദേഹം മക്കടിലെ സാഹിർ ഇബ്നു റന്റസ്തം ഇസ്ഫഹാനിയുടെ ആതിഥ്യം സ്വീകരിച്ചു. അദ്ദേഹവും ഒരു സൂഫിയും സൂഹത്തിൽ ഉന്നതസ്ഥാനമലങ്കരിച്ച ആളുമായിരുന്നു.

സാഹിറിന് നിസാം ഐൻ അശ്ശംസ് എന്ന് പേരുള്ള ഒരു മകളുണ്ടായിരുന്നു. അവളുടെ ശ്രദ്ധയാകർഷിക്കുന്ന നോട്ടങ്ങൾ ഇബ്നു അറബിയെ തർജുമാനുൽ

അസ്ഖാഖ് എന്ന പേരിൽ പ്രേമക വിതകൾ എഴുതാൻ പ്രചോദിതനാക്കി. നിസാം അതീവ സൗന്ദര്യം കൊണ്ടും ബുദ്ധിശക്തികൊണ്ടും ആത്മീയമായ അനുഭവങ്ങൾ കൊണ്ടും അനുഗൃഹീതയായിരുന്നു. അവളുടെ കണ്ണഞ്ചപ്പിക്കുന്ന സൗന്ദര്യവും പെരുമാറ്റത്തിന്റെ വശ്യതയാർന്ന മിതത്വവും മൃദുഭാഷണത്തിന്റെ സ്വരമാധുര്യവും കാരണം അവളുടെ സാന്നിദ്ധ്യം ചുറ്റുമുള്ളവരെ വശീകരിക്കുമായിരുന്നു.

ഇബ്നു അറബി 'തർജ്ജുമാനുൽ അശ്ഫാഖി'ൽ എഴുതി.

മക്കയിലായിരുന്നപ്പോൾ അദ്ദേഹം ഹജ്ജ് നിർവഹിച്ചു. കഅബ പ്രദക്ഷിണം (തവാഫ്) ചെയ്യുമ്പോൾ 'ഹജറുൽ അസ്വദ് ' കടന്നുപോകുമ്പോൾ അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി. ഇതദ്ദേഹത്തിന്റെ ആത്മീയപക്വതയുടെ നിർണായകഘട്ടം രേഖപ്പെടുത്തുന്നു.

മക്കയിൽ അദ്ദേഹത്തിന്റെ മാസ്റ്റർപീസായ 'ഫുത്തുഹാത്തുൽ മക്കിയ' എഴുതാൻ തുടങ്ങി. 1204ൽ അദ്ദേഹം മക്ക വിട്ടു. അവിടെ നിന്ന് ബാഗ്ദാദിലേക്കും പിന്നീട് മോസുലിലും പോയി. ഇവിടെ വച്ച് അദ്ദേഹം 'അൽതനസ്സുലാത്ത് അൽ മൗസുലിയ്യ' (മോസുലിലെ വെളിപാടുകാർ) എന്ന പേരിൽ രചിച്ച ഗ്രന്ഥത്തിൽ അംഗശുദ്ധി (വുളു)യുടെയും സ്വലാത്തീ(നിസ്കാരം)ന്റെയും പ്രാധാന്യം വിവരിക്കുന്നു. 1206ൽ കൈറോയിൽ നിന്ന് മടങ്ങുന്ന വഴി ഹെബ്രോണിൽ എത്തി. അവിടെ അദ്ദേഹത്തിനെതിരിൽ മതനിന്ദാരോപണമുണ്ടായി. പക്ഷേ, ഭരണകർത്താവായ നാസിറുദ്ദീൻ അൽ മാലിക്ക്അദിൽ ഇടപെട്ടു. ബുജിയയിൽ നിന്ന് അബുൽ ഹഖിന്റെ കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്.

### കോനിയയിലെ ജീവിതം

കൈറോയിൽ അദ്ദേഹത്തിന് ലഭിച്ച സ്വീകരണം ഇബ്നുഅറബിയെ നിരുത്സാഹപ്പെടുത്തി. 1207ൽ അദ്ദേഹം മക്കയിലേക്ക് മടങ്ങി. ഒരു വർഷം നീണ്ട താമസത്തിനുശേഷം അദ്ദേഹം ഏഷ്യാമൈനറിലേക്ക് (തുർക്കി) യാത്രയായി. 1210ൽ അദ്ദേഹം എത്തിയപ്പോൾ റോമിലെ സൽജ്ജൂക്ക് സുൽത്താൻ കെ കയ്സും (1210–1220) കൊനിയയിലെ ജനങ്ങളും അദ്ദേഹത്തെ വരവേറ്റു. ഇവിടെ, സദറുദ്ദീൻ അദ്ദേഹത്തിന്റെ വിശ്വസ്ത ശിഷ്യനായിരുന്നു. അദ്ദേഹം ഇബ്നു അറബിയുടെ അദ്ധ്യാപനങ്ങളുടെ പ്രധാന പ്രയോക്താവായി. അദ്ദേഹത്തിന്റെ രചനകളുടെ ബൃഹത്തായ വ്യാഖ്യാനങ്ങൾ സദറുദ്ദീൻ എഴുതി. സദറുദ്ദീൻ മൗലാനാ ജലാലുദ്ദീൻ റൂമിയുടെ അടുത്ത ശിഷ്യനായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസിയുടെ (1236–1311) അദ്ധ്യാപകനുമായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസി 13–ാം നൂറ്റാണ്ടിലെ എണ്ണപ്പെട്ട സൂഫിയുമായിരുന്നു.

1211ൽ തന്റെ ഏതാനും ശിഷ്യരോടൊപ്പം അദ്ദേഹം കൊനിയയിൽ നിന്ന് ബാഗ്ദാദിലേക്ക് പോയി. ഇവിടെ അദ്ദേഹം ഒരു വലിയ സൂഫി ഗുരുവായ ശിഹാബുദ്ദീൻ സുഹ്രവർദിയുമായി കൂടിക്കാഴ്ച നടത്തി. 1212ൽ ഇബ്നു അറബി സുൽത്താൻ കെക്കോസിന് ഒരു കത്തെഴുതി. അദ്ദേഹം പ്രജകളെന്ന നിലയിൽ ക്രിസ്ത്യാനികളുടെ പെരുമാറ്റം എങ്ങനെയായിരുന്നുവെന്ന് ചോദിച്ചിരുന്നു. അവരുമായുള്ള കൈകാര്യങ്ങളിൽ കർശന നിലപാട് കൈക്കൊള്ളണമെന്നും ഇസ്ലാമിന് തന്റെ രാജ്യത്ത് ദോഷം വരുത്തുന്നതിൽ നിന്ന് അവരെ തടയണമന്നും അദ്ദേഹം എഴുതി. ഇതൊരു പക്ഷേ, ആ സമയത്ത് നടന്നിരുന്ന കുരിശുയുദ്ധം കാരണമായിരിക്കണം.

1213ൽ അദ്ദേഹം മക്കയിലേക്ക് യാത്ര ചെയ്യുകയും രണ്ടുവർഷത്തിനുശേഷം ഒരിക്കൽ കൂടി അദ്ദേഹം തുർക്കിയിൽ പോകുകയും കെകോസിനെ കണ്ടുമുട്ടുകയും അന്ത്യോക്യ യുദ്ധത്തിൽ അദ്ദേഹത്തിന് വിജയമുണ്ടാകുമെന്ന് മുൻകൂട്ടി പറയുകയും ചെയ്തിരുന്നു. അദ്ദേഹം 1221ൽ ആലെപ്പോയിൽ എത്തി. പിന്നീട് ഡമാസ്കസ്സിൽ താമസിക്കാൻ തീരുമാനിച്ചു. തന്റെ സംഭവബഹുലമായ ജീവിതത്തിൽ നിന്നും ഒഴിഞ്ഞ് മാറി സമാധാനപൂർവ്വം ചെലവഴിക്കാൻ ആഗ്രഹിച്ചു.

അവിടുത്തെ ഭരണാധികാരി അൽമലിക്കുൽ ആദിൽ അദ്ദേഹത്തോട് വളരെ ബഹുമാനപുരസ്സരമാണ് പെരുമാറിയത്. 1240ൽ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഡമാസ്കസ്സിന്റെ വടക്ക് ഖാസിയൂൻകുന്നിന്റെ അടുത്തുള്ള സാലിഹിയയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. 16–ാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ സ്മാരകമണ്ഡപം നിർമിക്കപ്പെട്ടു. ഇന്നും അത് സൂഫികളുടെ തീർഥാടനകേന്ദ്രാണ്.

### അദ്ദേഹത്തിന്റെ സന്തതികൾ

ഇബ്നു അറബി മൂന്നു തവണ മൂന്ന് രാജ്യങ്ങളിൽ വിവാഹിതനായിട്ടുണ്ട്. സെവില്ലെയിലെ താമസക്കാലത്ത് അദ്ദേഹം സൂഫിയാവണമെന്ന തന്റെ ആഗ്രഹം പങ്കുവെച്ചു. മുഹമ്മദ്ബ്ൻ അൽദൂനിന്റെ മകൾ മറിയമിനെയാണ് വിവാഹം ചെയ്തത്. രണ്ടാം ഭാര്യ മക്കയിലെ ശരീഫിന്റെ മകളായിരുന്നു. അദ്ദേഹം ഇമാദുദ്ദീന്റെ മാതാവായിരുന്നു. അവസാനമായി അദ്ദേഹം ഡമാസ്ക്കസ്സിലെ ഖാസിയുടെ മകളെയായിരുന്നു വിവാഹം ചെയ്തത്. (5)

അദ്ദേഹത്തിന് 2 പുത്രന്മാരുണ്ടായിരുന്നു. സദ്അദ്ദീൻ മുഹമ്മദ് (1221 –1258). അദ്ദേഹം അംഗീകരിക്കപ്പെട്ട ഒരു കവിയായിരുന്നു. പിന്നെ ഇമാദുദ്ദീൻ മുഹമ്മദ് (മരണം 1268).

### അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ

സൂഫികൾക്കിടയിൽ ഇബ്നു അറബി പരാമർശിക്കപ്പെട്ടിരുന്നത് അശ്ശൈഖുൽ അക്ബർ, ഏറ്റവും മഹാനായ അധ്യാപകൻ എന്നാണ്. ഇതിനുള്ള കാരണം വാചികമായ

പ്രക്ഷേപണത്തിലും പരോക്ഷ സൂചനയിലും ഒതുങ്ങിയ സിദ്ധാന്തങ്ങൾ എഴുത്തു മുഖേനയാക്കി എന്നതാണ്. അങ്ങനെ ചെയ്യുന്നതു വഴി അദ്ദേഹം പല വിഷയങ്ങളും ക്രോഡീകരിച്ചു. അതിഭൗതികമായ സിദ്ധാന്തങ്ങൾ ആചാരപരമായ സംശുദ്ധി (വുളു) ബഹിരാകാശ ശാസ്ത്രം, സംഖ്യാശാസ്ത്രം, നിഗൂഢമായ അവസ്ഥകൾ, സൂഫി സിദ്ധാന്തങ്ങൾ എന്നിവ എഴുത്തുമുഖേന രേഖപ്പെടുത്തി ഇബ്നു അറബി തന്റെ സ്വന്തം ഗ്രന്ഥങ്ങളുടെ പട്ടികയിൽ 251 എണ്ണം ചേർത്തിട്ടുണ്ട്. ചില ഗ്രന്ഥങ്ങൾ അച്ചടിക്കപ്പെടുകയോ പരിഭാഷപ്പെടുത്തപെടുകയോ ചെയ്തിട്ടുണ്ട്. 110 രചനകളുടെ കയ്യെഴുത്തുപ്രതികൾ ഇപ്പോഴും ഉണ്ട്. അവയിൽ 18 എണ്ണം ഇബ്നു അറബിയുടെ സ്വന്തം കൈപ്പടയിൽ ഉള്ളതാണ്. 71 രചനകൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്. 33 രചനകളുടെ വ്യാഖ്യാനങ്ങൾ മുസ്ലിം പണ്ഡിതന്മാർ നിർവഹിച്ചിട്ടുണ്ട്.

ഭാഷാശാസ്ത്രം, അക്ഷരപ്രതീകാത്മകത്വം, തത്ത്വശാസ്ത്രം, രാസവാദവിദ്യ, ബഹിരാകാശശാസ്ത്രം എന്നിവയായിരുന്നു അത്. വിശുദ്ധ ഖുർആനിലും ഹദീസിലും അഗാധ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു ഇബ്നു അറബി.

ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം വിദഗ്ധനായിരുന്നു. വിശുദ്ധ ഖുർആനിലുള്ള ഗദ്യതാളലയങ്ങൾ (ബജ്) അദ്ദേഹത്തിന്റെ കൃതികളിൽ മുഴുവൻ കാണാമായിരുന്നു.

സൂഫിസത്തെ സംബന്ധിച്ച (ആത്മീയജ്ഞാനം) യഥാർഥമായ ഒരു സർവവിജ്ഞാനകോശമാണ് അദ്ദേഹത്തിന്റെ ഫുത്തുഹാത്തുൽ മക്കിയ എന്ന ഗ്രന്ഥം. പാരമ്പര്യം, ബുദ്ധി, ഗൂഢാർഥപരമായ ഉൾക്കാഴ്ച എന്നിവയെ കയറിഴ പോലെ കൂട്ടിച്ചേർക്കുകയും വേർതിരിക്കുകയും ചെയ്യുന്നു. ഈ ഉദ്യമം അദ്ദേഹം 1201ൽ മക്കയിൽ വെച്ച് ആരംഭിക്കുകയും 1237ൽ ഡമാസ്കസ്സിൽ വച്ച് പൂർത്തിയാക്കുകയും ചെയ്തു. അതിലടങ്ങിയിരിക്കുന്നത് ഗൂഢാർഥപരമായ അനുഭവങ്ങൾ, അതിഭൗതിക ശാസ്ത്രസിദ്ധാന്തങ്ങൾ, ദർശനങ്ങൾ, ജ്യോതിശാസ്ത്രം, സൂഫീസിദ്ധാന്തങ്ങൾ ധ്യാനം എന്നിവയാണ്. 560 അദ്ധ്യായങ്ങളിൽ രചിക്കപ്പെട്ട ബൃഹത്തായ ഒരു ഗ്രന്ഥമാണിത്. ഇബ്നു അറബി മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത ഇസ്ലാമിലെ എല്ലാ വിഷയങ്ങളും അടങ്ങിയ ഒരു വിശ്വവിജ്ഞാനകോശമാണിത്. അതോടൊപ്പം അദ്ദേഹത്തിന്റെ ആന്തരികമായ ആത്മീയ ജീവിതത്തെക്കുറിച്ചുള്ള വിലമതിക്കാനാവാത്ത വിവരണങ്ങളും ഇതിൽ ഉണ്ട്. ഇതിന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിന്റെയോ ചിന്തയുടെയോ ഫലമല്ലെന്നും അദ്ദേഹം തറപ്പിച്ചു പറയുന്നു.

“പ്രചോദനത്തിന്റെ മലക്കുമുഖേന അല്ലാഹു പറഞ്ഞുതന്നതാണിവയെല്ലാം.”

ഈ മഹത്തായ രചനയുടെ നൂറിലധികം വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്.

‘ഫുസൂസുൽ ഹിക്കം’ (ജ്ഞാനത്തിന്റെ കൈപ്പിടികൾ) എന്ന ഗ്രന്ഥം രചിക്കപ്പെട്ടത് 1229ലാണ്. യഹൂദ, ക്രിസ്തീയ, ഇസ്ലാമിക പ്രവാചകന്മാരുടെ ആന്തരികജ്ഞാനത്തിന്റെ വെളിപ്പെടുത്തലുകളാണിതിൽ. 27 അദ്ധ്യായങ്ങളിൽ ഓരോന്നും ഇസ്ലാമിക സിദ്ധാന്തങ്ങളുടെ നിഗൂഢതത്ത്വശാസ്ത്രത്തിന് അർപ്പണം ചെയ്തിരിക്കുന്നു. മുഹമ്മദ് നബി(സ)യെക്കുറിച്ചുള്ള ഒരു ദർശനത്താൽ പ്രചോദിതനായി എഴുതപ്പെട്ടതാണ്. ദർശനത്തിൽ നബിതിരുമേനി(സ) ഒരു പുസ്തകം ഇബ്നു അറബിക്ക് നല്കികൊണ്ട് ഇത് ലോകത്തിന് വിതരണം ചെയ്യണം എന്ന് ഇബ്നു അറബിയോട് ആജ്ഞാപിക്കുന്നതായിരുന്നു ദർശനം. .

ഈ ഗ്രന്ഥം കടുത്ത വിമർശനങ്ങൾക്ക് വിധേയമായി. അദ്ദേഹം അവിശ്വാസിയാണെന്നു നിരവധി മതപണ്ഡിതന്മാർ പ്രഖ്യാപിച്ചു (ഇബ്നു തീമിയ്യ). ഫുസൂസിന് നിരവധി വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ സദറുദ്ദീൻ കോനവിയും, അബ്ദുൽ ഘനി അൽ നബ്യൂസി എന്നിവരുടേതാണ്. ജ്ഞാനപരമായ ഗ്രന്ഥങ്ങളായി സൂഫിഗ്രന്ഥങ്ങൾ അംഗീകരിക്കപ്പെട്ട ഇസ്ലാമിക രാജ്യങ്ങളിൽ അത് പഠിപ്പിക്കപ്പെട്ടുവരുന്നു.

റുഹുൽ ഖുദുസ്, അൽദുറത്തുൽ ഫത്വീറ എന്നീ ഗ്രന്ഥങ്ങൾ ഡോ. ആർ. ഡബ്യു. ഓസ്റ്റിൻ ഒറ്റവാല്യമായി 1971ൽ പ്രസിദ്ധപ്പെടുത്തി. ആന്തലൂസിയയിലെ സൂഫികൾ എന്ന ഗ്രന്ഥത്തിൽ 71 സൂഫികളുടെ ജീവിതരേഖകൾ നല്കപ്പെട്ടിരിക്കുന്നു. ചില ചെറിയ ഗ്രന്ഥങ്ങൾ 1931ൽ ആസിൻ പലാഷ്യോസ് സ്പാനിഷ് ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട് (6)

സ്വന്തം കൈപ്പടയിലുള്ള 18 രചനകൾ നിലവിലുണ്ട്. നിരവധി പ്രതികൾ അദ്ദേഹം ആധികാരികതയോടെ നിർമിച്ചിട്ടുണ്ട്. നിരവധി ആത്മകഥാ കയ്യെഴുത്തു പ്രതികൾ ബാഗ്ദാദ്, ഇസ്തംബൂൾ, കെനിയ എന്നിവിടങ്ങളിലെ ലൈബ്രറികളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

## അദ്ദേഹത്തിന്റെ മൊഴികൾ

ഇബ്നു അറബിയുടെ ഉദ്ധരണികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ നമുക്ക് അദ്ദേഹത്തിന്റെ വീക്ഷണങ്ങളെക്കുറിച്ചുള്ള ബോധം നൽകുന്നു.

’അല്ലാഹുവിനെ അറിയുന്നവൻ തന്റെ കണ്ണിന്റെ കാഴ്ച (ബസ്വർ) കൊണ്ട് അവനെ കാണുന്നു. മറ്റുള്ളവർ അത് ഉൾക്കാഴ്ച (ബസ്വീറ) കൊണ്ട് കാണുന്നു. ഉൾക്കാഴ്ച കൊണ്ട് കാണുന്നവനെ യഥാർഥത്തിൽ ആരും അറിയുന്നില്ല എന്നിരിക്കിലും അയാൾക്ക് തന്റെ അഹന്ത വരുത്തുന്ന ക്ഷതം അറിയാൻ കഴിയുന്നില്ല. പിന്നെ എങ്ങനെ തന്റെ നാഥൻ അവനുവേണ്ടി മുൻകൂട്ടി

വിധിച്ച കാര്യങ്ങളെക്കുറിച്ച് സുരക്ഷിതമാണെന്ന് അറിയാൻ കഴിയുന്നത്?

'അറിവുള്ളവന്റെ പ്രഭാഷണം ശ്രോതാവിന്റെ പ്രതിച്ഛായയിലായിരിക്കും. അതായത്, അപരന്റെ കഴിവുകൾ, തയ്യാറെടുപ്പ്, ദൗർബല്യം, ആന്തരികഗോപനം മുതലായവ. നിങ്ങൾക്ക് ഒരാളുടെ ചോദ്യത്തിന് മറുപടി പറയുന്നത് സങ്കീർണമായി തോന്നുന്നുവെങ്കിൽ ഉത്തരം പറയരുത്. എന്തെന്നാൽ അദ്ദേഹത്തിന്റെ പാത്രം മുമ്പെത്തന്നെ നിറഞ്ഞിരിക്കയാണ്. അതിനാൽ ഉത്തരം ഉൾക്കൊള്ളാൻ അതിൽ സ്ഥലമില്ല.'

'അജ്ഞന് തന്റെ അജ്ഞത കാണ്മാൻ കഴിയുന്നില്ല. എന്തെന്നാൽ അയാൾ അന്ധകാരത്തിൽ ഒളിച്ചിരിക്കയാണ്. അറിവുള്ള ആൾക്ക് സ്വന്തം അറിവ് കാണാൻ സാധിക്കുന്നില്ല എന്തെന്നാൽ അയാൾ പ്രകാശത്തിൽ ഒളിച്ചിരിക്കുകയാണ്.'

'പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്റെ ചലനം സ്നേഹത്തിന്റെ ചലനമാണ്.' തന്റെ ഉറ്റതോഴരെ അദ്ദേഹം ഇങ്ങനെ അഭിസംബോധന ചെയ്തു.

'ഓരോ വിധത്തിലുള്ള അറിവിനും ചില ആളുകളുണ്ട്. ഓരോ അറിവും ഓരോരുത്തർക്കും സ്വയം കീഴടക്കാൻ സാധിക്കില്ല. മാത്രമല്ല, അതിനുള്ള സമയവുമില്ല. അതുകൊണ്ട് ഏത് സമുദായത്തിലും എല്ലാവിധത്തിലുമുള്ള ആളുകളുണ്ടാകണമെന്ന് അത്യാവശ്യമാണ്. വ്യത്യസ്ത മാനസിക കഴിവുള്ള ആളുകൾ ഉണ്ടായിരിക്കണം. എന്നാൽ അവരുടെ ലക്ഷ്യം ഒരേവിധത്തിലുള്ളതാവണം' (8)

## അസ്തിത്വത്തിന്റെ ഐക്യം

അദ്ദേഹം 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന സിദ്ധാന്തത്തിന്റെ പ്രമുഖ വക്താവായാണ് പൊതുവിൽ അറിയപ്പെടുന്നത്. എന്നാൽ ഈ പദം അദ്ദേഹം തന്റെ ഒരു ഗ്രന്ഥത്തിലും ഉപയോഗിച്ചിട്ടില്ല. മറ്റെല്ലാ നിഗൂഢ ജ്ഞാനിയെപ്പോലെ അദ്ദേഹം ഊന്നൽ നൽകിയത്. മനുഷ്യാസ്തിത്വത്തിന്റെ യഥാർത്ഥമായ പ്രബലതയ്ക്കാണ്, ആ പ്രബലത സാക്ഷാൽക്കരിക്കാനുള്ള വഴിയിലേക്കും. അത് പൂർണത പ്രാപിക്കുന്നത് പരിപൂർണ മനുഷ്യനിലാണ് (അൽ ഇൻസാൻകാമിൽ). 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന ഒരു പ്രത്യേകവിധത്തിലുള്ള തത്ത്വജ്ഞാനമാണ്. പ്രപഞ്ചത്തെ സംബന്ധിച്ചിടത്തോളം ദൈവം സർവാധിശായിയാണ് പ്രപഞ്ചം പൂർണമായും അവനിൽ നിന്ന് വേറിട്ടുനില്ക്കുന്നതല്ല. പ്രപഞ്ചമാകട്ടെ നിഗൂഢമായി ദൈവത്തിൽ മുങ്ങിയിരിക്കുന്നു. (9)

ഒരു പരിപൂർണ മനുഷ്യൻ യഥാർത്ഥത്തിന്റെ പരിപൂർണമായ പ്രതിബിംബമാവുന്നതെങ്ങനെയാണ്. ഇബ്നു അറബി കാണിച്ചുതരുന്നു. തങ്ങളുടെ സ്വന്തം ആത്മാവിനെ അറിയുന്നവർ ദൈവത്തെ അറിയുന്നതെങ്ങനെയാണെന്നും അദ്ദേഹം കാണിച്ചു തരുന്നു. ഉൺമയുടെ ഐക്യം തന്റെ എഴുത്തുകളിൽ അദ്ദേഹം നല്ലപോലെ തുറന്നുകാണിക്കുന്നു. ഏറ്റവും അവിഭാജ്യവുമായ യാഥാർഥ്യം കൂടുതലുമുയർന്നുനില്ക്കുന്നു. ലോകത്തിന്റെ എല്ലാ പ്രതിബിംബങ്ങളിലും അത് പ്രകടമാകുകയും ചെയ്യുന്നു. ഈ സിദ്ധാന്തം അദ്ദേഹം സർവം ബ്രഹ്മമയമാണെന്ന വിശ്വാസകാരനും കുറ്റക്കാരനുമായി ചിത്രീകരിക്കപ്പെട്ടു. എന്നാൽ ഇബ്നു അറബി വിശ്വസിച്ചിരുന്നത് എല്ലാ വിഭാഗത്തിന്റെ മേൽ ഉയർന്നു നില്ക്കുന്നവനാണെന്ന വിശ്വാസക്കാരനായിരുന്നു. (10)

## അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം

ഇബ്നു അറബി തന്റെ സുഹൃത്തുക്കളിലും ശിഷ്യന്മാരിലും ശക്തമായ സ്വാധീനം ചെലുത്തി. അവരിൽ നിരവധി പേർ സ്വന്തം നിലയിൽ തന്നെ ആത്മീയോന്നതി പ്രാപിച്ചിരുന്നു. ഇസ്ലാമിക ലോകത്ത് അദ്ദേഹത്തിന്റെ ആത്മീയ ചിന്തയുടെയും പ്രയോഗത്തിന്റെയും കോഴ്സ് പരിഗണനീയമാംവിധം പ്രബലമായി. സൂഫിസത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പഠിച്ചു. വിവിധ സൂഫികേന്ദ്രങ്ങളിൽ അദ്ദേഹത്തിന്റെ കവിതകൾ മന്ത്രണം ചെയ്തു. (തരീഖ) അടുത്ത കാലത്ത് അദ്ദേഹത്തിന്റെ ലിഖിതങ്ങൾ പാശ്ചാത്യലോകത്ത് വർധിച്ചുവരുന്ന താല്പര്യത്തിനും പഠനത്തിനും വിധേയമായിരിക്കുന്നു. അത് കാരണം അദ്ദേഹത്തിന്റെ പേരിൽ ഒരു അക്കാഡമിക് സൊസൈറ്റി സ്ഥാപിക്കുന്നതുവരെ കാര്യങ്ങൾ എത്തിയിരിക്കുന്നു.

നിയമ നിർമാണപരമല്ലാത്ത വെളിപാടുകളുടെ തുടർച്ചയിൽ ഇബ്നു അറബി വിശ്വസിച്ചിരുന്നു. (അമ്പിയ ലാതശ്രിയ ലഹൂം). സൂഫിമാർക്ക് ജിബ്രീൽ മുഖേന നബി(സ) തിരുമേനിയിൽനിർദേശങ്ങൾ ലഭി

'ഓരോ വിധത്തിലുള്ള അറിവിനും ചില ആളുകളുണ്ട്. ഓരോ അറിവും ഓരോരുത്തർക്കും സ്വയം കീഴടക്കാൻ സാധിക്കില്ല. മാത്രമല്ല, അതിനുള്ള സമയവുമില്ല. അതുകൊണ്ട് ഏത് സമുദായത്തിലും എല്ലാവിധത്തിലുമുള്ള ആളുകളുണ്ടാകണമെന്ന് അത്യാവശ്യമാണ്. വ്യത്യസ്ത മാനസിക കഴിവുള്ള ആളുകൾ ഉണ്ടായിരിക്കണം. എന്നാൽ അവരുടെ ലക്ഷ്യം ഒരേവിധത്തിലുള്ളതാവണം'

അദ്ദേഹത്തിന്റെ ചിന്തയുടെ മൗലികമായ ആശയം വെളിപാടിൽ ആത്മീയ സ്ഥാനം നേടിയ വ്യക്തി ഇസ്‌ലാമിക ഉമ്മത്തിൽ ഒരിക്കലും നിലച്ചുപോകുകയില്ലെന്നാണ്. മുഹമ്മദ് നബി(സ)യുടെ ഒരു ഹദീസിന്റെ അടിസ്ഥാനത്തിലാണിത്. തിരുമേനി(സ) അല്ലാഹുവിനോട് ചോദിച്ചു: "മുഹമ്മദിനുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക, അപ്രകാരം നീ ഇബ്രാഹിം നബിക്കുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക. ഇബ്രാഹിമിന്റെ (അ) പിൻഗാമികളിൽ പ്രവാചകന്മാരുണ്ടായിരുന്നു. അതിനാൽ സംശയരഹിതമായ നിലയിൽ ഈ പ്രാർഥനയിൽ മുസ്‌ലിംകളിലും പ്രവാചകപദവി നൽകുമെന്നാണ്."

ക്കുമെന്ന് ഇബ്നു അറബി വിശ്വസിച്ചിരുന്നു. വെളിപാടുകൾ നിലച്ചുപോകുക എന്നത് ഇസ്‌ലാമിന്റെ മരണത്തിനു കാരണമെന്ന് ഇബ്നു അറബി ചിന്തിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (11)

മുഹദ്ദസും (സംസാരിക്കപ്പെടുന്ന ആൾ) നിയമനിർമാണമില്ലാത്ത പ്രവാചകനും തമ്മിൽ ഉള്ള ബന്ധം അദ്ദേഹം വിവരിച്ചു.

അഹ്‌ലുൽ ത്വരീഖ
സൂഫിസത്തിന്റെ അനുയായി

ഫന
സ്വയം ഉന്മൂലനം

ഷഖീർ
സൂഫി പാതയുടെ അനുഗാമി

മുത്തസ്സഹഖ്
സൂഫിസത്തിൽ പങ്കെടുക്കുന്ന ആൾ - പാർസിയിൽ ദർവേശ്

ശേഖ്
യജമാനൻ

സിൽസില
ആത്മീയ ശൃംഖല

സൂഫി
ലക്ഷ്യം നേടിയ വ്യക്തി പരമോന്നതനായ തിരിച്ചറിവ് നേടിയ ആൾ.

ത്വരീഖ
സൂഫിസം

ദിക്ർ
ദൈവനാമത്തിന്റെ ആവർത്തനം.

ഒരു മുഹദ്ദസും ഒരു ശരീഅത്ത് പ്രവാചകനും (ആമ്പിയാ തശ്‌രീ) വ്യത്യസ്തരാണ്. ഒരു പുതിയ ശരീഅത്ത് നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹം പരിഗണിക്കപ്പെടുന്നത് രയ്സൽ ഔലിയ വ ജാമിയൽ മുഖാമത്ത് (പുണ്യവാളന്മാരുടെ തലവനും ആത്മീയപാതയിലെ എല്ലാ ഘട്ടങ്ങളും അധിനിവേശം ചെയ്യപ്പെട്ട വ്യക്തിത്വം). അദ്ദേഹത്തിന് ശരീഅത്തില്ലാത്ത വെളിപാടിൽ ഒരു പങ്കുണ്ട്. ശരീഅത്തില്ലാത്ത പ്രവാചകനും അദ്ദേഹവും തമ്മിൽ കുറഞ്ഞ വ്യത്യാസമുണ്ട്. (12)

അദ്ദേഹത്തിന്റെ ചിന്തയുടെ മൗലികമായ ആശയം വെളിപാടിൽ ആത്മീയ സ്ഥാനം നേടിയ വ്യക്തി ഇസ്‌ലാമിക ഉമ്മത്തിൽ ഒരിക്കലും നിലച്ചുപോകുകയില്ലെന്നാണ്. മുഹമ്മദ് നബി(സ)യുടെ ഒരു ഹദീസിന്റെ അടിസ്ഥാനത്തിലാണിത്. തിരുമേനി(സ) അല്ലാഹുവിനോട് ചോദിച്ചു: "മുഹമ്മദിനുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക, അപ്രകാരം നീ ഇബ്രാഹിം നബിക്കുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക. ഇബ്രാഹിമിന്റെ (അ) പിൻഗാമികളിൽ പ്രവാചകന്മാരുണ്ടായിരുന്നു. അതിനാൽ സംശയരഹിതമായ നിലയിൽ ഈ പ്രാർഥനയിൽ മുസ്‌ലിംകളിലും പ്രവാചകപദവി നൽകുമെന്നാണ്."

പ്രവാചകന്റെ ശരീഅത്തിൽ ഒന്നും കാലഹരണപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ഇല്ലെന്നാണ്. ഇതാണ് പ്രവാചകന്റെ പ്രസ്താവനയുടെ അർത്ഥം. അതായത് ദൗത്യവും പ്രവചനവും നിന്നുപോയിരിക്കുന്നു. എനിക്ക് ശേഷം ദൂതനോ പ്രവാചകനോ ഉണ്ടാവുകയില്ല. മുഹമ്മദ് നബി(സ)ക്ക് ശേഷം ഒരു ശരീഅത്ത് പ്രവാചകനും ഉണ്ടാവുകയില്ല. ഭാവിയിലുള്ള ഏത് പ്രവാചകനും തന്റെ ശരീഅത്തിന് വിധേയനായിരിക്കും. ഭാവിയിലുള്ള ശരീഅത്താണ് നിലച്ചത്. പ്രവാചകപദവിയല്ല. (13)

ഇബ്നു അറബിയുടെ അനുയായികൾ ഏറ്റവും അധികം ഉള്ളത് ആധുനിക ഇറാനിലാണ്. ഇന്നും അദ്ദേഹത്തിന്റെയും സുഹ്റവർദിയുടേയും (1155–1191) അതിഭൗതിക ശാസ്ത്രമാണ് ഇറാനിയൻ ബുദ്ധിജീവികളുടെ വിശ്വവീക്ഷണത്തിന്റെ അടിസ്ഥാനം.

(The Review of Religions, August 2007)

വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്

**പേജ് 23 ൽ നിന്ന് തുടർച്ച**

should say unto Iddo, and to his brethren the Nethinims, at the place Casiphia, that they should bring unto us ministers for the house of our God" (Ezr 8:17).
27. Muazna Muzahib, Kasmir Mein Bani Israel and Hazrat Isaas ka Qiyam uzz Tarik (trans.: History of Bani Israel and the Prophet Jesusas in Kashmir), August, 2012.
28. "And other sheep I have, which are not of this fold: them also I must bring, and they shall hear my voice; and there shall be onefold, and one shepherd" (Jn 10:16).

# നിരക്ഷരനായ പ്രവാചകൻ

റസൂൽ തിരുമേനി (സ) നിരക്ഷരനായിരുന്നു എന്ന് വിശുദ്ധ ഖുർആൻ ഊന്നി പറയുന്നു. ആ മഹാത്മാവിന് ലഭിച്ച ജ്ഞാനം മുഴുവനും ശുദ്ധ വെളിപാടുകളിൽ നിന്നായിരുന്നു. ഗ്രന്ഥപാരായണത്തിൽ നിന്നല്ല. **'ഉമ്മി'** എന്നതിന് ഉമ്മയുമായി മാത്രം ബന്ധപ്പെട്ടത് അഥവാ നവജാത ശിശുവിനെ പോലെ അന്യങ്ങളിൽ നിന്ന് പരിശുദ്ധൻ എന്ന ദ്വിതീയാർത്ഥവുമുണ്ട്.

**മുഹമ്മദ് ഉമർ, കോഴിക്കോട്**

പ്രവാചക ശ്രേഷ്ഠനും മനുഷ്യകുലത്തിന്റെ ആത്മീയ മാർഗ ദർശകനും ലോകാനുഗ്രഹി യുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ തിരുമേനി(സ) സൃഷ്ടിച്ച മഹാപരിവർത്തനങ്ങൾക്ക് ചരിത്രം സാക്ഷ്യം വഹിച്ചതാണ്. ചരിത്രത്തിൽ അതുല്യമായ വ്യക്തി മുദ്ര പതിപ്പിച്ച റസൂൽ നിരക്ഷരനായിരുന്നു അഥവാ ഉമ്മി ആയിരുന്നു. മനുഷ്യ സമൂഹത്തിന്റെ സമസ്ത മേഖലയിലും സമൂല വിപ്ലവം വരുത്തുകയും സ്വാധീനിക്കുകയും ചെയ്ത റസൂൽ തിരുമേനി(സ) യുടെ ജ്ഞാന സ്റോതസ്സ് ശുദ്ധമായ വെളിപാടുകൾ മാത്രമായിരുന്നു. കലർപ്പില്ലാത്ത ഈ ദൈവിക സ്റോതസ്സു മാത്രമായിരുന്നു റസൂൽ(സ) തിരുമേനിയുടെ ജ്ഞാനത്തിന്റെ ഉറവിടം.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 'ഉമ്മി' എന്നതിന്റെ അർഥം ഉമ്മയുമായി അഥവാ മാതാവുമായി അഭേദ്യമായി ബന്ധപെട്ടത് എന്ന് പറഞ്ഞിട്ടുണ്ട്. അതായത് നവജാത ശിശുവിനെ പോലെ പരിശുദ്ധൻ. റസൂൽ തിരുമേനി (സ) മാനുഷിക മായ മറ്റു ഉറവിടങ്ങളിൽ നിന്നൊ ന്നും തന്നെ ജ്ഞാനം സ്വീകരിച്ചി ട്ടില്ല. അദ്ദേഹത്തിന് ലഭ്യമായതെല്ലാം ദൈവത്തിൽ നിന്നുള്ളതാണ്. ഇസ്‌ലാം മതത്തിന്റെ ദൈവികതയെ സംബന്ധിച്ച് ഈ സ്വച്ഛതയാണ് ഉമ്മിയിൻ ആയ പ്രവാചകൻ എന്ന വിശേഷണത്തിൽ നിറഞ്ഞു നിൽക്കുന്നധ്വനി. മറ്റു പ്രവാചകന്മാരെ ക്കുറിച്ച് ഊന്നി പറയാത്ത ഒരു ഗുണം റസൂൽ തിരുമേനി (സ) യെ സംബന്ധിച്ച് ഊന്നിപ്പറയാനുള്ള ഒരു കാരണം ഇതാണ്.

ലോകത്തിന് ശാശ്വതമായ ആത്മീയ ജ്ഞാനത്തിന്റെ ഭണ്ഡാരമായ വിശുദ്ധ ഖുർആൻ നൽകി അനുഗ്രഹിച്ച ആ പുണ്യാത്മാവ് എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിയായിരുന്നുവെന്ന് തിരുമേനി(സ)ക്ക് മാത്രം സ്വന്തമായുള്ള ഒരു ആത്മീയ മഹൽ പ്രതിഭാസമാണ്. മറ്റൊരു പ്രവാചകനേയും വിശുദ്ധ ഖുർആനോ വേറെയേതെങ്കിലും ഒരു വേദഗ്രന്ഥമോ ഉമ്മി എന്ന് വിശേഷിഷിപ്പിച്ചിട്ടില്ല.

വിശുദ്ധ ഖുർആൻ തിരു നബി(സ)യെ ഉമ്മിയെന്നും അദ്ദേഹത്തിന്റെ സമുദായത്തെ ഉമ്മിയീൻ എന്നും വിശേഷിപ്പിക്കുകയുണ്ടായി.

ഹദ്റത്ത് റസൂൽ കരിം (സ) നെ കുറിച്ച് അല്ലാഹു ഇപ്രകാരം പറയുന്നു:

***'നിരക്ഷര പ്രവാചകനായ ഈ ദൂതനെ (അതായത് മുഹമ്മദ് നബി(സ)യെ) പിൻപറ്റുന്നവരാണവർ. അദ്ദേഹത്തെ സംബന്ധിച്ച് അവരുടെ അടുക്കലുള്ള തൗറാത്തിലും ഇഞ്ചീലിലിലും രേഖപ്പെടുത്തിയതായി അവർ കണ്ടെത്തുന്നു.'*** (7:158) ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയെ കുറിച്ച് അല്ലാഹു ഇപ്രകാരം അരുൾ ചെയ്തു.

യഹൂദി നസാറാക്കളുടെ വേദ ഗ്രന്ഥമായ തൗറാത്തിലും ഇഞ്ചീലിലും നിരക്ഷരനായ ഒരു പ്രവാചകനെപ്പറ്റി അതായത് മുഹമ്മദ് നബി(സ)യെ പറ്റി എഴുപ്പെട്ടിരിക്കുന്നു. മറ്റൊരു പ്രവാചകനും ഈ സവി ശേഷതയുള്ളതായി ഒരു ഗ്രന്ഥവും പ്രതിപാദിക്കുന്നില്ല.

തുടർന്ന് അല്ലാഹു പറയുന്നു:

***നീ പറയുക. അല്ലയോ ജനങ്ങളെ നിശ്ചയമായും ഞാൻ നിങ്ങൾക്കെല്ലാവർക്കുമുള്ള ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരാരാധകനുമില്ല തന്നെ.***

***അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. (അല്ലാഹുവിലും അവന്റെ വചനത്തിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക) നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക. (7:159)***

ഇവിടെ സർവ ജനങ്ങൾക്കും സ്ഥലകാലാദികൾക്കും അതീതമായ മാർഗ ദർശനത്തോടു കൂടി അവതീർണ്ണനായ ഹദ്റത്ത് മുഹമ്മദ് നബി (സ) യെ ഒരു ഉമ്മിയായി നിരക്ഷരനായിട്ടാണ് വിശേഷിപ്പിപ്പിച്ചിരിക്കുന്നത്.

ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പ്രഥമ അഭിസംബോധകരായ അറബികളെ കുറിച്ച് അവർ നിരക്ഷരരായിരുന്നു വെന്ന് സൂചിപ്പിച്ച്കൊണ്ട് അല്ലാഹു പറയുന്നു:

***ഗ്രന്ഥം നൽകപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങൾ (അല്ലാഹുവിന് സ്വയം) അർപ്പണം ചെയ്യുന്നുണ്ടോ എന്ന് ചോദിക്കുക. അങ്ങനെ അവർ അർപ്പണം ചെയ്യുന്നുവെങ്കിൽ അവർ നേർ മാർഗം പ്രാപിച്ചവരായി തീരുന്നു. ഇനി അവർ പിന്തിരിഞ്ഞു കളയുമെങ്കിൽ (സന്ദേശം) എത്തിക്കുക എന്നത് മാത്രമാണ് നിനക്കുള്ള ബാദ്ധ്യത. അല്ലാഹു ദാസന്മാരുടെ സ്ഥിതി ഗതികൾ നന്നായി അറിയുന്നവനാണ്. (3:21)***

ഇവിടെ അല്ലാഹു യഹൂദി നസാറാക്കളായ ഗ്രന്ഥാനുസാരികൾക്കും അവരിൽ പെടാത്ത നിരക്ഷരരായ അറബികൾക്കും ഇസ്‌ലാം മതം ആശ്ലേഷിക്കുവാനുള്ള സന്ദേശം എത്തിക്കണമെന്ന് ഹദ്റത്ത് റസൂൽ തിരുമേനി (സ) യോട് ആജ്ഞാപിക്കുന്നു. മറ്റൊരിടത്ത് അരുൾ ചെയ്യുന്നു: അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു ദൂതനെയാണ് എഴുന്നേൽപ്പിച്ചിട്ടുള്ളത്. (62:3)

ഇവിടെ അറബി ജനത പൊതുവിൽ അക്ഷരജ്ഞാനമില്ലാത്തവരാണെന്നും ഹദ്റത്ത് നബി കരീം(സ) അവരിൽപ്പെട്ട ഒരാളാണെന്നും വിശേഷിപ്പിക്കുന്നു.

ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ പ്രവചനമനുസരിച്ച് **'ഹകമൻ അദ്‌ലൻ'** ആയി അവതരിച്ച ഹദ്റത്ത് മസീഹ് (അ) തന്റെ ഗ്രന്ഥങ്ങളിൽ ഹദ്റത്ത് റസൂൽ തിരുമേനി (സ) ഒരു നിരക്ഷരനായിരുന്നുവെന്ന് സമർഥിച്ചു കൊണ്ട് ആത്മീയ ജ്ഞാനങ്ങളുടെ ഒരു ഭണ്ഡാരവും ശാശ്വത മാർഗദർശന ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ലോകത്തിന് പ്രദാനം ചെയ്തത് ആ പുണ്യാത്മന്റെ സത്യത്തിന് സാക്ഷ്യമാണെന്നം പ്രതിപാദിക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഇവിടെ ഒരു അത്ഭുതകരമായ കാര്യം, തീരെ എഴുതാനും വായിക്കാനും അറിയാത്ത ഒരു ഉമ്മിക്കാണ് ആ ദിവ്യജ്ഞാനങ്ങളും മഅ്രിഫത്തുകളും നൽകപ്പെട്ടതെന്നാണ്. അദ്ദേഹം തന്റെ ആയുസ്സിൽ ഒരു വിദ്യാലയത്തിന്റെയും ഉമ്മറപ്പടി കാണുകയോ ഏതെങ്കിലും ഒരു പുസ്തകത്തിന്റെ രണ്ടക്ഷരമെങ്കിലും വായിക്കുകയോ അദ്ദേഹത്തിന് ഏതെങ്കിലും ഒരു പണ്ഡിതന്റെയോ തത്വജ്ഞാനിയുടെയോ സഹവാസം ലഭിക്കുകയോ ചെയ്തിട്ടില്ല. തന്റെ ജീവിതകാലം മുഴുവനും വിദ്യാവിഹീനനായ കാട്ടറബികളിൽ കഴിച്ചു കൂട്ടുകയും അവരിൽ തന്നെ വളർന്ന് വരികയും ചെയ്തു. ആ കാട്ടറബികളിൽ നിന്ന് ജന്മമെടുക്കുകയും അവരോടൊപ്പം തന്നെ സമ്പർക്കം സ്ഥാപിക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് നബി കരീം (സ) ഒരു ഉമ്മിയും അക്ഷരജ്ഞാനമില്ലാത്തയാളും ആണെന്ന യഥാർഥ്യം ഇസ്‌ലാംമത ചരിത്രകാരനെ സംബന്ധിച്ചിടത്തോളം അവിതർക്കിതമാമായ കാര്യമാണ്.

ഹദ്റത്ത് നബി കരിം (സ) അക്ഷരജ്ഞാനമില്ലാത്തയാളായിരുന്നു എന്ന് സ്ഥാപിക്കുന്നതിനായി ഹ: മസീഹ് മഊദ് (അ) വിശുദ്ധ ഖുർആനിലെ താഴെപ്പറയുന്ന ആയത്തുകൾ ഉദ്ധരിക്കുകയുണ്ടായി.

1. ആ ദൈവം തന്നെയാണ് അക്ഷരജ്ഞാനമില്ലാത്തവരിൽ നിന്ന് തന്നെയുള്ള ഒരു പ്രവാചകനെ അയച്ചത്. അദ്ദേഹം അവർക്ക് അവന്റെ ആയത്തുകൾ ഓതികേൾപ്പിക്കുകയും അവരെ പരിശുദ്ധരാക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു; ഇതിന് മുമ്പ് അവർ വ്യക്തമായ വഴികേടിലായിരുന്നു. (62:3)

2. ഞാൻ ഇച്ഛിക്കുന്നവർക്ക് എന്റെ ശിക്ഷ എത്തിക്കുന്നു. എന്റെ കാരുണ്യം ഓരോ വസ്തുവിനേയും വലയം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് സൂക്ഷ്മത കൈകൊള്ളുകയും സക്കാത്തു കൊടുക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്ക് അത് (കാരുണ്യം) ഞാൻ എഴുതി വെക്കുന്നതാണ്. നമ്മുടെ പരിപൂർണമായ ശക്തി പ്രതാപത്തിന്റെ രണ്ടു അടയാളങ്ങൾ പൂർത്തിയായിരിക്കുന്ന പ്രവാചകനിൽ വിശ്വസിക്കുന്നവരാണവർ. ഒന്നു ബാഹ്യമായ ഒരു അടയാളമായ തൗറാത്തിലും ഇഞ്ചീലിലും ഉള്ള ആ പ്രവാചകനെപ്പറ്റിയുള്ള മുന്നറിയിപ്പുകളാണ് അവന് തങ്ങളുടെ ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടതായിട്ട് അവർ കാണുന്നത്. രണ്ടാമത്തെ അടയാളം ആ നബിയുടെ വ്യക്തി പ്രഭാവമാണ്. അദ്ദേഹം അക്ഷരജ്ഞാനമില്ലാത്തവനും എഴുതാനും വായിക്കാനും അറിയാത്തവനും ആയിരുന്നിട്ടും പരിപൂർണമായതും തികവുറ്റതുമായ ഹിദായത്ത് കൊണ്ട്വന്ന് ലോകത്ത് അവശേഷിച്ചിട്ടില്ലാത്തതും ബുദ്ധിയും ശരീഅത്തും സാക്ഷീകരിക്കുന്നതും

ആയ സദാചാരങ്ങളുകൾ ജനങ്ങളുടെ മാർഗദർശനത്തിനായി അദ്ദേഹം പ്രതിപാദിക്കുന്നു. അതനുഷ്ഠിക്കുവാനുള്ള കൽപ്പന പുറപ്പെടുവിക്കുകയും ഏതൊരു സത്യത്തെ ബുദ്ധിയും ശരീഅത്തും നിഷേധിക്കുന്നുവോ അതിനെ വിലക്കുകയും പരിശുദ്ധ വസ്തുക്കൾ അവർക്കദ്ദേഹം അനുവദിക്കുകയും ചെയ്യുകയും തിയ്യവസ്തുക്കളെ നിഷിദ്ധമാക്കുകയും ക്രിസ്ത്യാനികളുടെയും യഹൂദികളുടേയും മേൽ ഉണ്ടായിരുന്ന കനമേറിയ ഭാരങ്ങളിൽ നിന്നും കുരുക്കുകളിൽ നിന്നും അവർക്ക് മോചനം നൽകുകയും ചെയ്യുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിന് ശക്തി പകർന്ന് കൊടുക്കുകയും അദ്ദേഹത്തെ സഹായിക്കുകയും അദ്ദേഹത്തോടൊപ്പം ഇറക്കപ്പെട്ട പ്രകാശത്തെ പരിപൂർണമായും പിൻപറ്റുകയും ചെയ്യുന്നവരാണ് മോക്ഷം പ്രാപിച്ചവർ. നീ ജനങ്ങളോട് പറയുക ഞാൻ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് നിങ്ങൾക്ക് ഏവർക്കുമായി നിയുക്തനാക്കപ്പെട്ടിരിക്കുന്നു. ആ ദൈവം മറ്റാരുടെയും പങ്കില്ലാത്ത ആകാശഭൂമികളുടെ യജമാനനാകുന്നു. അവനെ കൂടാതെ ആരാധ്യനായിട്ട് മറ്റാരും തന്നെയില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന നിരക്ഷര പ്രവാചകനായ അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക.(7:158,159)

3. ഇതേ പ്രകാരം നാം നമ്മുടെ കൽപന അനുസരിച്ച് നിന്നിലേക്ക് ഒരാത്മാവിനെ ഇറക്കി ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിഞ്ഞിരുന്നില്ല. എന്നാൽ നാം ഇതിനെ ഒരു പ്രകാശമാക്കി. അത് മുഖേന നാം നമ്മുടെ ദാസന്മാരിൽ നിന്നും നാം ഇച്ഛരിക്കുന്നവരെ വഴി നടത്തുന്നു. തീർച്ചയായും നീ നേരായ മാർഗ ത്തിലേക്കു ഹിദായത്ത് നൽകുന്നു. (42:53)

4. ഇതിന് മുമ്പ് നീ ഒരു ഗ്രന്ഥം വായിക്കുകയോ വലം കൈ കൊണ്ട് എഴുതുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. എങ്കിൽ അസത്യവാദികൾക്ക് സംശയിക്കാനുള്ള വഴിയുണ്ടായേനെ. പക്ഷേ അത് (ഖുർആൻ) ജ്ഞാനം നൽകപ്പെട്ടവരുടെ കൈയ്യിൽ സ്ഥിതി ചെയ്യുന്ന വ്യക്തമായ ദൃഷ്ടാന്തമാകുന്നു. അധർമ്മികൾ മാത്രമാണ് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുന്നവർ. (29:49,50)

പ്രസ്തുത എല്ലാ തിരുവചനങ്ങളിൽ നിന്നും ഹദ്റത്ത് മുഹമ്മദ് മുസ്തഫ തിരുമേനി (സ) എല്ലാ അർഥത്തിലും ഒരു ഉമ്മി ആയിരുന്നുവെന്ന് പരിപൂർണമായും വ്യക്തമായ നിലയിലും സ്ഥാപിതമായതാണ്. കാരണം ഹദ്റത്ത് നബി കരീം (സ) വാസ്തവത്തിൽ ഉമ്മിയും അക്ഷരജ്ഞാനമില്ലാത്ത ദേഹവും ആയിരുന്നില്ലെങ്കിൽ അദ്ദേഹം ഒരു ഉമ്മി ആണെന്ന വാദത്തെ വ്യാജപ്പെടുത്തുവാൻ ധാരാളം പേർ ഉടലെടുക്കുമായിരുന്നുവെന്നത് പ്രത്യക്ഷമായ കാര്യമാണ്. കാരണം അദ്ദേഹത്തിന്റെ സ്ഥിതിഗതികളും സംഭവങ്ങളും അറിയാത്തൊരു നാട്ടിൽ വെച്ചായിരുന്നില്ല താൻ ഒരു ഉമ്മീ ആണെന്ന് അദ്ദേഹം വാദിച്ചത്. മറിച്ച് ആ ജനതക്കിടയിൽ തന്നെയായിരുന്നു നബി കരീം(സ) തന്റെ ബാല്യകാലവും യൗവന കാലവും കഴിച്ചു കൂട്ടിയിരുന്നത്. അതുകൊണ്ട് തിരുമേനി (സ) യഥാർഥത്തിൽ ഉമ്മി യായിരുന്നില്ലെങ്കിൽ നബി (സ) തിരുമേനി യുടെ ഒരവസ്ഥയും ഗോപ്യമാകാതെ അറിഞ്ഞിരുന്നവരും അദ്ദേഹത്തിന്റെ ഏതെങ്കിലും തെറ്റു കണ്ടുപിടിച്ചു പരസ്യമാക്കുവാൻ തക്കം പാർത്തിരിക്കുന്നവരുമായ ജനങ്ങളുടെ മുമ്പാകെ താൻ ഉമ്മിയാണെന്ന് വാദിച്ചിരുന്നു വെങ്കിൽ അവർ അത് വിളംബരപ്പെടുത്തുമായിരുന്നു.
(റൂഹാനി ഖസായിൻ വാ: 1 പേജ് 562 572)

ഹദ്റത്ത് നബി (സ) ഒരു ഉമ്മിയാണെന്നും വിശുദ്ധ ഖുർആൻ അദ്ദേഹത്തിന്ന് വഹ്യ് മുഖേന ഇറങ്ങിയ വേദ ഗ്രന്ഥമായിരുന്നുവെന്നും തെളിയിക്കുവാൻ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തുടർന്ന് വിശുദ്ധ ഖുർആനിലെ മറ്റൊരു വചനം ഉദ്ധരിക്കുന്നു.

നാമുമായി കണ്ടുമുട്ടുന്നതിനെ പ്രതീക്ഷിക്കാത്തവർ അതായത് നാമുമായി ബന്ധം വിഛേദിച്ചിരിക്കുന്നവർ പറയുന്നു. ഈ ഖുർആനല്ലാതെ മറ്റൊരു ഖുർആൻ നീകൊണ്ടു വരിക. അല്ലെങ്കിൽ ഇതിലെ അദ്ധ്യാപനങ്ങൾക്ക് പകരമായി ഭേദഗതി ചെയ്ത മറ്റു അദ്ധ്യാപനങ്ങൾ കൊണ്ടു വരിക. അവരോട് നീ മറുപടി പറയുക. ദൈവവചനത്തിൽ സ്വന്തം നിലയിൽ ഭേദഗതി ചെയുവാനുള്ള ശക്തി എനിക്കില്ല. എനിക്ക് വഹ്യ് നൽകപ്പെട്ടതിനെ ഞാൻ പിന്തുടരുക മാത്രമാണ് ചെയ്യുന്നത്. എന്റെ നാഥന്റെ കൽപ്പന ഞാൻ ധിക്കരിക്കുകയാണെങ്കിൽ ഭയങ്കരമായ നാളിന്റെ ശിക്ഷ ഞാൻ ഭയപ്പെടുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ

ഇതിന് മുമ്പ് നീ ഒരു ഗ്രന്ഥം വായിക്കുകയോ വലംകൈ കൊണ്ട് എഴുതുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. എങ്കിൽ അസത്യവാദികൾക്ക് സംശയിക്കാനുള്ള വഴിയുണ്ടായേനെ. പക്ഷേ അത് (ഖുർആൻ) ജ്ഞാനം നൽകപ്പെട്ടവരുടെ കൈയ്യിൽ സ്ഥിതി ചെയ്യുന്ന വ്യക്തമായ ദൃഷ്ടാന്തമാകുന്നു. അധർമ്മികൾ മാത്രമാണ് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിരാകരിക്കുന്നവർ.

നിങ്ങൾക്ക് ഈ വചനം കേൾപ്പിക്കുകയോ നിങ്ങളെ അറിയിക്കുകയോ ചെയ്യുമായിരുന്നില്ല. ഇതിന് മുമ്പ് ഇത്ര വയസ്സുവരെ അതായത് 40 വർഷക്കാലം ഞാൻ നിങ്ങളിൽ ജീവിച്ചിരുന്നില്ലേ? നിങ്ങൾ ചിന്തിക്കുന്നില്ലേ? അതായത് കറ്റുകെട്ടി പറയുക എന്റെ പണിയല്ലെന്നും കള്ളം പറയുക എന്ന സ്വഭാവം എനിക്കില്ലെന്നും നിങ്ങൾക്ക് നന്നായിട്ടറിയാമായിരുന്നില്ലേ? തുടർന്ന് പറയുന്നു: അല്ലാഹു വിന്റെ പേരിൽ കറ്റുകെട്ടി പറയുന്നവനേക്കാൾ, ദൈവ വചനത്തെ പറ്റി അത് മനുഷ്യ വചനമാണെന്ന് കറ്റു കെട്ടി പറയുന്നവനേക്കാൾ അധർമി ആരാണ്? തീർച്ചയായും കുറ്റവാളികൾക്ക് മോക്ഷം ലഭിക്കുന്നതല്ല. (10:16,17, 18)

ചുരുക്കത്തിൽ ഹദ്റത്ത് മുഹമ്മദ് നബി (സ) അക്ഷര ജ്ഞാനമില്ലാത്ത വ്യക്തിയായിരുന്നുവെന്ന് അറബികളുടെയും യഹൂദരുടേയും ക്രിസ്ത്യാനികളുടെയും ദൃഷ്ടിയിൽ അവിതർക്കിതവും മറ്റൊരു തെളിവിന്റെയും ആവശ്യമില്ലാത്ത വിധവുമുള്ള ഒരു യാഥാർഥ്യമാണ്. (റൂഹാനി ഖസായിൻ, വാല്യം പേ 574, 575)

പ്രസ്തുത ഖുർആനിക വചനങ്ങളിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നത് നിരക്ഷരനും ഉമ്മിയുമായ റസൂൽ തിരുമേനി(സ)ക്ക് വിശുദ്ധ ഖുർആന്റെ ദിവ്യവെളിപാടുകൾ ഇറങ്ങുന്നതിൽ വ്യക്തിപരമായി ഒരു പങ്കും ഇല്ലായിരുന്നു വെന്നാണ്.

ഹദ്റത്ത് റസൂൽ തിരുമേനി (സ) ഗ്രന്ഥവും വിശ്വാസവുമെന്നാൽ എന്താണെന്നറിയാതിരുന്ന നിരക്ഷരനായിരുന്നുവെന്നും ദൈവിക പ്രകാശമാണ് അദ്ദേഹത്തിന് മാർഗ ദർശനം നൽകിയിരുന്നതെന്നും പ്രസ്തുത ആയത്തുകൾ വിളിച്ചോതുന്നു. ഹദ്റത്ത് മസീഹ് (അ) മറ്റൊരു സ്ഥലത്ത് പറയുന്നു:

അറേബ്യയിലുള്ള ജനങ്ങൾ നിരക്ഷരരായിരുന്നു. ആ നാട്ടിൽ അപൂർവം വല്ല ക്രിസ്ത്യാനികളും ഉണ്ടായിരുന്നെങ്കിൽ തന്നെ അവർക്ക് തങ്ങളുടെ മതത്തെക്കുറിച്ച് വിപുലമായ അറിവും ഉണ്ടായിരുന്നില്ല. (പാതിരി ഹണ്ടർ തന്റെ മീസാനുൽ ഹഖ് എന്ന ഗ്രന്ഥത്തിൽ അറേബ്യയിൽ ക്രിസ്ത്യാനികളും കാട്ടറബികളെ പോലെ ഒന്നും അറിയാത്തവരായിരുന്നു എന്ന് എഴുതിയിട്ടുണ്ട്) ആ സ്ഥിതിയിൽ ഹദ്റത്ത് റസൂൽ (സ) തിരുമേനി അവരുടെ ഗ്രന്ഥത്തിൽ നിന്ന് മോഷ്ടിച്ചുകൊണ്ട് പ്രസ്തുത അധ്യാപനം (വിശുദ്ധ ഖുർആൻ) ചേർത്തിരുന്നുവെന്ന ആരോപണം ഒരു ശപിക്കപ്പെട്ട ചിന്താഗതിയാണ്. റസൂൽ തിരുമേനി(അ) നിരക്ഷരനായിരുന്നു. അദ്ദേഹത്തിന് അറബി ഭാഷ തന്നെ വായിക്കാനറിയാമായിരുന്നില്ല. എന്നിട്ടാണാ യൂനാനിയും ഹിബ്രുവും? ആ കാലത്തുള്ള വല്ല പുരാതന ഗ്രന്ഥങ്ങളിൽ നിന്നും ഈ ആരോപണം തെളിയിക്കേണ്ടുന്ന ബാധ്യത നമ്മുടെ എതിരാളികളുടേതാണ്. (അഥവാ ക്രിസ്തീയ ഗ്രന്ഥങ്ങളിൽ നിന്നും മോഷ്ടിച്ച് ഖുർആൻ ശരീഫിൽ ചേർത്തിരുന്നു വെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ തന്നെ ഇസ്‌ലാമിന്റെ ശത്രുക്കളായിരുന്ന അറേബ്യയിലെ ക്രിസ്ത്യാനികൾ തങ്ങളിൽ നിന്ന് കേട്ട് പകർത്തിയാണ് പ്രസ്തുത അധ്യാപനം എഴുതിയിരിക്കുന്നതെന്ന് മുറവിളി കൂട്ടുമായിരുന്നു. (റൂഹാനി ഖസായിൽ വോ. 20 പേ 342)

മറ്റൊരിടത്ത് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഹദ്റത്ത് നബി കരിം(സ)ന് മുമ്പ് രണ്ട് മഹാന്മാരായ പ്രവാചകന്മാർ കഴിഞ്ഞിരുന്നു. ഒന്ന് ഹദ്റത്ത് മൂസാ നബി (അ), മറ്റൊരാൾ ഹദ്റത്ത് ഈസാ നബി (അ). രണ്ട് പേർക്കും വിദ്യാഭ്യാസത്തിനുള്ള സന്ദർഭം ലഭിച്ചിരുന്നു. അവരിൽ ആരെ കുറിച്ചും അക്ഷരജ്ഞാനമില്ലാത്തവരാണെന്ന വാദം ഉന്നയിക്കപ്പെട്ടിട്ടില്ല. ഈ വാദം ഹദ്റത്ത് നബി കരിം (സ) ക്ക് മാത്രമാണുണ്ടായിരുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു: ഗ്രന്ഥമെന്താണെന്നോ സത്യവിശ്വാസമെന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷേ നാം ഇതിനെ (ഈ ഗ്രന്ഥത്തെ) ഒരു പ്രകാശ മാക്കിയിരിക്കുന്നു. അതു മുഖേന നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ നാം വഴി നടത്തുന്നു. (43:45) ഹദ്റത്ത് മൂസാ നബി (അ) ഒരു രാജകുമാരനെ പോലെയായിരുന്നു വിദ്യയഭ്യസിച്ചത്. ഫിർഔന്റെ മടിത്തട്ടിൽ രാജകീയ നിലയിൽ വളർന്ന അദ്ദേഹത്തിന് അദ്ധ്യാപകരെ നിയമിക്കപ്പെട്ടിരുന്നു. ഹദ്റത്ത് ഈസാ നബി (അ) ക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നു. എന്നാൽ ഹദ്റത്ത് റസൂൽ കരിം (സ) തിരുമേനിയെ കുറിച്ച് ഏതെങ്കിലും യഹൂദിയോടോ ക്രിസ്ത്യനിയോടോ ഹിന്ദുവിനോടോ അദ്ദേഹം ആരിൽ നിന്നെങ്കിലും വിദ്യാഭ്യാസം നേടിയിരുന്നോ എന്ന് ചോദിക്കുകയാണെങ്കിൽ ഒരിക്കലും ഇല്ലാ എന്നവർ വ്യക്തമായിപ്പറയുന്നതാണ്. എത്ര മാത്രം റുബൂബിയത്തിന്റെ പ്രകടനനമായിരുന്നു ഇത്? (മൽഫൂസാത്ത് വോ 2 പേ. 34)

ഹദ്റത്ത് നബി കരിമിന് (സ) ഒന്നാമത്തെ വഹ്‌യ് ഇഖ്റഅ് ബിസ്മി റബിക്കല്ലദീ ഖലഖ് ഉണ്ടായപ്പോൾ (സൃഷ്ടി കർത്താവായ നിന്റെ നാഥന്റെ നാമത്തിൽ നീവായിക്കുക.) അദ്ദേഹം പറഞ്ഞ്: **'മാ അന ബിഖാരിയിൻ'** (എനിക്ക് വായിക്കാനറിയില്ല) എന്നാണ്. അതിന് ശേഷം ഹദ്റത്ത് ജിബ്‌രീൽ പറഞ്ഞുകൊടുത്തത് പോലെ അദ്ദേഹം ഉരുവിടുകയുണ്ടായി. ഖിറാഅത്ത് എന്നതിന് പാരായണം ചെയ്യുക എന്ന് മാത്രമല്ല മറിച്ച് ഒരാൾ പറയുന്നതനുസരിച്ച് ഉരുവിടുക എന്നും അർഥമുണ്ട്. ഒരാൾ ഖുർആൻ നന്നായി ഓതുകയാണെങ്കിൽ അയാൾ അന്ധനാണെങ്കിലും യുഹ്സിനു ഖിർഅത്തുൽ ഖുർആ

ശേഷം പേജ് 39 ൽ

# യാക്കോബ് (ജെയിംസ്): യേശുവിന്റെ അർദ്ധ സഹോദരൻ

ഇസ്രയേലിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന The Jerusalem Post എന്ന പത്രത്തിൽ വന്ന റിപ്പോർട്ടാണ് താഴെകൊടുക്കുന്നത്. യേശുവിന് സഹോദരനാണ് ജേക്കബ് അഥവാ ജെയിംസ്. ഇത് കൂടാതെ യേശുവിന്റെ മാതാവിന് മറ്റു സന്താനങ്ങളുണ്ടായിരുന്നുവെന്നും റിപ്പോർട്ട് അവകാശപ്പെടുന്നു.

യേശുവിന് ഒരു സഹോദരൻ ഉണ്ടായിരുന്നു എന്നുള്ളതിന് പുതിയ പുരാവസ്തുതെളിവുകൾ അവകാശപെട്ടു കൊണ്ട് ബൈബിൾ പണ്ഡിതനായ ബെൻ വിതറിംങ്ങ് മുന്നോട്ട് വന്നിരിക്കുന്നു.

വിതറിംങ്ങ്, ആസ്ബറി തിയോളജിക്കൽ സെമിനാരിയി ലെ ബൈബിൾ പുതിയ നിയമം പ്രഫസറും നിയുക്ത പുരോഹിതനുമാണ്. യേശു മറിയയുടെ ഏക പുത്രനാണ് എന്ന ദീർഘകാലമായി നിലനിൽക്കുന്ന അവകാശ വാദമാണ്, വിതറിംങ്ങ് പൊളിച്ചെഴുതിയിരിക്കുന്നത്. ജെയിംസ് യേശുവിന്റെ സഹോദരനാണെ ന്ന് സി എൻ എന്നിനോട് അദ്ദേഹം വെളിപ്പെടുത്തുകയു ണ്ടായി.

ജോസഫിന്റെ മകൻ യാക്കോബ് (ജെയിംസ്) എന്ന് അറാമിക്ക് ഭാഷയിൽ രേഖപ്പെടുത്തിയ അസ്ഥികൾ അടക്കം ചെയ്ത 2000 വർഷത്തെ പഴക്കമുള്ള ഒരു പെട്ടി ലഭിച്ചതിനെ തുടർന്നാണ് ഈ അവകാശ വാദം വിതറിംങ്ങ് പുറപ്പെടുവിച്ചി ട്ടുള്ളത്. അതീവ പ്രാധാന്യമുള്ള ഈ കണ്ടെത്തൽ മറിയക്ക് യേശു മാത്രമല്ല മറ്റു സഹോദര ന്മാരും സഹോദരിമാരും ഉണ്ടായിരുന്നു എന്ന ബൈബിളിന്റെ പരാമർശത്തിന് ശക്തി പകരുകയാണ്.

ബൈബിൾ വചനത്തിൽ ഇവൻ ആ മരപ്പണിക്കാരനല്ലേ? മറിയമിന്റെ മകൻ ! യാക്കോബ്, യോനെ യൂദാ, ശിമയോൺ എന്നിവരുടെ സഹോദരൻ ഇവന്റെ സഹോദരിമാരും നമ്മേടൊപ്പമില്ലേ? (മാർക്കോസ്. 6:3) കൂടുതൽ തെളിവുകൾ പോൾ ഗലാത്തിയക്കാർക്കെഴുതി യ കത്തുകളിൽ കാണാം. പിന്നെ മുന്ന് സംവത്സരങ്ങൾക്ക് ശേഷം, കേപ്പായെ കാണാൻ ഞാൻ ജെറുശലേമിൽ ചെന്നു. അവിടെ അയാളുടെ കൂടെ പതിനഞ്ചു ദിവസം താമസിച്ചു. കർത്താവി ന്റെ സഹോദരനായ യാക്കോബി നെയല്ലാതെ മറ്റൊരു അപ്പോസ്ത ലനേയും ഞാൻ കണ്ടില്ല. (പൗലോസ് ഗലാത്തി: 1 : 18)

യേശുവിന്റെ സഹോദരൻ, സഹോദരി എന്നീ വിശേഷണ ങ്ങൾ അക്ഷരാർത്ഥത്തിലുള്ളത ല്ലെന്നും അലങ്കാരികമാണെന്നും നൂറ്റാണ്ടുകളോളമായി മത പണ്ഡിതന്മാർ വാദപ്രതിവാദം നടത്തി വരികയായിരുന്നു. മറിയം യേശുവിനെ അത്ഭുതകര മായി ഗർഭം ധരിച്ച് പ്രസവിച്ചതിന് ശേഷമാണ് മറ്റു സന്താനങ്ങൾ ജനിച്ചതെന്നാണ് വിതറിംങ്ങിന്റെ അഭിപ്രായം. മറിയം ശ്വാശ്വതമായി ഒരു കന്യകയായിരുന്നു വെന്ന് ഒരിടത്തും പുതിയ നിയമം പറയുന്നില്ല. യേശുവിന്റെ അമ്മയായ മറിയം യോസേഫിന് പ്രതിശ്രുത വധുവായിരിക്കെ അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മവിനാൽ ഗർഭിണിയായി കാണപ്പെട്ടു എന്ന് മാത്രമാണ് ബൈബിൾ പുതിയ നിയമത്തിൽ ഉള്ളത്. അത് തീർച്ചയായും പിന്നീട് മറ്റു സന്താനങ്ങൾ യേശുവിന് ശേഷം ഉണ്ടായിരുന്നതായി സൂചിപ്പിക്കുന്നു. യേശുവിന്റെ സഹേദരന്മാരും സഹോദരികളുമെന്നത് തീർച്ചയായും അക്ഷരാർത്ഥത്തിലുള്ള സഹോദരന്മാരും സഹോദരികളും തന്നെയാണ്. ഇത് ശരിയാണെങ്കിൽ, ജേക്കബ് യേശുവിന്റെ അർദ്ധ സഹോദരനാണ്


(The Jerusalem Post, 03.16.2015)

കുറിപ്പുകൾ

# കൊലയാളികൾ പതിയിരിക്കുന്ന ആകാശം

## മുസാഫിർ

ഭൂവാസികകളായ മനുഷ്യർക്ക് അസ്വസ്ഥതയുളവാക്കുന്ന വാർത്തയാണ് കഴിഞ്ഞ മാസം (2019 ഓഗസ്റ്റ്) അമേരിക്കയുടെ നാസയുടെ അനുബന്ധ സ്ഥാപനമായ Center for Near Earth Object Studies (CNEOS) പുറത്ത് വിട്ടത്. ഭൗമ സമീപ വസ്തുക്കളുടെ (Near Earth Objects) പഠന ഗവേഷണ കേന്ദ്രമാണ് CNEOS. കൂട്ടിയിടിക്കാൻ സാദ്ധ്യതയുള്ള ഒരു വലിയ ആസ്ട്രോയ്ഡ് അപകടകരമാം വിധം ഭൂമിയുമായി അടുത്ത് വരുന്നു എന്ന വാർത്തയാണ് നമ്മെ അസ്വസ്ഥരാക്കുന്നത്. മലയാളത്തിൽ ചിന്ന ഗ്രഹം, ക്ഷുദ്രഗ്രഹം, ഉൽക്ക എന്നീ പേരുകളിലെല്ലാം ആസ്ട്രോയ്ഡ് എന്ന ഖഗോള വസ്തു അറിയപ്പെടുന്നു. ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ജുറാസിക് യുഗത്തിൽ ഭൂമുഖത്ത് വിലസി നടന്നിരുന്ന അതിഭീമാകാര ജീവികളായ ദിനോസാറുകൾ ഉന്മൂലനം ചെയ്യപ്പെട്ടത് ഇത്തരത്തിലുള്ള ഒരു ഉൽക്കാപതനത്തെ തുടർന്നാണെന്ന് ശാസ്ത്ര സമൂഹം ഒന്നടങ്കം പറയുന്നു. ഭൂമിയോട് അടുത്ത് വരുന്ന ഖഗോള വസ്തുക്കളെ കണ്ടെത്തുന്ന ഈ പഠന ഗവേഷണ സ്ഥാപനം(CNEOS) നമുക്ക് നേരെ പാഞ്ഞടുക്കുന്ന ഈ ആസ്റ്റ്രോയ്ഡിന്ന് 4953 (1990 MU) എന്നാണ് പേരിട്ടിരിക്കുന്നത്. 990MU1 ഇപ്പോൾ സൂര്യനെ ചുറ്റിക്കൊണ്ടിരിക്കുകയാണ്. 2027 ജുലായ് 6-ാം തീയതി ആ ഉൽക്ക അപകടകരമാം വിധം ഭൂമിക്കടുത്ത് വരുമെന്നാണ് നാസയുടെ കീഴിലുള്ള CNEOS പറയുന്നത്.



ആകാശത്ത് ചുറ്റിതിരിയുന്ന ആസ്ട്രോയ്ഡുകളോ ധൂമകേതുക്കളോ (വാൽ നക്ഷത്രങ്ങളോ) സൗരയൂഥ വ്യൂഹത്തിലേക്ക് കടന്ന് ഭൂമിയുമായി അടുത്ത ദൂരം 1.3 അസ്ട്രോണമിക്കൽ യൂണിറ്റ് (a u) ആയാലാണ് ഭൗമ സമീപ വസ്തു (NEO) എന്ന് പറയുന്നത്. ഈ ആകാശ വസ്തു അപ്പോൾ PHO(Potentially Hazardous Object) ആയി മാറുന്നു. അതായത് അപകടകരമായി മാറാൻ സാദ്ധ്യതയുള്ള ആകാശ വസ്തു എന്നാണ് PHO എന്ന വിശേഷണത്തിന്റെ അർത്ഥം. അതിൽ ആസ്ട്രോയ്ഡുകളും (PHA), ധൂമകേതുക്കളും


(കോമറ്റ്-PHC) ഉണ്ട്. 2019 ഓഗസ്റ്റിൽ നാസ പുറത്തുവിട്ട ഒരു റിപ്പോർട്ടിൽ PHO യിൽ 98 ശതമാനവും ആസ്ട്രോയ്ഡ്സ് ആണ്.

ആസ്ട്രോണമിക്കൽ യൂണിറ്റിനെക്കുറിച്ച് പറഞ്ഞുവല്ലോ. ഒരു ആസ്ട്രോണമിക്കൽ യൂണിറ്റ് (a u) എന്നാൽ ഭൂമിയിൽ നിന്നും സൂര്യനിലേക്കുള്ള ഏകദേശ ദൂരമാണ്. സൗരയൂഥ വസ്തുക്കളുടെ ദൂരം അളക്കാനാണ് ഈ ഭീമാകാരമായ യൂണിറ്റ് ഉപയോഗിക്കുന്നത്. 2012 മുതൽ ഭൂമി-സൂര്യ ദൂരം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. 149,597,870,700 മീറ്റർ അഥവാ 150 ദശലക്ഷം കിലോമീറ്റർ ആണ് ഒരു എ യു. നാസ 2027 ൽ ഭൂമിക്കടുത്ത് വരുമെന്ന് പറയുന്ന 4953 (1990 MU) എന്ന ആസ്ട്രോയ്ഡ് 0.03083 ആസ്ട്രോണമിക്കൽ യൂണിറ്റ് (a u) മാത്രമാണെന്നോർക്കണം. ഒരു എം യു യൂണിലും വളരെ കുറവ്.

ഭൂവാസികളായ നമ്മുടെ ഉറക്കം കെടുത്തുന്ന 4953 (1990 MU)4 മുതൽ 9 കിലോമീറ്റർ വ്യാസമുള്ള ഒരു ആസ്ട്രോയ്ഡ് ആണ്. ഇതേ വലുപ്പമുള്ള ആസട്രോയ്ഡ് തന്നെയാണ് ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ദിനോസറുകളുടെ അന്ത്യം കുറിച്ചത്. ഇപ്പോൾ നമ്മെ സമീപിച്ചു കൊണ്ടിരിക്കുന്ന ഈ ആസ്ട്രോയ്ഡ് സുരക്ഷിതമായ അകലത്തിലും ഭ്രമണ പഥത്തിലുമാണ്. ഭ്രമണ പാത ഭൂമിക്കു നേരെയായി മാറാനുള്ള ഒരു സാദ്ധ്യതക്കുള്ള കാരണം പറയാം. സ്പേസിൽ ചില പ്രത്യേക സ്ഥലങ്ങളിൽ അസാധാരണമായ ഗുരുത്വബല ദ്വാരങ്ങളുണ്ട്. (Gravitational keyhole) അവ ആസ്ട്രോയ്ഡിന്റെ ഭ്രമണ പാതയിൽ ക്ഷോഭങ്ങളുണ്ടാക്കാൻ പര്യാപ്തമാണ്. അങ്ങനെ ഭ്രമണ പഥം മാറ്റാൻ സാദ്ധ്യതയുള്ള ഈ ഗുരുത്വബല ദ്വാരങ്ങളിൽ പെട്ട് 4953 (1990 MU)ന്റെ ഗതി മാറി അത് ഭൂമിക്ക് നേരെ വന്ന് ഭൂമിയുമായി കൂട്ടിയിടിച്ചാൽ പിന്നെ അതൊരു ഖിയാമമായി മാറിയേക്കും. ആസ്ട്രോയ്ഡിന് ഗതിവ്യതിയാനം വരാനുള്ള മറ്റൊരു ഘടകം അതിന് അകത്ത്നിന്നോ പുറത്ത് നിന്നോ ഉണ്ടാകാൻ സാദ്ധ്യതയുള്ള താപവ്യതിയാനമാണ്. ഇത് ആസ്ട്രോയ്ഡിന്റെ പ്രതലത്തിൽ നിന്നോ സൂര്യപ്രകാശത്തിൽ നിന്നോ ഉണ്ടാകാം. അതുപോലെ സൗരയുഥത്തിനകത്തോ പുറത്തോ ഉള്ള വൻ ഗുരുത്വ ബലമുള്ള ഏതെങ്കിലും ഒരു പ്രപഞ്ച വസ്തുവിന്റെ ആകർഷണ വലയത്തിൽ പെട്ടും ആസ്ട്രോയ്ഡുകൾക്ക് ഇങ്ങനെ ഗതി വ്യതിയാനം വരാം. എതായാലും വല്ല കാരണ വശാലും അതിന്റെ ഭ്രമണ പഥത്തിന് അൽപ്പം വ്യതിയാനം വന്നാൽ പ്രപഞ്ചത്തിലെ നീലഗ്രഹം എന്നറിയപ്പെടുന്ന ഭൂമിയുമായി നേരിട്ടുള്ള കൂട്ടിയിടിയായിക്കും ഫലം.

അത്തരത്തിൽ ഭൂമിയുമായി അടുത്ത നൂറു വർഷത്തിന്നുള്ളിൽ കൂട്ടിയിടിക്കാൻ വിദൂര സാദ്ധ്യതകളുള്ള 2,007 ആസ്ട്രോയ്ഡുകളെ (PHA) കണ്ടെത്തിയിട്ടുണ്ട്. അതിൽ 155 എണ്ണം ഒരു കിലോ മീറ്ററിലും അധികം വ്യാസമുള്ളതാണ്. അതിൽ 40 എണ്ണമാണ് നൂറ് വർഷത്തിനകം ഗതിവ്യതിയാനം വന്ന് ഭൂമിയുമായി കൂട്ടിമുട്ടാൻ സാദ്ധ്യതയുള്ളത്. ഇപ്പോൾ അവയുടെ ഭ്രമണ പഥം സുരക്ഷിതവും സുസ്ഥിരവുമായ അകലത്തിലാണ്. സൗരയൂഥം പ്രപഞ്ചത്തിലെ വളരെ ചലനാത്മകമായ ഒരു മേഖലയാണ്. അതുകൊണ്ട് ദീർഘകാലത്തേക്ക് സുസ്ഥിരത ഉറപ്പ് നൽകാൻ കഴിയില്ല എന്നാണ് ശാസ്ത്ര സമൂഹത്തിന്റെ ആശങ്ക. മേൽപറഞ്ഞ വല്ല കാരണങ്ങൾകൊണ്ടും അങ്ങനെ സംഭവിച്ചാൽ അത് ഭൂമിയിലെ ജീവരാശി ഉന്മൂലനം ചെയ്യപ്പെടുന്ന ഒരു വൻ ആഗോള ദുരന്തമായി മാറിയേക്കാം. (അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ)

നമ്മുടെ സൗരയൂഥത്തിൽ ഇങ്ങനെ ഭൂമിയെ കൊലക്കളമാക്കാൻ സാദ്ധ്യതയുള്ള രണ്ട് തരം ഖഗോള വസ്തുക്കളാണ് ആസ്ട്രോയ്ഡുകളും ധൂമകേതുക്കളും. ധൂമകേതുക്കൾ അഥവാ വാൽ നക്ഷത്രം എന്നാൽ ഒരു കേന്ദ്രഭാഗവും (Nucleus) ശീർഷവും (Coma)വാലു(Tails)കുറെ മഞ്ഞുപാളികളുമായി സൂര്യനെ പ്രദക്ഷിണം ചെയ്യുന്ന തിളങ്ങുന്ന ആകാശ വസ്തുവാണ്. ബഹിരാകാശത്ത് ധൂമ കേതുക്കളുടെയും ആസ്ട്രോയ്ഡുകളുടെയും ഓരോ വലയങ്ങളുണ്ട്. സൂര്യനെ കൃത്യമായി വലം വെക്കുന്ന ചില ധൂമകേതുക്കളുണ്ട്. കോടിക്കണക്കിന് ധൂമകേതുക്കളുടെ ഒരു കൂട്ടം സൗരയൂഥത്തിലെ അവസാനത്തെ ഗ്രഹമായ നെപ്ട്യൂണിനും പ്ലൂട്ടോക്കും (പ്ലൂട്ടോയെ ഗ്രഹപദവിയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.) അപ്പുറം കൂട്ടംകൂടി നിൽക്കുന്ന ഒരു മേഖല നമ്മുടെ സൗരയൂഥത്തിന് വെളിയിലായി സ്ഥിതിചെയ്യുന്നു. ജാൻ ഊർട്ട് എന്ന ഡച്ച് ബഹിരാകാശ ശാസ്ത്രജ്ഞനാണ് ഈ ധൂമകേതു സങ്കേതത്തെ തിരിച്ചറിഞ്ഞത്. ഇതിനെ ഊർട്ട് മേഘങ്ങൾ അഥവാ ഊർട്ട് ബെൽട്ട് (Oort Cloud or Oort Belt) എന്നാണ് വിളിക്കുന്നത്. ഊർട്ട് ബെൽട്ടിലെ ധൂമകേതുക്കളുടെ കൂട്ടത്തിന് വളരെ ദൂരത്തിലൂടെ വമ്പിച്ച ഗുരുത്വ ബലമുള്ള ഭീമമായ നക്ഷത്രങ്ങൾ കടന്നു പോകുമ്പോൾ ഈ ധൂമകേതു കൂട്ടങ്ങൾക്ക് ഒരു ഇളക്കം സംഭവിക്കുകയും അതിൽ ചിലത് സൗരയൂഥത്തിനകത്തേക്ക് വഴിതെറ്റി കടന്നു വരികയും ചെയ്യുന്നു. അങ്ങനെ വഴിതെറ്റി വരുന്ന ഈ ധൂമകേതുക്കൾ സൗരയൂഥത്തിലെ ഏതെങ്കിലും ഗ്രഹങ്ങളുമായി കൂട്ടിയിടിക്കാനുള്ള സാദ്ധ്യതയുണ്ട്. 1994 ജൂലൈ മാസത്തിൽ വ്യാഴം ഗ്രഹവുമായി കൂട്ടിയിടിച്ച ധൂമകേതുവാണ് ഷൂമാക്കർ ലെവി. ശാസ്ത്ര സമൂഹം മാത്രമല്ല ലോകത്താകമാനം വൻ പ്രചാരണമായിരുന്നു ഈ വാൽ നക്ഷത്ര പതനത്തിന് നൽകപ്പെട്ടത്. വാൽ നക്ഷത്രത്തിന്റെ സ്വന്തം സഞ്ചാരഗതിക്ക് വ്യതിയാനം വന്ന്



വ്യാഴത്തിന്റെ ആകർഷണ പരിധിയിൽ പെട്ട് അഗ്നിഗോളങ്ങളായി പതിക്കുന്നത് ഭൂമിയിൽ നിന്ന് മനുഷ്യ സമൂഹം നോക്കി കാണുകയുണ്ടായി.

ഭൂമിയിൽ തന്നെ അത്തരമൊരു മഹാദുരന്തം ഏതാനും ദശാബ്ദങ്ങൾക്ക് മുമ്പ് സംഭവിച്ചിട്ടുണ്ട്. ഇന്നത്തെ റഷ്യയിൽ 1908 ജൂൺ 30ന് തുങ്കുസ്ക്ക എന്ന സ്ഥലത്ത് അരങ്ങേറിയ ആ സംഭവം ഭയാനകമായ ഒരു ദുഃസ്മരണയായി അവശേഷിക്കുന്നു. റഷ്യയിലെ ആൾപ്പാർപ്പില്ലാത്ത കിഴക്കൻ സൈബീരിയയിലെ 2000 കിലോമീറ്റർ വിസ്തീർണ്ണത്തിലുള്ള കാടുകൾ ഈ ഉൽക്കാ പാതം കൊണ്ട് നശിച്ചു നമാവശേഷമായി. ജനശൂന്യമേഖലയായതിനാൽ മൂന്ന് പേർ മാത്രമാണ് അന്ന് മരണപ്പെട്ടത്. ഭൂമിയിൽ പതിക്കാതെ ഭൂമിയുടെ അന്തരീക്ഷത്തിൽ വെച്ച് തന്നെ പൊട്ടിത്തെറിച്ചു പോയ ഒരു ഉൽക്കയാണ് ഈ അത്യുഗ്രമായ സ്ഫോടനത്തിന് ഹേതു എന്ന് കണക്കാക്കപ്പെടുന്നു. അത്കൊണ്ട് ഭൂമിയിൽ ഗർത്തങ്ങളൊന്നും ഉണ്ടായില്ല. ആസ്ട്രോയ്ഡ് ഭൂമിയിലെ സമുദ്രത്തിലാണ് പതിക്കുന്നതെങ്കിൽ വൻ സുനാമിയായിരിക്കും ഫലം.

സൗരയൂഥത്തിൽ ആസ്ട്രോയ്ഡ് ബെൽട്ട് (Asteroid Belt) എന്നറിയപ്പെടുന്ന ഒരു വലയമുണ്ട്. ചൊവ്വ ഗ്രഹത്തിനും അതിഭീമമായ ഗുരുത്വബലമുള്ള ഗ്രഹമായ വ്യാഴത്തിനും ഇടക്കാണ് ആസ്ട്രോയ്ഡ് ബെൽട്ട് സ്ഥിതിചെയ്യുന്നത്. ചൊവ്വക്കും വ്യാഴത്തിനും ഇടയിൽ വെച്ച് തകർന്ന് പോയ ഏതോ ഗ്രഹത്തിന്റെ അവശിഷ്ടങ്ങളും സൗരയൂഥത്തിൽ അലഞ്ഞു നടക്കുന്ന ആസ്ട്രോയ്ഡുകളേയും അപകടകാരികളായ മറ്റു പാറക്കല്ലുകളും ചിന്ന ഗ്രഹങ്ങളും ഈ രണ്ട് ഗ്രഹഭീമന്മാർ തങ്ങളുടെ അത്യുഗ്രമായ ആകർഷണ വലയത്തിൽ പിടിച്ചു നിർത്തിയിരിക്കുകയാണ്. അതുകൊണ്ടാണ് സൂര്യനോടടുത്ത മൂന്നാമത്തെ ഗ്രഹമായി നിൽക്കുന്ന ഭൂമി സുരക്ഷിതമായി നിൽക്കുന്നത്.

വിശുദ്ധ ഖുർആന്റെ പ്രിയപ്പെട്ട വിഷയമാണ് ആസ്ട്രോണമി. ആകാശ പ്രതിഭാസങ്ങളെ പറ്റി നിരവധി ഗഹനമായ സൂചനകൾ നൽകുന്ന വചനങ്ങൾ വിശുദ്ധ ഖുർആനിൽ കാണാം. ഖുർആൻ പറയുന്നു: **'നാം ആകാശത്തെ വിവിധ ശക്തികൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു.'**(51:48) വമ്പിച്ച ആകർഷണ ശക്തി സ്വായത്തമാക്കിയ ഗ്രഹങ്ങൾ സൗരയൂഥത്തിലെ അന്തർ ഭാഗത്ത് ഭൂമിയടക്കമുള്ള ഗോളങ്ങളെ ആസ്ട്രോയ്ഡിന്റെ ഭയാനകമായ ഇടിച്ചിറങ്ങലിൽ നിന്നും രക്ഷിക്കുന്നു എന്ന് ഖുർആൻ പറയുന്നു: **'നാം ആകാശത്തെ സുരക്ഷിതമായ ഒരു മേലാപ്പക്കിയിരിക്കുന്നു. അവരാകട്ടെ അതിന്റെ അടയാളങ്ങളെക്കുറിച്ച് വിമുഖരുമാണ്.'**(21:33) മറ്റൊരു വചനത്തിൽ ഖുർആൻ ഗ്രഹങ്ങളെ ആകാശത്ത് കാവലാക്കിയിരിക്കുന്നു എന്ന യാഥാർത്ഥ്യവും സൂചിപ്പിക്കുന്നു. **'താഴത്തെ ആകാശത്തെ ഗ്രഹങ്ങളാകുന്ന (കവാക്കിബ്) അലങ്കാരം കൊണ്ട് നാം ഭംഗിയാക്കുകയും അതിക്രമകാരിയായ എല്ലാ പിശാചിൽ നിന്നും (ശൈത്താൻ- വഴിതെറ്റിവരുന്ന അപകടകാരി) സുരക്ഷിതവും ആക്കിയിരിക്കുന്നു.'** (37:7,8)

മനുഷ്യകരങ്ങൾക്കതീതമായ ഈ ബ്രഹ്മാണ്ഡ സംവിധാനത്തെക്കുറിച്ച് അല്ലാഹു പറയുന്നു: **'പറയുക ആകാശങ്ങളിലും ഭൂമിയിലും എന്താണ് സംഭവിക്കുന്നതെന്ന് നോക്കൂ. എന്നാൽ സത്യത്തിൽ വിശ്വസിക്കാത്ത ജനതക്ക് ദൃഷ്ടാന്തങ്ങളും മുന്നറിയിപ്പുകളും ഒരു പ്രയോജനവും ചെയ്യില്ല.'**(10: 102) ഭൂഗോളത്തിന്റെ സംരക്ഷണം വാഗ്ദാനം ചെയ്യുന്ന അല്ലാഹു ആകാശത്തെ സുരക്ഷാ വ്യവസ്ഥ താളം തെറ്റുന്ന ഒരു നാളിനെക്കുറിച്ചും പറയുന്നത് ശ്രദ്ധേയമാണ്. ആകാശത്തെ സുരക്ഷിതമായ ഒരു മേലാപ്പാക്കി എന്ന് പറഞ്ഞ വിശുദ്ധ ഖുർആൻ ആകാശം ദുർബലമാക്കപ്പെടുന്ന ദിനത്തെക്കുറിച്ചും പറയുന്നു. ഇത് ഏന്നെങ്കിലും ഒരിക്കൽ ആകാശത്ത് നിന്നും വരുന്ന ഭീമമായ അസ്ട്രോയ്ഡിന്റെയോ ധൂമകേതുവിന്റെയോ പതനത്തെക്കുറിച്ചോ കൂട്ടിയിടിയെ കുറിച്ചോ ആയിരിക്കുമോ? അല്ലാഹു അഅ്‌ലം! ഖുർആൻ പറയുന്നു: **'ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമിപിളർന്ന് പോകുകയും പർവ്വതങ്ങൾ തകർന്ന് വീഴുകയും**

**ചെയ്തേക്കാം. '**(19:91) മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു: **'ഭൂമിയും പർവ്വതവും പൊക്കിയെടുക്കപ്പെടുകയും എന്നിട്ട് അവ രണ്ടും തകർന്ന് തരിപ്പണമാകുകയും ചെയ്യുമ്പോൾ. അന്നാളിൽ സംഭവിക്കാനുള്ളത് സംഭവിക്കുന്നതാണ്. ആകാശം പൊട്ടി പിളരും അത് ആ നാളിൽ ബലഹീനമായിരിക്കും.'**(69: 15-17) **'അതിനാൽ ആകാശം സ്പഷ്ടമായ ഒരു തരം ധൂമത്തെ കൊണ്ടുവരുന്നൊരു നാളിനെ പ്രതീക്ഷിക്കുക. അത് ജനങ്ങളെ മൂടിക്കളയും. ഇത് വേദനാ ജനകമായൊരു ദുരന്തമാണ്.'** (44: 11,12)

ഭൂമിയിൽ സംഭവിക്കാനിരിക്കുന്ന ഭയാനകമായ ഒരു ചിത്രമാണ് ഇവിടെ ഖുർആൻ വരച്ചു കാണിക്കുന്നത്. ആകാശത്ത് ചുറ്റിക്കൊണ്ടിരിക്കുന്ന വാൽ നക്ഷത്രങ്ങളും ഛിന്ന ഗ്രഹങ്ങളും പാറകളും ഉൽക്കകളും തീയമ്പ് പോലെ എപ്പോഴാണ് ഭൂമിലേക്ക് പാഞ്ഞു വരിക എന്നറിയില്ല. ഭൂമിമുഴുവൻ പ്രകമ്പിതമാവുന്ന ആ ഭയാനക ദുരന്തത്തിൽ പർവ്വതങ്ങൾ പൊക്കിയെടുക്കപ്പെടുകയും എടുത്തെറിയപ്പെടുകയും ആട്ടിൻ രോമങ്ങൾ പോലെയാവുകയും ധൂളിക്കപ്പെടുകയും ചെയ്യുന്ന ഊഹാതീതമായ പ്രതിഭാസമായിരിക്കുമത്!!. അല്ലാഹുവിന്റെ വചനത്തിലെ യാഥാർത്ഥ്യത്തെ സംബന്ധിച്ച് പൂർണ്ണ ഗ്രാഹ്യത നമുക്കില്ലെങ്കിലും ഭൂമിയിൽ സംഭവിക്കുന്ന ഈ രംഗം ഭൂമിയിലെ ജീവരാശിതന്നെ അന്യം നിന്നു പോകുന്ന മാരകമായ ആസ്ട്രോയ്ഡിന്റെ കൂട്ടിയിടിക്ക് സമാനമായിട്ടുള്ളതാണ്. അതിനെ സംബന്ധിച്ചാണോ വിശുദ്ധ ഖുർആൻ പറയുന്നത്? അല്ലാഹു അഅ്ലം!! വാനം നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര സമൂഹം ഭൂമിയിലേക്ക് തീയമ്പുകളായി വന്ന് ഭൂമിയെ തന്നെ നശിപ്പിക്കാൻ സാദ്ധ്യതയുള്ള ആസ്ട്രോയ്ഡുകൾ കണ്ട് ഭയവിഹ്വലരായി പറയുന്ന മുന്നറിയിപ്പുകൾ ഖുർആൻ വളരെ മനോഹരമായി ആവിഷ്ക്കരിക്കുന്നത് കാണുക.

**'ജിന്നുകൾ തുടർന്നു: (ജിന്നുകൾ എന്നതിന് ഉന്നതരായ ശാസ്ത്രകാരന്മാർ എന്ന് അർത്ഥം പറയാവുന്നതാണ്) ഞങ്ങൾ ആകാശത്തെ സ്പർശിച്ചു. ആകാശത്തിന്റെ വൃത്താന്തങ്ങൾ അന്വേഷിച്ചു. അപ്പോൾ സുശക്തരായ കാവൽക്കാരെക്കൊണ്ടും തീയമ്പുകളെ കൊണ്ടും അത് നിറഞ്ഞിരിക്കുന്നതായി ഞങ്ങൾ കണ്ടു. അതിലെ ചില ഇരിപ്പിടങ്ങളിൽ ഞങ്ങൾ മുമ്പേ കേൾക്കാനായി ഇരിക്കാറുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വല്ലവനും കേൾക്കാൻ ശ്രമിക്കുന്നതായാൽ തീയമ്പ് അവനെ കാത്തു നിൽക്കുന്നതായി അവൻ കണ്ടെത്തുന്നതാണ്. ഭൂമിയിലുള്ളവർക്ക് വല്ല തിന്മയുമാണോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്? അതല്ല അവരുടെ നാഥൻ അവർക്ക് സന്മാർഗ്ഗം കാണിച്ചുകൊടുക്കാൻ ഉദ്ദേശിച്ചിരിക്കയാണോ എന്ന് ഞങ്ങൾക്ക് മനസ്സിലാവുന്നില്ല. ഞങ്ങളിൽ ചിലർ സദ്വൃത്തരാണ്. ചിലർ അങ്ങനെയല്ലാത്തവരുമുണ്ട്. ഞങ്ങൾ വിവിധ മാർഗ്ഗങ്ങൾ പിൻപറ്റിയിരിക്കുന്നു. ഭൂമിയിൽ അല്ലാഹുവിന്റെ (പദ്ധതി) യെ പരാജയപ്പെടുത്താനോ അവനിൽ നിന്ന് ഓടിരക്ഷപ്പെടാനോ ഞങ്ങൾക്കൊരിക്കലും സാധ്യമല്ലെന്ന് ഞങ്ങൾക്ക് നല്ല വണ്ണം മനസ്സിലായിരിക്കുന്നു.** (72: 9-13)

ഈ ഭയാനകമായ ആകാശ രംഗങ്ങൾ ആധുനിക ബഹിരാകാശ ഉപകരണങ്ങളിലൂടെ നോക്കിക്കാണുകയും ഭൂമിയുടെ ഭാവിയെ പറ്റി ആശങ്കാകുലരാവുകയും ചെയ്യുന്ന ഗോള ശാസ്ത്രജ്ഞന്മാരുടെ വിഹ്വലതകളാണോ ജിന്നുകളുടെ ആശങ്കകളായി ഖുർആൻ ഇവിടെ സൂചിപ്പിക്കുന്നത്?!!. അല്ലാഹു ഭൂവാസികളായ നമ്മെ ഗോളാന്തരീയമായ ഇത്തരം വൻ വിപത്തുകളിൽ നിന്ന് കാത്തു രക്ഷിക്കട്ടെ.


**പേജ് 34 ൽ നിന്ന് തുടർച്ച**

ൻ (അയാൾ നന്നായി ഖുർആൻ ഓതി) എന്നാണ് പറയുക.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പ്രസ്താവിക്കുന്നു: ഉമ്മി എന്ന വാക്കിന് അറബി ഭാഷയിൽ നിരക്ഷരൻ എന്ന അർഥവും ഉണ്ട്. ഉമ്മയുമായി ബന്ധപ്പെട്ട ആൾ എന്നാണ് അതിന്റെ ശരിയായ അർഥം. . അതുകൊണ്ട് അതിൻെറ വിവക്ഷിതാർഥം വിദ്യാഭ്യാസമില്ലാത്തയാൾ എന്നാണ്. കാരണം അയാൾ നവജാത ശിശുവിനെ പോലെ എഴുത്തും വായനയും അറിയാത്ത ആളാണ്. എന്റെ അഭിപ്രായത്തിൽ പരിശുദ്ധൻ എന്നും അതിന് അർഥമുണ്ട്. കാരണം നവജാത ശിശു പരിശുദ്ധ പ്രകൃതിയുള്ള വനായിരിക്കുമല്ലോ? ഈ അർഥങ്ങളിൽ ഹദ്റത്ത് നബി കരിം (സ) പറ്റി ഈ വാക്ക് പ്രയോഗിക്കപ്പെട്ടിരിക്കുന്നു. (തഫ്സീർ കബീർ, വോ 3 പേ 53)

ചുരുക്കത്തിൽ ഹ്ദറത്ത് നബി കരിം (സ) ഒരു നവജാത ശിശുവിനെ പോലെ പരിശുദ്ധനാണ് എന്ന വിശേഷണം ഇവിടെ പ്രകടിതമായിരിക്കുകയാണ്. വിശുദ്ധ ഖുർആന്റെ മേൽ പ്രസ്താവിക്കപ്പെട്ട എല്ലാ തിരു വചനങ്ങളും അദ്ദേഹം എഴുതാനും വായിക്കാനും അറിയാത്ത അക്ഷരജ്ഞാനമില്ലാത്ത ദേഹമായിരുന്നുവെന്നും മനസ്സിലാക്കി തരുന്നു. അങ്ങനെയുള്ള ഒരാളിൽ നിന്ന് വിശുദ്ധ ഖുർആനെ പോലെ സ്ഥലകാലങ്ങൾക്കതീതമായ പരിപൂർണ ജ്ഞാനവും അധ്യാപനങ്ങളുമുള്ള മഹൽ ഗ്രന്ഥം പുറപ്പെടുവിക്കുക എന്നത് വിശുദ്ധ ഖുർആ ന്റെയും ഹദ്റത്ത് നബി കരിം (സ) തിരുമേനിയുടേയും മഹത്വം വിളിച്ചോതുന്ന മഹാത്ഭുതമാണ്. **'നുസൂലുൽ ഖുർആനി മുഅ്ജിസത്തുൻ'** (വിശുദ്ധ ഖുർആന്റെ അവതരണം തന്നെ ഒരു മഹാത്ഭുതമാണ്) എന്ന നബി വചനം ഈ യാഥാർഥ്യം അന്വർഥമാക്കുന്നു.

# ജൽസ സാലാന യു.കെ.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള സമ്മേളനം 53-ാമത് ജൽസ സാലാന യു.കെ. ആഗസ്റ്റ് 2 മുതൽ 4 വരെ യു.കെ. ഹാംഷെയറിലെ ഹദീഖത്തുൽ മഹ്ദിയിൽ നടന്നു. 115 രാജ്യങ്ങളിൽ നിന്നായി 40,000 ത്തോളം പേർ പങ്കെടുത്തു. പരിപാടികളെല്ലാം മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായിലും ഇന്റർനെറ്റിലും ലൈവായി സംപ്രേഷണം ചെയ്യുകയുണ്ടായി.



ജൽസയിലെ മുഖ്യഘടകം ആഗോള ബൈഅത്ത് ആയിരുന്നു. എല്ലാവരും മനുഷ്യചങ്ങല തീർത്ത് തങ്ങളുടെ പ്രിയ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദി (അയ്യദഹു...)ന്റെ കൈയിൽ അനുസരണ പ്രതിജ്ഞ എടുത്തു. ഈ കൊല്ലം 6,68,500 പേർ ജമാഅത്തിൽ ചേർന്നതായും 213 രാജ്യങ്ങളിൽ ജമാഅത്ത് ഉള്ളതായും ആഗോള ബൈഅത്തിന് മുന്നോടിയായി അദ്ദേഹം പറഞ്ഞു.




മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യായുടെ സ്മാർട്ട് ടിവി ആപ്പിന്റെ ഉദ്ഘാടനം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) യു.കെ. ജൽസ സാലാനയോടനുബന്ധിച്ച് നിർവ്വഹിക്കുന്നു.



# പ്രളയ മേഖലകളിൽ സഹായ ഹസ്തവുമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

വ്യാപകമായ പ്രളയവും ഉരുൾപൊട്ടലുകളും ദുരന്തമായ് പെയ്തിറങ്ങിയ മേഖലകളിൽ സഹായ ഹസ്തവുമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ജീവ കാരുണ്യ സംഘടനയായ ഹ്യുമാനിറ്റി ഫസ്റ്റിന്റെ നൂറ്റി അമ്പതോളം സന്നദ്ധപ്രവർത്തകരാണ് സൃഷ്ടി സേവനത്തിനായി മുന്നിട്ടിറങ്ങിയത്. പ്രളയം കൂടുതൽ ദുരിതം വിതച്ച മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, തൃശൂർ ജില്ലകളിലെ ക്യാമ്പുകളിൽ അവശ്യ വസ്തുക്കളെത്തിക്കാനും വീടുകൾ വൃത്തിയാക്കാനും സാധിച്ചു. വിവിധ ജില്ലകളിലെ അമ്പതോളം വീടുകളും 14 കിണറുകളും ശുചീകരിച്ചു. രണ്ട് റോഡുകൾ സഞ്ചാരയോഗ്യമാക്കി. മുന്നൂറോളം ബെഡ് ഷീറ്റുകളും പായകളും ക്യാമ്പുകളിൽ നൽകി. ആയിരത്തോളം വസ്ത്രങ്ങളും അനേകം പച്ചക്കറി കിറ്റുകളും ക്യാമ്പിലെത്തിച്ചു. രാത്രി വളരെ വൈകുവോളം സേവനം ചെയ്ത വിവിധ ജില്ലകളിലെ വോളണ്ടിയർമാർ പെരുന്നാൾ ദിനത്തിലും കർമ നിരതരായി. ഹ്യുമാനിറ്റി ഫസ്റ്റ് ഭാരവാഹികളും കൂടാതെ ജില്ലാ അമീറുമാരും പോഷക സംഘടന ഭാരവാഹികളും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.




അനുസ്മരണം:-

# സി. ജി. അബ്ദുല്ലക്കോയ സാഹിബ്



ലക്ഷദ്വീപ് കൽപ്പേനി ജമാഅത്തിലെ സി.ജി അബ്ദുല്ലക്കോയ സാഹിബ് (79) 30-06-2019ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിയൂൻ. കവരത്തി ജമാഅത്തിലെ സ്ഥാപക പ്രസിഡന്റും കവരത്തി കൽപ്പേനി ജമാഅത്തുകളിൽ ദീർഘകാലം പ്രസിഡന്റായി സേവനമർപ്പിക്കുകയും ചെയ്തു.

**ഭാര്യ**: ബീബി മമ്മോൽ, **മക്കൾ**: അബ്ദുൾ ഹക്കീം, മുഹമ്മദ് നസീർ, അനീസാ ബീബി, ഫായിസാ ബീബി **മരുമക്കൾ**: അനീസ് അബ്ദുർറഹീം, മൻസൂറാ ബീഗം, മുനീറ, ഷഹറലി. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

www.alislam.org

## പ്രളയബാധിത മേഖലകളിൽ ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകർ





















# അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമ



കൂടാളി: ആഗസ്റ്റ് 31 സപ്തംമ്പർ 1 തീയതികളിൽ കൂടാളിയിൽ വെച്ച് നടന്ന അഹ്മദിയ്യാ ജമാഅത്തിന്റെ വയോജന സംഘടനയായ അൻസാറുല്ലായുടെ സംസ്ഥാന സമ്മേളനം വിജയകരമായി സമാപിക്കുകയുണ്ടായി. സമ്മേളനം അൻസാറുല്ലാ ഭാരത് സദറിന്റെ പ്രതിനിധി മൗലവി എഛ്. ശംസുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടത്തിൽ ഖിലാഫത്തിന്റെ നേതൃത്വത്തിന് കീഴിൽ പ്രവർത്തിക്കുന്ന അൻസാറുല്ലായുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് അദ്ദേഹം വിവരിച്ചു. യു. മൻസൂർ അഹ്മദ് സാഹിബ് (നായിബ് സദർ മജ്‌ലിസ് അൻസാറുല്ലാഹ് സൗത്ത് ഇന്ത്യാ) അദ്ധ്യക്ഷത വഹിച്ചു. ജനാബ് റഫീ അഹ്മദ് സാഹിബ് (നാസിം, നോർത്ത് ഇലാഖാ) സ്വാഗതം ഭാഷണം നടത്തി. യോഗത്തിൽ ഭാരത് സദർ സാഹിബിന്റെ സന്ദേശം വായിച്ചു കേൾപ്പിക്കുകയുണ്ടായി. സൗത്ത് ഇലാഖാ നാസിം താജുദ്ദീൻ സാഹിബിന്റെ പ്രസംഗത്തോടെ ഉദ്ഘാടന സമ്മേളനം അവസാനിക്കുകയുണ്ടായി. അഖിലേന്ത്യാ നായിബ് സദർ അമീറുദ്ദീൻ ഖാൻ സാഹിബ്, സി. ശമീം സാഹിബ് എന്നിവർ വേദിയിലുണ്ടായിരുന്നു.

പിന്നീട് കണ്ണൂർ ജില്ലാ നാസിം ടി. ശംസുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് തർബിയ്യത്ത് സമ്മേളനത്തിൽ മൗലവി ശബീർ അഹ്മദ് സാഹിബ് പ്രഭാഷണം നടത്തി. തുടർന്ന് അബ്ദുൾ ബഷീർ സാഹിബിന്റെ നേതൃത്വത്തിൽ പല വൈജ്ഞാനിക - കായിക മത്സരങ്ങളും നടന്നു. ജേതാക്കൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. രാത്രി ക്വിസ് പ്രോഗ്രാം നടക്കുകയുണ്ടായി. രണ്ടാം ദിവസം രാവിലെ ഡോ. സി. സലാഹുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ചർച്ചാ ചോദ്യോത്തര ക്ലാസ്സിൽ മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി ഉസാം അഹ്മദ് സാഹിബ്, ഇ. എച്. നജീബ് സാഹിബ്, എ. എം. മുഹമ്മദ് സലീം സാഹിബ് എന്നിവർ പങ്കെടുത്തു. സദസ്സിൽ നിന്നുണ്ടായ നിരവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകപ്പെട്ടു. അതിന് ശേഷം വ്യക്തികളും സാമ്പത്തിക പ്രതികരണങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. മുസഫർ അഹ്മദ് സാഹിബ് പ്രഭാഷണം നടത്തു. 12 മണിക്ക് കണ്ണൂർ ജില്ലാ അമീർ അസീസ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന യോഗത്തിൽ മൗലവി ശംസുദ്ദീൻ സാഹിബ്, അമീറുദ്ദീൻ ഖാൻ സാഹിബ്, ടി. കെ മഹ്മൂദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

കോരിച്ചൊരിയുന്ന മഴയുണ്ടായിട്ടും കേരളത്തിന്റെ നാനാ ഭാഗത്ത് നിന്നും 900 ത്തോളം അൻസാർ പ്രതിനിധികൾ ആവേശപൂർവ്വം സമ്മേളനത്തിൽ പങ്കെടുത്തു. പ്രളയം കാരണം കഴിഞ്ഞ വർഷം സമ്മേളനം നടത്താൻ സാധിച്ചിരുന്നില്ല. ഇത്തവണയും പ്രതികൂല കാലാവസ്ഥയിലും ഇജ്തിമാ കമ്മിറ്റി ചെയർമാൻ പി. പി. നാസിറുദ്ദീൻ സാഹിബിന്റെ ഊർജ്ജസ്വലമായ നേതൃത്വത്തിൽ കൂടാളി ജമാഅത്തിലെ പ്രവർത്തകരുടെ ദിവസങ്ങളോളമുള്ള തയ്യാറെടുപ്പുകളും കഠിനാദ്ധ്വാനവും സമർപ്പിതസേവനവും സമ്മേളനം വിജയകരമായി തീരാൻ സഹായകരമായി. ഉമർ സാഹിബിന്റെ നേതൃത്വത്തിലുള്ള സമൃദ്ധമായ ഭക്ഷണ വിഭവങ്ങളിലൂടെ പ്രകടമായ വടക്കൻ പാചക കലയുടെ മികവ് സമ്മേളനത്തിന്ന് മാറ്റുകൂട്ടുകയുണ്ടായി.



Published on 7.09.2019
Pages 44
Vol: 91 Issue. 09
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly



MTA INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org